Vol. 3 No. 2 July 2020

ISSN 2582-2594

www.akgct.org

# ACADEMIC RESEARCH AND REVIEW LETTERS

**(A Peer Reviewed, Multi- disciplinary, Bilingual and Biannual Research Journal)**

A Biannual Research Journal

Association of Kerala Government College Teachers

# ACADEMIC RESEARCH AND REVIEW LETTERS

(A Peer Reviewed, Multi- disciplinary, Bilingual and Biannual Research Journal)

Vol. 3 No. 2 July 2020

A Biannual Research Journal

---

**Association of Kerala Government College Teachers**
AKGCT Bhavan, Panavila Jn., Thycaud
Thiruvananthapuram - 695014, Kerala.
Ph: 8848295637, E-mail: akgctresearchjournal@gmail.com
Web: www.akgct.org

**ACADEMIC RESEARCH AND REVIEW LETTERS**
A Peer Reviewed, Multi- disciplinary, Bilingual and Biannual Research Journal

*Published in India by*
Association of Kerala Government College Teachers,
Thiruvananthapuram

Email: akgctresearchjournal@gmail.com

VOL.3 NO. 2 July 2020

ISSN: 2582 - 2594

RNI No. KERMUL/2018/77513

Book design: SJ Communications

[Free and private circulation only]

## Disclaimer

All data, views, opinions etc that are published in this journal are the sole responsibility of the individual authors. Neither the publisher nor the editors are in anyway responsible for them. The author(s) is solely responsible for taking permission from earlier publications for inclusion in their papers. The journal shall not be responsible for any copyright infringements.

**Editorial Correspondence**

All correspondence to the journal should be made to
The Editor, ACADEMIC RESEARCH AND REVIEW LETTERS
AKGCT Bhavan, Panavila Jn., Thycaud
Thiruvananthapuram - 695 014, Kerala.
Ph: 8848295637, E-mail: akgctresearchjournal@gmail.com
Web: www.akgct.org

Printed at: Akshara Offset, Vanchiyoor, Thiruvananthapuram 35, Kerala, India

# Editorial Board

Managing Editor
**Dr. K.K. Damodaran**
*Principal, Government College, Malappuram*

Chief Editor
**Dr. Muhammed Rafeeq T.**
*Associate Professor, Dept. of Islamic History, Govt. College, Malappuram*

Sub Editor
**Dr. Muhamed Basheer K. K.**
*Assistant Professor, Dept. of Malayalam, KKTM Govt. College, Pullut*

Issue Editor
**Dr. Ajaykumar. A. P**
*Assistant Professor, Dept. Zoology, Sree Neelakanta Government Sanskrit College, Pattambi*

Editorial
**Dr. Sandhya S. Nair**
*Assistant Professor, Dept. of Political Science, University College, Thiruvananthapuram*

**Dr. Baiju S.**
*Assistant Professor, Dept. of Mathematics, Govt. College Kariavattom, Thiruvananthapuram*

**Dr. P.K. Sujathan**
*Assistant Professor, Dept. of Economics, Government Victoria College, Palakkad*

**Dr. Sajikumar K.B.**
*Assistant Professor, Dept. of Commerce, Sri. C Achutha Menon Government College, Kuttanelloor, Thrissur.*

Statement about ownership and other particulars about

## ACADEMIC RESEARCH AND REVIEW LETTERS

**Form IV**

| | | | |
|---|---|---|---|
| 1. | Place of publication | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |
| 2. | Periodicity of Publication | : | Half Yearly |
| 3. | Printers Name | : | K. K. DAMODARAN |
| | Nationality | : | Indian |
| | Address | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |
| 4. | Publishers Name | : | K. K. DAMODARAN |
| | Nationality | : | Indian |
| | Address | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |
| 5. | Editor's Name | : | Dr. MUHAMMED RAFEEQ T. |
| | Nationality | : | Indian |
| | Address | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |
| 6. | Name and Address of the<br>Individual who own<br>the Periodical | : | K. K. DAMODARAN |
| | Nationality | : | Indian |
| | Address | : | AKGCT Bhavan, Panavila Jn.,<br>Thiruvananthapuram District<br>695014, Kerala |

I, Dr. K. K. Damodaran hereby declare that the particulars given above are true to the best of my knowledge and belief.

25-07-2020

Sd/-
K. K. DAMODARAN
Publisher

# Editors Note

Dear Readers,

Welcome to the latest issue of the Academic Research and Review Letters, a journal that prides itself on being both multidisciplinary and bilingual, offering a platform for diverse perspectives and scholarly discourses. In this issue, we delve into an array of stimulating topics that span from socio-economic critiques to literary analysis, each article contributing to a rich tapestry of academic inquiry.

Our first article, "Modern Capitalism and the Hegemony of Castes: India's Pursuit for Promoting Decent Work," offers a critical analysis of how modern capitalist structures interact with and influence the traditional caste system in India, particularly in the context of promoting fair and decent working conditions. This piece provides an insightful exploration of the complex socio-economic dynamics at play in one of the world's largest economies.

The second article shifts our focus to the realm of family dynamics, drawing upon the seminal observations of Frederic Angel. This study delves into the intricate interactions within family structures, providing a nuanced understanding of the fundamental social unit and its evolving nature in contemporary society. Moving to the coastal contexts, our third article presents an engaging exploration of the lives of communities living along the shores of Kerala. It paints a vivid picture of how these inhabitants harmoniously blend their existence between sea and land, offering a unique perspective on coastal life and culture. The fourth article takes us into the world of modern literary criticism, dissecting the politics inherent in the works of select contemporary critics. This piece not only critiques these works but also reflects on the broader

implications of political thought in literary analysis. In our fifth article, we dive into the realm of detective fiction, presenting a systematic study of the novels of Sri Moidu Padiyath. This piece not only celebrates the genre but also examines the cultural and narrative complexities within Padiyath's work, offering readers a deeper appreciation of his literary contributions. Lastly, the sixth article addresses the impact of in-service training programs on the delivery and interaction of M.A. Malayalam content in Kerala. It provides an empirical analysis of these programs, evaluating their effectiveness in enhancing educational practices and outcomes.

Each article in this issue stands as a testament to the diverse and rich scholarship that the Academic Research and Review Letters is committed to publishing. We are proud to present this collection of works that not only contribute to their respective fields but also encourage cross-disciplinary dialogues and understanding.

We hope you find these articles as enlightening and thought-provoking as we do.

Sincerely,

**Dr. Muhammed Rafeeq T.**
Chief Editor

**Dr. Ajaykumar A.P.**
Issue Editor

**ACADEMIC RESEARCH AND REVIEW LETTERS**
Vol. 3 No. 2 July 2020

## CONTENTS

**Modern Capitalism and the Hegemony of Caste: India’s Challenges for Promoting Decent Work** 9
Bir Singh

**കുടുംബരൂപങ്ങളും ദായരൂപങ്ങളും – ഫ്രെഡറിക് ഏംഗൽസിന്റെ നിരീക്ഷണങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനം.** 19
ബീന കെ.

**തീരദേശജീവിതം: സംസ്കാരവും സ്വത്വനിർമ്മിതിയും** 25
ധന്യ പി. ഡി.

**ആധുനികതാവാദ നിരൂപണത്തിന്റെ രാഷ്ട്രീയം: തെരഞ്ഞെടുത്ത നിരൂപകരെ ആസ്പദമാക്കിയുള്ള പഠനം** 37
ശ്രുതി. ടി

**മൊയ്തുപടിയത്തിന്റെ കുറ്റാന്വേഷണ നോവലുകൾ** 45
ഫാത്തിമ ആർ. വി.

**എം.എ. മലയാളപഠനവും സേവനകാല  അധ്യാപക പരിശീലനവും** 51
Dr. Muhamed Basheer K. K

# Modern Capitalism and the Hegemony of Caste: India's Challenges for Promoting Decent Work

**Bir Singh**
Associate Professor, Department of Economics,
Delhi College of Arts & Commerce, New Delhi-110023
Email: birsing@gmail.com

**Abstract**

As the caste hierarchy envelops India's labour market, any substantial progress of the decent work agenda can't be imagined without discussing caste contradiction. If capitalism benefitted the working classes of the developed west more than it has done to India, it was attributed to its frontal attack on feudalism in the western Europe.

In India's context, while capitalism has established itself strongly, the feudalism has also become powerful since the economic reforms of early 1990s. The wealth concentration has got accentuated and simultaneously the incidents of caste based discrimination have also multiplied rapidly. Does it mean the forces of Indian capitalism have resisted any progress on promoting decent work by suppressing lower social groups? The narratives of decent work will remain phantom talks only unless the political economy of Indian capitalism is geared towards participation of lower social groups in industrial development.

The low growth of decent jobs-informal jobs and contractual work-reflects upon the lack of willingness among policy makers to transform the production relations and distribution of capital and wealth more equitably. Otherwise, what on earth has stopped them to promote entrepreneurship among the lower social groups? We argue that policy outcomes for decent work in industrial sector won't materialise unless political economy of development is attuned to dismantle the forces of Indian feudalism.

**Keywords:** Capitalism, Caste Hegemony, Decent Work, Informal Jobs, Labour Market

**Acknowledgements:** I am grateful to Prof. Santosh Mehrotra and Prof. Himanshu for their valuable comments and advice.

## 1. Introduction

The notion of decent work in India's respect can't be understood without pitting it against caste hierarchy that is deeply entrenched and much older than the regime of capitalism. It determines inclusion and exclusion of people from all processes and institutions of country: social, economic, and political (Thorat and Newman, 2007). The quality of employment and outcomes of policy interventions in India are determined no less by caste hierarchy than Smith's Invisible hand (Polgreen, 2010). If capitalism benefitted the working classes of the developed west more than it has done to India, it was attributed to its frontal attack on feudalism in the western Europe.

Contrariwise, in India's context, the forces of capitalism have consolidated the tentacles of Indian feudalism that is embedded in the caste hierarchy. Ever since India embraced the economic philosophy of state capitalism through constitutional rights, the society made a huge progress in material gains and access to opportunities in various fields. However,it could not bring about larger equity in distribution of physical resources and defeat the forces of caste driven discrimination. On the contrary, concentration of wealth in the hands of social elite over past many decades exposes the pro-rich political economy of India's development process.

The wealth concentration has accentuated further in the post reforms period and simultaneously the incidents of caste based discrimination have also multiplied rapidly (Sen, 1997; Tonkiss, 2006). Does it mean the forces of Indian capitalism have resisted any progress on promoting decent work by suppressing lower social groups? The narratives of decent work will remain phantom talks only unless the political economy of Indian capitalism is geared towards participation of lower social groups in industrial development and all kinds of caste based discrimination are uprooted by setting up appropriate economic institutions.

The development of India's welfare state since independence was moving this direction although got disrupted as the country embraced the model of market economy from the early 1990s. Economic reforms, the set of policies promoting modern capitalism in India have empowered the capitalists' class and made them politically strong. The private sector has grown diabolic after 2014 as crony capitalism started gobbling up even the state (Patnaik, 2014). Many influential capitalists have virtually looted public institutions and fled the country. The exponential rise of the Adani's Empire in past few years is a testimony to this argument.

On the contrary, the working classes has suffered due to deteriorated work conditions and declining regular employment. Informal jobs and contractual work


ISSN: 2582 - 2594

have risen because of the erosion of the welfare state and absence of long term policy on employment growth. This may be related to the lack of willingness among policy makers to transform the production relations and distribution of capital and wealth more equitably. Otherwise,what on earth has stopped them to promote entrepreneurship among the lower social groups?

Since the largest chunk of the Indian labour force is constituted by these only, such neglect of policy makers may have stemmed from the mindset of caste hierarchy. This interpretation seems plausible given that the industrial policies over the years have not integrated human resources with the transition of industrial development. Why did the policy makers only worked upon the efficiency aspect at the cost of equity resource distribution in the post reforms period?

In the post reforms India, the governments have facilitated the owners of capital and physical wealth (Kaplinsky, 2005). Was there similar policy support rendered to the working class, the subaltern class of Indian society? No, it was not. On the contrary, whatever protection and provision were available were withdrawn on the pretexts of fiscal austerity. We argue that policy outcomes for decent work in the industrial sector won't materialise unless the political economy of capitalism is attuned to dismantle the forces of Indian feudalism.

The rest of the paper is structured into five sections. Section 2,discusses the centrality of caste hierarchy in the Indian labour market. Section 3, describes the transition journey of Indian capitalism and political economy of decent work in India. Section 4, dwells on the lessons that India must learn for promoting decent work. Last section makes concluding remarks and suggest the way forward.

## 2. India's Labour Market and Hegemony of Caste Hierarchy

India's labour market has not grown as per the growth of modern industrialisation that got underway with the inception of economic planning. Had this been so, the share of skilled workforce would have increased as happened the rest of the world (Mehrotra, 2014). In reality, the organic structure of India's labour market was shaped by hegemony of caste hierarchy since middle ages. Thorat and Joshi (2015) argued that the Hindu scriptures barred the lower social groups-the Outcastes-from acquiring education, land and engaging in any business. All physical work is invariably by default allotted to the lower social groups. Even worse people engaged in these occupations were considered impure. The worst of them is human scavenging which deserves little respect and appreciation from the beneficiaries. On the contrary, such work by certain castes is seen as karmic retribution as per

religious texts. Against this backdrop, engaging in the narratives of decent work in Indian context is itself a monumental task.

The ferocity of caste based discrimination is documented in the writings of none other than Dr B R Ambedkar at length and in varieties. In addition, there is a plethora of literature on various dimensions of such discrimination (Moon, 2014). In contemporary India, episodes of caste based hatred and contempt have assumed brutal forms. To recall a few of them: mental torture of Rohit Vemula, suicide by a medical doctor Payal Tadvi, brutal beating of a boy student in a school in Rajasthan over touching water pitcher in recent times vouch for caste hierarchy trauma in public spaces. The casteist slurs on delivery boys of Swiggy and Zomato are enough to calibrate the current of caste based hatred and discrimination even in the regime of capitalism in India.

In the post-fordist era, employment growth is fuelled by digital labour platforms that operate through gig workers. Even as the gig economy has thrived worldwide, it has expanded through policy push for digital marketing. However,such employment is notorious for harsh work conditions, low wages, severe pressure on delivery time, and, in Indian context, it is a new den of casteist folks. Such incidents of casteist slurs are just manifestations of deep social divisions that have trapped Indian society for ages. The victims of caste based hatred happen to come from low income and low social stratum. Even as economic reforms had the thrust to achieve high economic growth and development, the lack of policy for human resources development shows the non-seriousness of the advocates of the market economy model.

There are various challenges for skill formation in India (Sharma and Nagendra, 2016). The skill challenge in India is not just about resource mobilisation only rather a challenge to change the mindset of Indian society. The policy interventions have to transform the organic structure of India's labour market where all kinds of work and not just mental work are respected in public domain. Since social consciousness change take a very long time, Indian capitalism has not made any remarkable progress on this front.

Banerjee and Knight (1985) argues that Indian urban labour market is characterised by caste based discrimination. There were wage differentials in wages given to workers controlling them for caste status. The employers used traditional ways to practise discrimination against the workers belonging to the scheduled castes and tribes. Madheswaran and Attewell (2007) also reinforces that the practice of caste based discrimination is alive and explains about 15 percent wage gap between


ISSN: 2582 - 2594

workers hailing from higher castes and the scheduled castes/tribes in urban labour market. The discrimination SC/ST workers was quite frequent in both public and private sectors although it was graver and larger in the private sector.

The economic reforms period that coincided with the Mandal Commission political conditions have not improved the situation on this front. The fault of India still being a low income country even after seven decades of economic planning lies with the state. The import substitution industrialisation and closed economy model was replaced by market economy model in the early 1990s. The feverish appeal for the neo-liberliasm in the developed countries of UK and USA in 1980s brought about this transformation in the economic thinking. Thanks to it, the public sector got slim, and the state turned lesser welfarist as public services like education and health were largely privatised. There was no major threat to the economic well being of the majority of educated youth and population.

This paradigm shift in economic philosophy couldn't cause tides in society as there were no remarkable disruptions in the socio-politcal environment of the country. Even if the privatisation failed to make the desired progress on socio-economic challenges, public trust did not wane in the institutions of democracy. However, corruption and inefficiency are not the traits of the public sector only, they have thrived in the private sector as well.

The transition in the form of Capitalism from the state capitalism until 1990 to the market fundamentalism thereafter has skipped two most fundamental areas: firstly fostering technical workforce and secondly ensuring dignity of work. It shows that the caste hierarchy has become even more ferocious under the post reforms phase of capitalism in India. Thus, we argue that the working class in India's labour market that invariably represent the lower social groups are subjected to the tyrannies of both capitalism and casteism.

## 3. Transition of Indian Capitalism and Political Economy of Decent Work

India's welfare state was dismantled through policies such as privatisation of public sector undertakings,removing pension schemes in the year 2004, promoting informal jobs, and massive contractualisation of manufacturing sector jobs etc. All this has resulted into a virtual disappearance of regular and permanent jobs in the industrial sector and thereby stopping the process of gradual empowerment of subaltern groups. Thus,decline in decent jobs can't be blamed on the forces of capitalism alone. Rather, the decline is organic and embedded in the morasses of the caste hierarchy that threatens dynamism in all other systems.

However, the national scenario changed profoundly in the past few years particularly after 2014. The country has made a quantum leap towards de-construction of republic and fundamental dis-equilibrium in the economy. It has happened mainly due to irrational and illogical functioning of the state. India can't afford to desert the path of planned economic development (Mehrotra and Acharya, 2017). The preference of certain policy makers for religious dogma over scientific processes of modern industrialisation at this juncture will not contribute to the productive potential of the economy. The state is not taking more interest in silencing questions of the productive forces and working class only to derail the process of economic development.

The forceful suppression of peaceful protests, police brutalities on university students, attacks on liberal ideology, and communalisation of government agencies have collectively undermined public faith in the state. This resembles a very chaotic transition of the economy to neo-conservatism as happened in the USA and UK with few exceptions. The exception relates to the arrogance of the government defacing the political and economic history of the country to establish a certain ideology at the centre of national life.

Neo-conservatism justifies use of police force to tame protesting public (Harvey, 2016). This has become a reality in India too. The rising surveillance and attacks of individual liberty have created an atmosphere of fear in society. The limping walk of judiciary to justify actions of executive in recent past is just an illustration of neo-liberalism. The political shift was used for changing the politico-socio-economic fabric of the country and replacing history with mythology of a particular religion. Certainly, it began to mask its inability to handle economic challenges by boastful talks of astronomical scale. The economic achievements of the past seven decades (1950-2014) were dismissed as wastage of economic resources. However, it was not really so.

The huge network of institutions of democracy, a fairly large banking system, financial markets,educational institutions, public transport, hospitals, judiciary, expanse of social and economic infrastructure does not make us believe so. This list of success stories is not exhaustive though. In addition, peaceful social atmosphere and tenets of truth and justice in democratic institutions were not built up without economic planning of the Nehruvian economics. However, we may disagree on efficiency and equity aspects of public policy interventions. The biggest achievement of government relates to its love of non-violence and indiscrimination rule based on the constitutional provisions.


ISSN: 2582 - 2594

Even if the government succeeds in achieving its political ambitions, opportunity cost in terms of socio-economic disruptions will be astronomical. This will increase contradictions in society and economy. Good governance and civility will remain public virtues for a strong and resilient economy. The ongoing economic de-construction can be reversed by proactive steps of the government towards human development centric models of economic growth. Such a model was indeed the basis of successful economies of East Asia.

India is an outlier among all industrialised and industrialising countries compared to the East Asian region, China, South Korea, Taiwan, and Hongkong etc. These countries grew economically and industrially all because of policies of development. Instead of dismantling institutions of governance, weakening public education system, corporatisation of healthcare,and selling off public sector enterprises (profit making ones) across the board, all policy focus must be laid on enhancing productive capacity of the economy and human capital formation. However, strong government commitment to boost fundamental strength of the economy is not visible in recent past.

The neglect of human development and manufacturing sector growth speaks volume for it. On the contrary, government has set in a phase of dis-equilibrium through policy changes such as winding up of planning commission, demonetisation, and goods and services tax (GST), in the name of building a new India, which has disturbed growth momentum and processes of re-distributive justice. Not just that de-construction of nation and society brought on anvil by way of several threats to institutions of democracy. The weakening of the secular fabric of democracy-legislature, executive, and judiciary-doesn't augur well for smooth functioning of economic systems and growth.

The growing capital intensity and digital interfaces have enabled corporate growth and thereby India's labour market has become extremely flexible. The services sector that uses digital interfaces get market the moment people tap their smart phones. There are many such digital platforms available that generate business. However, they don't address the issues of social inclusion for informal workers and rising incidents of caste based prejudices. We argue that appropriate regulatory mechanisms must be put up to ensure that dignity of work is upheld.

### 4. Global Production System and Decent Work: Lessons for India

India's welfare state has worked for the poor through poverty alleviation programmes although at snail's pace due to shortsighted economic planning for

human development. In retrospect,we observe that most of these programmes focused on either short term concerns or they were at best populist schemes. The core issues like human capital formation and economic inclusion did not get the adequate policy attention unlike the policy augmented human capital formation of the East Asian countries. This neglect of human development on a mass scale gave way to the communal forces to exploit an army of illiterates for their communal politics.

The ongoing orgy of communalism over the past few years in the country is a testimony to it. Eventually, the country is being pushed into a quagmire of incapability and helplessness. India's failure on social and economic challenges thus is a variant of its political failure. It's consequences will be disastrous. The policy shift of the early 1990s was much obsessed with the notion of market efficiency to correct shortcomings of the resource redistribution through welfare state mechanisms. In the praise of privatisation, the storms of communal clashes have become unbridled due to paralysed democratic institutions.

Economic development can be enhanced if human development and productive capacity is achieved. Even though India attained higher economic development since independance, it lagged behind the East Asian region. Human development boosts total factor productivity of the economy.

This has been exemplified by the countries of the East Asian region. Unlike the western Europe, their economic had resulted from the proper utilisation of human resources. The low skill endowment in the poor youth constrained them to get employment in formal sector and the economic mainstream. In other words, the economy couldn't benefit from the demographic dividend for economic growth, carry out structural transformation, and achieve high level of economic development.

The journey of economic development, in a broader sense, will take a fairly long time in India. In the past seven decades since independence, despite all policy experiments for modernisation, human development has not percolated sufficiently to the grassroots of the society. However, the solid economic base of the country was developed by the process of economic planning. This base comprises institutions of public health and education, economic infrastructure, banking system, and other constitutional institutions. Hence, the policy makers must learn a few lessons from the developed world.

First and foremost,the biggest challenge for promoting decent work relates to changing the social consciousness of Indian society that takes caste based


ISSN: 2582 - 2594

discrimination and humiliation as normal. Any talks of dignity of human life and work are not work discussion. The constitutional provisions for dignity of work have not still percolated down in the awareness of the common psyche.

Secondly,the political stability is one of the most fundamental conditions for ensuring smooth functioning of economic institutions (Dreze and Sen, 2002). In the age of modern capitalism,any state has to provide assurance to the foreign investors for the protection of their invested money. The market forces can't run in absence of legal protection and the rule of law. The communal clashes erupting in different parts of the country will undermine investors' confidence in the local economy.

Thirdly, the growth of decent work in India calls for correcting the political economy of development. Given the gross inequalities in the distribution of land, industrial capital, wealth, and income cross classes and social groups, there is an urgency on part of the policy makers to attune the political landscape towards distributive justice.

Last but not the least, a decent work agenda in the Indian context calls for addressing the issues of political economy across social groups.

## 5. The Way Forward

The notion of decent work is far more complex to discuss and daring to resolve in the Indian context. Deeply entrenched as it is in the social hierarchy,it is regulated by the forces of caste hegemony. Trying to resolve it using concepts and terminologies of capitalism can't be an effective approach. The journey of Indian capitalism has not given much attention in this direction. On the contrary, it has confounded the political economy of development as wealth concentration has increased in the hands of too few capitalists' forces.

India's labour market has grown organically without much relevance to the growth of modern industrialisation. The market is under heavy influence of feudalism as highlighted by the existing literature. The economic reforms of early 1990s couldn't suggest or do any improvement in the social structure for the benefit of lower social groups that supply labour in India. The transition in Indian capitalism towards market economy model has further eroded the volume of decent work.

The post-Fordist changes in the global production system necessitated the growth of decent work in India although it is a challenging task. Unless the issues of political economy across social groups are addressed, modern capitalism will continue to derail the agenda of decent work in India.

## References


Banerjee, B. and J. B. Knight (1985). Caste discrimination in the Indian urban labour market. Journal of development Economics 17(3), 277–307.

Dreze, J. and A. Sen (2002). India: Development and participation. Oxford University Press, USA.

Harvey, D. (2016). Neoliberalism is a political project. Jacobin Magazine.

Kaplinsky, R. (2005). Globalization, inequality, and poverty: Between a rock and a hard place. Cambridge, UK: Polity.

Madheswaran, S. and P. Attewell (2007). Caste discrimination in the Indian urban labour market: Evidence from the national sample survey. Economic and political Weekly, 4146–4153.

Mehrotra, S. (2014). India's Skills Challenge: Reforming Vocational Education and Training to Harness the Demographic Dividend. Oxford University Press.

Mehrotra, S. and S. Acharya (2017). Planning for human development-experiences in Asia. pp. 1607–1631.

Moon, V. (2014). Dr Babasaheb Ambedkar writings and speeches.

Patnaik, P. (2014, July). Capitalism, Inequality, and Globalization: Thomas Piketty's Capital in the Twenty-First Century. International Journal of Political Economy 43(3), 55–69.

Polgreen, L. (2010). Business class rises in ashes of caste system.

Sen, A. K. (1997). From income inequality to economic inequality. Southern Economic Journal 64(2), 384–401.

Sharma, L. and A. Nagendra (2016). Skill development in India: Challenges and opportunities. Indian Journal of Science and Technology 9(48), 1–8.

Thorat, A. and O. Joshi (2015). The continuing practice of untouchability in India: Pat terns and mitigating influences. India Human Development Study Working Paper 3.

Thorat, S. and K. S. Newman (2007). Caste and economic discrimination: Causes, con sequences and remedies. Economic and Political Weekly, 4121–4124.

Tonkiss, F. (2006). Contemporary economic sociology: globalization, production, in equality. Routledge.




ISSN: 2582 - 2594

# കുടുംബരൂപങ്ങളും ദായരൂപങ്ങളും - ഫ്രെഡറിക് ഏംഗൽസിന്റെ നിരീക്ഷണങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനം.

**ബീന കെ.**
അസിസ്റ്റൻറ് പ്രൊഫസർ
മലയാള വിഭാഗം
ഗവ. കോളേജ്, നാട്ടകം, കോട്ടയം
beenaanil9@gmail.com

**സംഗ്രഹം**

മാനവസമുദായത്തിൽ വ്യത്യസ്ത കാലങ്ങളിൽ നിലനിന്ന കുടുംബരൂപങ്ങളും സ്വകാര്യ സ്വത്തധികാര വ്യവസ്ഥയോടൊപ്പം രൂപംകൊണ്ട ദായരൂപങ്ങളും എപ്ര കാരം പരസ്പരബന്ധിതവും പരസ്പരപൂരകവുമാക്കപ്പെട്ടിരുന്ന എന്ന അന്വേഷണമാണ് പ്രബന്ധം. വ്യത്യസ്ത ദായരൂപങ്ങളേയും കുടുംബരൂപങ്ങളേയും പഠനവിധേയമാക്കുന്നു. കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉല്പ്പത്തിയെപ്പറ്റിയുള്ള ഏംഗ ൽസിന്റെ നിലപാടുകളെ വിശകലനം ചെയ്യുന്നു. അതോടൊപ്പം ആധുനികദശയിലെ ഏകദാമ്പത്യത്തേയും സ്വത്തധികാരവ്യവസ്ഥയേയും ഏംഗൽസിന്റെ സോഷ്യലിസ്റ്റ് സിദ്ധാന്തങ്ങളുടെ പിൻബലത്തിൽ പരിശോധിക്കുന്നു. അന്തര്വൈജ്ഞാനികപഠനത്തി ന്റെ രീതിശാസ്ത്രമാണ് പഠനത്തിനു പയോഗിച്ചിട്ടുള്ളത്. സാംസ്കാരിക വിശകലനത്തി ന്റേയും നരവംശശാസ്ത്രത്തിന്റേയും സൈദ്ധാന്തികതലങ്ങളെ ആശയരൂപീകരണത്തിനും പഠനത്തിനുമായി സ്വീകരിച്ചിരിക്കുന്നു.

**താക്കോൽ വാക്കുകൾ :** ദായരൂപങ്ങൾ, കുടുംബക്രമം, സ്വത്തധികാരവ്യവസ്ഥ, ദത്ത സ്വത്വം, ആർജ്ജിതസ്വത്വം, ബൂർഷ്വാ ഏകദാമ്പത്യം.

സാമ്പത്തിക വിനിമയവും അധികാരഘടനയും രൂപപ്പെടുന്നത് കുടുംബം എന്ന കൃത്രിമ സംവിധാനവുമായി ബന്ധപ്പെട്ടാണ്. അതുകൊണ്ടുതന്നെയാണ് വ്യത്യസ്ത ദായരൂപങ്ങൾ പ്രസ ക്തമായിത്തീരുന്നതും. സ്വകാര്യസ്വത്തധികാര വ്യവസ്ഥയോടൊപ്പമാണ് വ്യത്യസ്ത ദായക്രമ ങ്ങൾ മാനവചരിത്രത്തിൽ സ്ഥായിത്വം നേടിയത്. സാമ്പത്തികാധികാര വിനിമയത്തിനപ്പുറം

അത് രക്തബന്ധുത്വത്തെ ഉറപ്പിക്കുന്നു. കുടുംബം എന്ന സംവിധാനത്തെ നിലനിർത്തുന്നതിൽ നിർണ്ണായകഘടകമായി പ്രവർത്തിക്കുകയും ചെയ്യുന്നു. സ്വകാര്യസ്വത്ത്, സാമൂഹ്യോല്പാദന ബന്ധത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമാകുമ്പോൾ രക്തബന്ധുത്വത്തെ നിർണ്ണയിക്കുന്ന കുടുംബസംവിധാനം പ്രത്യുല്പാദനബന്ധങ്ങളാലാണ് രൂപീകൃതമാകുന്നത്. ഇവയെ പരസ്പരം ബന്ധിപ്പിക്കുകയും പൂരിപ്പിക്കുകയും ചെയ്യുന്ന ഒരു സാമൂഹിക സങ്കല്പനം എന്ന നിലയിലും ദായക്രമങ്ങൾക്ക് സാമൂഹിക ഘടനയിൽ നിർണ്ണായക സ്ഥാനം ലഭിക്കുന്നു.

കുടുംബരൂപപരിണാമചരിത്രത്തെ സോഷ്യലിസ്റ്റ് വീക്ഷണത്തിലൂടെ വിശദീകരിക്കാന് ആണ് ഏംഗൽസ് ശ്രമിച്ചത്. സാമ്പത്തികാടിത്തറകൾക്കുമേൽ കെട്ടിപ്പൊക്കപ്പെടുന്നവയാണ് സാമൂഹികസ്ഥാപനങ്ങൾ എന്ന സോഷ്യലിസ്റ്റ് സിദ്ധാന്തത്തിന്റെ പ്രയോഗരൂപമായിരുന്നു ഏംഗല്സിനെ സംബന്ധിച്ച് കുടുംബം എന്നത്. ഏകദാമ്പത്യം എന്നതും സ്വകാര്യസ്വത്തധികാരത്തോടൊപ്പം രൂപംകൊണ്ട സാമൂഹികസ്ഥാപനമാണ് എന്ന് അദ്ദേഹം വിശദീകരിക്കുന്നു. സ്വകാര്യസ്വത്തിന്റെ ഉല്പ്പത്തി, അതിന്റെ കൈമാറ്റവുമായി ബന്ധപ്പെട്ട സംഘർഷങ്ങൾ, എന്നിവയുമായി ബന്ധപ്പെട്ടാണ് ദായക്രമങ്ങൾ മാനവചരിത്രത്തിൽ പ്രതിഷ്ഠിതമായിട്ടുള്ളത്. നരവംശ ശാസ്ത്രപഠനങ്ങളിലും, സാംസ്കാരിക വിശകലനങ്ങളിലും ദായക്രമങ്ങളുടെ സൈദ്ധാന്തിക തലങ്ങൾ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. ഫ്രെഡറിക് ഏംഗൽസ്, സിഗ്മണ്ട് ഫ്രോയിഡ്, ബർട്രാണ്ട് റസ്സൽ എന്നിവർ കുടുംബരൂപീകരണത്തേയും അതിന്റെ വികാസപരിണാമങ്ങളേയും കുറിച്ചുള്ള ആശയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം, എന്നിവയുടെ ഉല്പ്പത്തിയെക്കുറിച്ചുള്ള നിഗമനങ്ങളിൽ ഏംഗൽസ് എത്തിച്ചേരുന്നത് നരവംശ ശാസ്ത്രജ്ഞരായ ബാഖോഫൻ, മോർഗൻ, മക്ലെന്നൻ എന്നിവരുടെ നിരീക്ഷണങ്ങളെ വിശകലനം ചെയ്തുകൊണ്ടാണ്. അരാജകാവസ്ഥയിലായിരുന്ന ലൈംഗികജീവിതത്തിൽ പിതൃനിർണ്ണയം അസാധ്യമായിത്തീർന്ന ഘട്ടത്തിലാണ് പെൺവഴിദായം (മാതൃദായം) നിശ്ചയിക്കപ്പെട്ടതെന്നും സ്ത്രീ ഭരിക്കുന്നവളും ആദരണീയയുമായിത്തീർന്നതെന്നുമാണ് ബാഖോഫൻ വിശദീകരിക്കുന്നത്. എന്നാൽ സഗോത്രത്തിൽ നിന്ന് വിവാഹം കഴിക്കുന്ന സഗോത്ര വിവാഹികളുടേയും അന്യഗോത്രത്തിൽ നിന്ന് വിവാഹം കഴിക്കുന്ന വിഗോത്ര വിവാഹികളുടേയും സമൂഹങ്ങൾ പ്രാചീനകാലത്ത് ഉണ്ടായിരുന്നുവെന്നും ഇരു സമൂഹങ്ങളും വിരുദ്ധങ്ങളായിരുന്നുവെന്നും മക്ലെന്നൻ വിശദീകരിക്കുന്നു[1]. മൃഗാവസ്ഥയിൽ നിന്ന് മനുഷ്യാവസ്ഥയിലേക്കുള്ള പരിവർത്തനഘട്ടത്തെ കിരാതാവസ്ഥ, അപരിഷ്കൃതാവസ്ഥ, സഭ്യാവസ്ഥ എന്നിങ്ങനെ തിരിച്ചാണ് മോർഗൻ പഠനം നടത്തുന്നത്. മനുഷ്യചരിത്രത്തിലുണ്ടായ ക്രമാനുഗതമായ വികാസങ്ങളെ മോർഗൻ വിശദീകരിക്കുന്നു. മോർഗന്റെ കണ്ടെത്തലുകളെ മുൻനിർത്തി മക്ലെന്നന്റെ നിലപാടുകളെ ഏംഗൽസ് തള്ളിക്കളയുന്നു.

ഗോത്രഘടനയിൽ പ്രാരംഭകാലത്ത് നിലനിന്ന ലൈംഗിക അരാജകത്വത്തിന്റെ പ്രാകൃത ദശയിൽ നിന്ന് പരിഷ്കൃത കുടുംബഘടനയിലേക്കുള്ള പരിവർത്തന ദശയിൽ രൂപപ്പെട്ട കുടുംബരൂപങ്ങളിൽ ആദ്യത്തേതാണ് സപിണ്ഡകുടുംബം. തുടർന്ന് പുനലുവൻ കുടുംബം, യുഗ്മകുടുംബം, ഏകദാമ്പത്യം, എന്നിങ്ങനെ കുടുംബഘടന പരിഷ്കൃതമാകുകയും ആധുനിക ദശയിലേയ്ക്ക് കടക്കുകയും ചെയ്തു. പുനലുവൻ കുടുംബത്തിലെ പറ്റലൈംഗിക വ്യവസ്ഥയിൽ പിതൃനിർണ്ണയം സാധ്യമാകാതിരിക്കുകയും അമ്മവഴി മാത്രം കുലനിർണ്ണയം സാധ്യമാകുകയും ചെയ്ത അപരി

 ISSN: 2582 - 2594

ഷ്ഠതഘട്ടത്തിലാണ് മാതൃദായം രൂപപ്പെട്ടതെന്ന് ഏംഗൽസ് നിരീക്ഷിക്കുന്നു. മാനവസമൂഹം യുഗ്മകുടുംബത്തിലേയ്ക്ക് കടക്കുമ്പോഴാണ് സ്വരക്തരതി ബന്ധത്തിന് വിലക്ക് കടന്നുവരുന്നത്. ഇതിനെ അടിസ്ഥാനമാക്കിയാണ് ഏകദാമ്പത്യത്തിന്റെ ഉല്പ്പത്തിയിൽ വ്യക്തിഗത ലൈംഗിക പ്രണയം കാരണമായിട്ടില്ല എന്ന് ഏംഗൽസ് അഭിപ്രായപ്പെടുന്നത്.[2]

കാർഷികവൃത്തിയും പശുപരിപാലനവും വ്യാപകമാകുന്നതോടെയാണ് മാനവസമുദായത്തിൽ സ്വകാര്യസ്വത്ത് ആവിർഭവിക്കുന്നത്. പ്രവൃത്തിവിഭജനം സ്ത്രീയെ ഗൃഹത്തിൽ തളച്ചിടുകയും പുരുഷൻ സ്വത്തധികാരിയായിത്തീരുകയും ചെയ്തു. പുനലൂവൻ കുടുംബത്തിൽ നിന്ന് യുഗ്മകുടുംബത്തിലേക്കെത്തുമ്പോഴുള്ള ദായക്രമപരിണാമത്തെ ഏംഗൽസ് ഇങ്ങനെ വിവരിക്കുന്നു[3] മാതൃപ്രാമാണ്യ വ്യവസ്ഥയിൽ തറവാട്ടിലെ ഒരംഗം മരിച്ചാൽ അയാളുടെ സ്വത്ത് മറ്റെല്ലാ അംഗങ്ങളും കൂടി പങ്കിട്ടെടുക്കുന്നതായിരുന്നു രീതി. സ്വത്ത് തറവാട്ടിൽ നിന്ന് പുറത്ത് പൊയ്ക്കൂടാ എന്നർത്ഥം. കന്നുകാലിയുള്ള പുരുഷന്റെ സ്വത്ത് സഹോദരികൾക്കും പുത്രന്മാർക്കുമായി. മക്കൾക്ക് സ്വത്ത് ലഭ്യമായിരുന്നില്ല. സ്വത്ത് വർദ്ധിച്ചതോടെ പുരുഷന് കുടുംബത്തിൽ സ്ത്രീയേക്കാൾ പ്രാധാന്യം ഏറിത്തുടങ്ങി. ആ പ്രാധാന്യമുപയോഗിച്ച് സ്വരക്ത സന്തതിക്ക് പിന്തുടർച്ച നേടാൻ പുരുഷൻ പരിശ്രമിച്ചു. ആണുങ്ങളുടെ മക്കൾ അച്ഛൻ തറവാട്ടിലേക്ക് ചേരണം എന്ന തീരുമാനമായിരുന്നു പിതൃപ്രമാണ്യ വ്യവസ്ഥയ്ക്ക് അടിത്തറയിട്ടത്. മാതൃപ്രാമാണ്യത്തിന്റെ ഈ അട്ടിമറിയെ "സ്ത്രീ വർഗ്ഗത്തിന്റെ ചരിത്രപ്രധാനമായ പരാജയം" എന്നാണ് ഏംഗൽസ് വിളിക്കുന്നത്[4]. ഇതോടെ സ്ത്രീ കാമപൂരണത്തിനും സന്താനോല്പ്പാദനത്തിനുമുള്ള ഉപകരണം മാത്രമായി. റോമാക്കാരുടെ 'familus' എന്ന പദത്തിന് 'തറവാട്ടടിമ' എന്ന അർത്ഥമാണുള്ളത് എന്നും ഏംഗൽസ് വ്യക്തമാക്കുന്നുണ്ട്. ഭാര്യയുടെ പാതിവ്രത്യം ഭദ്രമാക്കുന്നതിന് അവളെ ചൊൽപ്പടിയിലാക്കുന്ന രീതിയായിരുന്നു 'കാരണവ കുടുംബ'ത്തിന്റേത്. വ്യക്തിഗത ലൈംഗികപ്രണയത്താല്ല ഏകദാമ്പത്യം മാനവചരിത്രത്തിൽ ഉല്പ്പന്നമായത് എന്ന് സിദ്ധാന്തിക്കാനാണ് ഏംഗൽസ് മോർഗന്റെ വിവരണങ്ങളെ അതിദീർഘമായി തന്റെ ഗ്രന്ഥത്തിൽ ഉപയോഗിക്കുന്നത്. സ്വകാര്യ സ്വത്തധികാര വ്യവസ്ഥയുടെ ഉല്പ്പത്തിയും സ്വരക്തസന്തതിയെ ഉറപ്പിച്ചുകൊണ്ട് അത് കൈമാറാനുള്ള സമ്പ്രദായവും അതായിരുന്നു ഏംഗൽസിനെ സംബന്ധിച്ച് ഏകദാമ്പത്യത്തിന്റെ കാരണം. സ്ത്രീയാകട്ടെ സ്വകാര്യസ്വത്തിനോടൊപ്പം പൂട്ടിവയ്ക്കപ്പെട്ടവളും വ്യക്തിയെന്ന നിലയിൽ അവഗണിക്കപ്പെട്ടവളുമായിത്തീരുന്നു.

ഭാരതീയ സംസ്കാരത്തിലെ പിതൃദായത്തിന് രാമായണവും ഭാരതവും തെളിവുകൾ നല്കുന്നുണ്ട്. മാതൃദായത്തിന്റെ അവശേഷിപ്പുകളും അവയിൽ കാണാനാകും. മനുസ്മൃതി വിവരിക്കുന്ന വിവാഹ പ്രകാരങ്ങൾ (രാക്ഷസം, ഗാന്ധർവ്വം, ആസുരം, പ്രജാപത്യം, ആർഷം, പൈശാചം, ദൈവം, ബ്രാഹ്മം) എല്ലാം തന്നെ പുരുഷാധികാരം ഉൾക്കൊള്ളുന്നു. മാത്രമല്ല പുത്രലാഭത്തിനാണ് യാഗം നടത്തിയിരുന്നത്. പുത്രിയെ ലഭിക്കാനായിരുന്നില്ല വിവാഹം സന്തത്യുല്പാദനം മാത്രമായി ചുരുങ്ങിയെന്ന് മാത്രമല്ല അത് ആചാരബന്ധവും ക്രൂരവും യാന്ത്രികവുമായി മാറിയിരുന്നു. ഏകദാമ്പത്യം എന്നത് സ്വകാര്യസ്വത്തധികാരത്തോടൊപ്പം രൂപംകൊണ്ട സാമൂഹിക സ്ഥാപനമാണ് എന്ന് ഏംഗൽസ് ഉറപ്പിച്ച് പറയുന്നു. കൂടാതെ സ്വകാര്യ സ്വത്തവകാശത്തിന് പ്രസക്തിയില്ലാത്ത തൊഴിലാളിവർഗ്ഗകുടുംബങ്ങളിൽ മാത്രമേ വ്യക്തിഗത ലൈംഗികപ്രണയം സാധ്യമാകുന്നുള്ളൂ എന്നും ഏംഗൽസ് രേഖപ്പെടുത്തുന്നു[5] സ്ത്രീപുരുഷന്മാർ

പരസ്പരം തെരഞ്ഞെടുക്കുന്ന ഘട്ടത്തോടൊപ്പം പരസ്പരം നിഷേധിക്കുകയും ചെയ്യുന്നഘട്ടം ലൈംഗിക വിലക്കുകളുടേതാണ്. സ്വരക്തസന്തതികളുമായുള്ള ലൈംഗികവിലക്കുകളിലൂടെ യാണ് സ്ത്രീപുരുഷന്മാർക്ക് നൂതനവ്യക്തിത്വം കൈവരുന്നതും പിതാവ്, മാതാവ്, മകൻ, മകൾ എന്നീ സ്വത്വരൂപം ആർജ്ജിക്കാൻ കഴിയുന്നതും. കേവലമനുഷ്യനിൽ നിന്ന് സർഗ്ഗാത്മക സ്വത്വത്തിലേക്കുള്ള മാനവപരിണാമമാണിത്. ദീർഘകാലങ്ങളിലായി സംഭവിച്ച പരിണാ മങ്ങളിലൂടെയാണ്. ഏക ദാമ്പത്യത്തിലേക്ക് മനുഷ്യർ എത്തിച്ചേരുന്നത്.

ഏകദാമ്പത്യ രൂപീകരണത്തിന് പരിഗണിക്കേണ്ട മറ്റൊരു ഘടകമാണ്. മനുഷ്യൻ സ്വ തന്ത്രവ്യക്തിയായി തീരാനുള്ള അഭിലാഷം. ഒറ്റവ്യക്തികൾ ആവശ്യങ്ങളെ പൂർത്തീകരിക്കാൻ കഴിയാത്ത അസ്വതന്ത്രരാണെന്നും പരസ്പരം സഹകരിക്കുമ്പോഴാണ് ആവശ്യങ്ങളെ തിരിച്ചറി യുകയും പൂരിപ്പിക്കുകയും ചെയ്തുകൊണ്ട് സ്വതന്ത്രരാകുന്നത് എന്നും ക്രിസ്റ്റഫർ കാഡ്വൽ[6] എഴുതു ന്നു. സ്ത്രീ പുരുഷന്മാർക്ക് നീതിയുക്തമായ ലൈംഗികക്രമത്തെ നിർമ്മിക്കുവാൻ ഏകദാമ്പത്യം കാരണമാകുന്നു. അതുകൊണ്ടാണ് സ്വത്തധികാരത്തിന്റെ ഉല്പന്നമാകുമ്പോൾ പോലും ഏകദാ മ്പത്യം ചരിത്രപരമായ പുരോഗതിയാണെന്ന് ഏംഗൽസ് എഴുതുന്നത്. സ്ത്രീപുരുഷ വ്യക്തികൾ തുല്യനിലയിൽ സ്വതന്ത്രരാകുന്ന ഏകദാമ്പത്യത്തെ തൊഴിലാളിവർഗ്ഗത്തോടൊപ്പം ഏംഗൽസ് അഭിദർശിക്കുകയും ചെയ്യുന്നു. ആധുനിക കുടുംബസംവിധാനവും സ്വകാര്യസ്വത്ത ധികാരവും പരസ്പരബന്ധിതമാണ്. അതിനാൽ ദായരൂപങ്ങൾ അനിവാര്യമായിത്തീരുന്നു. മിച്ചമൂല്യമായി ത്തീരുന്ന സ്വകാര്യസ്വത്താണ് ദായത്തിന്റെ മൂർത്തരൂപം എങ്കിലും ചരിത്രത്തിൽ ദായത്തിന് ഭിന്നരൂപങ്ങളുണ്ട്. ഭൂമി, ഉല്പാദനോപകരണങ്ങൾ, ജാത്യാചാരങ്ങൾ, അധികാരസ്ഥാപനങ്ങൾ, അവകാശങ്ങൾ എല്ലാം ആധുനിക കുടുംബവ്യവസ്ഥയിലും ദായരൂപങ്ങളായി നിലനില്ക്കുന്നു. മാത്രമല്ല ഇവയെല്ലാം വർഗ്ഗപരമോ ലിംഗപരമോ വംശപരമോ ആയ അധികാരവ്യവസ്ഥകളാൽ നിർണ്ണയിക്കപ്പെടുന്നു. മാതൃദായക്രമവും പിതൃദായക്രമവുമാണ് പ്രധാന വിഭജനങ്ങളെങ്കിലും ഭിന്നങ്ങളായ ദായക്രമങ്ങൾ വിവിധ സമുദായങ്ങളിൽ കണ്ടുവരുന്നു. ഉഭയദായം, ഏകദായം, സങ്കീർണ്ണദായം എന്നിങ്ങനെ. അച്ഛനമ്മമാർക്ക് ദായക്രമത്തിൽ തുല്യപ്രാധാന്യം കല്പിക്കുന്ന ഉഭയദായത്തെയാണ് ആധുനികനിയമങ്ങൾ പ്രോത്സാഹിപ്പിക്കുന്നതെന്ന് കെ.ടി. രവിവർമ്മ ചൂണ്ടിക്കാണിക്കുന്നുണ്ട്[7].

മാതാപിതാക്കൾ വ്യത്യസ്തപാരമ്പര്യമുള്ളവരാകുമ്പോൾ മക്കൾ അവരിലൊരാളുടെ പാര മ്പര്യത്തെ അംഗീകരിക്കുന്നതാണ് ഏകദായം. മാതൃദായവും പിതൃദായവും ഏകദായത്തിന്റെ വിഭാഗങ്ങളാണ്. മാതൃദായത്തിൽ വംശത്വം, ബന്ധുത്വം, സ്വത്ത് എന്നിവ മാതൃവഴിയാണ് കൈമാറുന്നത്. മാതൃദായത്തിന്റെ ഒരു വിഭാഗം മാത്രമാണ് മരുമക്കത്തായം. പിതൃദായത്തി ൽ മക്കൾ അനന്തരാവകാശികളാകുമ്പോൾ മരുമക്കത്തായത്തിൽ സഹോദരിമാരുടെ മക്കൾ (മരുമക്കൾ) അനന്തരാവകാശികളായിത്തീരുന്നു. ഇരു കുടുംബക്രമത്തിലും പുരുഷന്മാർ സ്ത്രീ കളെ വരുതിയിൽ നിർത്തുന്നു. ഈയർത്ഥത്തിൽ മരുമക്കത്തായവും പുരുഷകേന്ദ്രിതമാണ്. സ്വത്തിന്റെ കൈമാറ്റവും അവകാശവും മാത്രം സത്രീ വഴി നിശ്ചയിക്കപ്പെടുകയും അധികാരി പുരുഷനായിരിക്കുകയും ചെയ്യുന്നു. മരുമക്കത്തായം രക്തബന്ധുത്വത്തിന് ഉറപ്പും പ്രാമുഖ്യം നല്കുന്നു. മുറപ്പെണ്ണിനെ വിവാഹം കഴിക്കുന്ന രീതിയാകട്ടെ സ്വരക്തരതി വിവാഹമാണ്. സ്വ ത്തിന്റെ വിനിമയം മറ്റ്കുടുംബങ്ങളിലേക്കാതിരിക്കാനുള്ള ഉപാധിയായും ഇത് പ്രവർത്തിച്ചു.


ISSN: 2582 - 2594

ആധുനികനാഗരികതയിൽ മാതൃദായം തീർത്തും ഇല്ലാതായിട്ടും പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യം വരെ കേരളത്തിലെ ജനസംഖ്യയിലെ പകുതിപ്പേരും മാതൃദായം പിന്തുടരുന്നവരായിരുന്നു. മലയാളബ്രാഹ്മണർ, തമിഴ്ബ്രാഹ്മണർ, നായർ, ഈഴവ, നഞ്ചനാട്, വെള്ളാള എന്നീ സമുദായങ്ങൾ തിരുവിതാംകൂറിൽ മാതൃദായിക്കാരായിരുന്നു എന്ന് 1854, 1881, 1901 എന്നീ വർഷങ്ങളിലെ ജനസംഖ്യ റിപ്പോർട്ട് മുന്നിർത്തി കെ. ശാരദാമണി[8] വാദിക്കുന്നുണ്ട്. 1933 ൽ തറവാട് ഭാഗംവയ്ക്കുന്നതിനുള്ള ബില്ല്, കൊളോണിയൽ ഭരണകൂടം ഉത്തരവാക്കിയിട്ടും നായർ സമുദായത്തിൽ മാതൃദായത്തിന് ഇളക്കം സംഭവിക്കാത്തതെന്ത് എന്ന അന്വേഷണമാണ് ജി. അരുണിമ നടത്തിയത്[9]. മാതൃദായം ഇന്ത്യയിൽ തീർത്തും അപരിചിതമായപ്പോഴും കേരളത്തിൽ അത് സർവ്വസാധാരണമായിരുന്നു എന്ന് അവർ കണ്ടെത്തുന്നു. കേരളത്തിൽ മരുമക്കത്തായത്തെ നിർമ്മിച്ച സംബന്ധവ്യവസ്ഥ, ചരിത്രത്തിലെ അപവാദങ്ങളിലൊന്നായി ഏംഗൽസ് വിലയിരുത്തുന്നുണ്ട്. 1976 ൽ കേരള നിയമസഭ പാസാക്കുന്ന ബില്ലോടുകൂടിയാണ് (The final Act abolishing matrilineal Kinship) കേരളത്തിൽ മാതൃദായക്രമം നിയമപരമായി അവസാനിക്കുന്നത്. കുടുംബരൂപീകരണത്തെക്കുറിച്ച് ഏംഗൽസ് മുന്നോട്ട് വച്ച ആശയങ്ങളേയും നിലപാടുകളേയും നിഷേധിച്ചുകൊണ്ടാണ് പില്ക്കാലത്ത് റസ്സൽ തന്റെ നിരീക്ഷണങ്ങൾ അവതരിപ്പിച്ചത്.

പത്തൊമ്പതാം നൂറ്റാണ്ടിൽ പ്രബലമായിരുന്ന ഉദാരമാനവികതാവാദത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ടാണ് റസ്സൽ ആശയരൂപീകരണം നടത്തുന്നത്. സ്ത്രീയുടെ ചാരിത്രശുദ്ധിയിൽ ഊന്നിയാണ് ആധുനികപരിഷ്കൃത സമൂഹങ്ങൾ പിതൃമേധാവിത്വപരമായിത്തീർന്നതെന്നാണ് റസ്സലിന്റെ വാദം. എന്നാൽ ഏംഗൽസിന്റേത് സാമ്പത്തിക നിർണ്ണയവാദമാണ്. സ്വകാര്യസ്വത്തധികാര വ്യവസ്ഥയിൽ രൂപംകൊള്ളുന്ന ഏക ദാമ്പത്യത്തെ 'ബൂർഷ്വാ ഏകദാമ്പത്യം' എന്നാണ് ഏംഗൽസ് വിളിക്കുന്നത്. അത് സ്വത്ത് കൈമാറ്റത്തിന് സ്വരക്തസന്തതിയെ ഉറപ്പ് വരുത്തുന്ന പിതൃഅധികാര സ്ഥാപനം മാത്രമാണ് എന്നും ഏംഗൽസ് സ്ഥാപിക്കുന്നു. മാത്രമല്ല ബൂർഷ്വാഏകദാമ്പത്യം അഭിനയാത്മകദാമ്പത്യമാണെന്നും അത് കേവലം ആചാരബന്ധമായിത്തീരുന്നുവെന്നും നിരീക്ഷിക്കപ്പെടുന്നു. അത് സ്ത്രീക്ക് മാത്രം അനുശാസിക്കുന്ന കന്യകാത്വം, പാതിവ്രത്യം തുടങ്ങിയ കല്പനകൾ സ്ത്രീയെ അപവ്യക്തിയാക്കിത്തീർക്കുന്നു എന്ന നിഗമനത്തിലും ഏംഗൽസ് എത്തിച്ചേരുന്നുണ്ട്. എന്നാൽ ആധുനികദശയിലെ ഏകദാമ്പത്യഘടനയിൽ ത്തന്നെയാണ് കേവലമനുഷ്യന് ആർജ്ജിത സർഗ്ഗാത്മക സ്വത്വത്തിലേക്ക് പരിണമിക്കുന്നതും.

കുടുംബസംവിധാനങ്ങളിലും ദായരൂപങ്ങളിലും സംഭവിച്ച പരിണാമങ്ങൾ മാനവചരിത്രത്തിലെ അനിവാര്യതകളായിരുന്നു എന്നും അവ പരസ്പരബന്ധിതങ്ങളും പരസ്പരപൂരിതങ്ങളുമായിരുന്നുവെന്നും ഏംഗൽസിന്റെ നിരീക്ഷണങ്ങൾ വ്യക്തമാക്കുന്നു. കൂടാതെ ഏകദാമ്പത്യവും ദായക്രമവും അധികാരവ്യവസ്ഥയും സമൂഹഘടനയെ സ്വാധീനിക്കുന്നതെങ്ങനെയെന്നും ഏകദാമ്പത്യം ചരിത്രപരമായ പുരോഗതിയായിത്തീരുന്നതെങ്ങനെയെന്നും ഏംഗൽസ് വിശദീകരിക്കുന്നു. സാമ്പത്തികാടിത്തറകൾക്കുമേൽ കെട്ടിപ്പൊക്കപ്പെടുന്ന സാമൂഹികസ്ഥാപനങ്ങളാണ് ഓരോ കുടുംബവും എന്ന നിരീക്ഷണവും, കേരളത്തിൽ ഏറെക്കാലം നിലനിന്ന മാതൃദായവും സാംസ്കാരിക വിശകലനത്തിന്റേയും നരവംശശാസ്ത്രത്തിന്റേയും സൈദ്ധാന്തിക തലങ്ങളെ ഉപയോഗിച്ചുകൊണ്ട് ഏറെ ദൂരം സഞ്ചരിക്കാവുന്ന പഠനമേഖലയാണ്.

### കുറിപ്പുകൾ

1. ഏംഗൽസ്, കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉൽഭവം, പുറം-13-14
2. അതേ പുസ്തകം, പുറം 76
3. അതേ പുസ്തകം, പുറം 90-91
4. അതേ പുസ്തകം, പുറം 74
5. അതേ പുസ്തകം, പുറം 74
6. മാർക്സ് , ഏംഗൽസ്, ലെനിന്, ക്രിസ്റ്റഫർ കാഡ്വൽ മാർക്സിസവും മാനവിക മൂല്യങ്ങളും, പുറം 63
7. കെ.ടി.രവിവർമ്മ മരുമക്കത്തായം: ഗോത്രമരുമക്കത്തായവും വടക്കന് സമ്പ്രദായങ്ങളും, പുറം 6-7
8. Saradamoni, Materiliny Transformed, P-49
9. G. Arunima, There Comes Papa, P-4

### ഗ്രന്ഥ സൂചി


1. അന്ദ്രേയെവ്,ഐ,1986, കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉത്ഭവം എന്ന ഏംഗൽസിന്റെ കൃതി, (വിവ.പാറക്കുന്നേൽ), പ്രഭാത്ബുക്ക് ഹൗസ്, തിരുവനന്തപുരം.
2. ഏംഗൽസ്, ഫ്രെഡറിക്,1990, കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉദ്ഭവം, (വിവ. വി.അരവിന്ദാക്ഷന്), കറണ്ട് ബുക്ക്സ്, തൃശ്ശൂർ.
3. ബർട്രാന്സ് റസ്സൽ, 2010, വിവാഹവും സദാചാരമൂല്യങ്ങളും (വിവ. പി.ശ്യാമള) പാപ്പിയോണ്, കോഴിക്കോട്.
4. മാർക്ക്സ്, ഏംഗൽസ്, ലെനിന്, ക്രിസ്റ്റഫർ കാഡ്വൽ, 2009, മാർക്സിസവും മാനവികമൂല്യങ്ങളും, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം
5. രവിവർമ്മ,കെ.ടി, 2004, മരുമക്കത്തായം: ഗോത്രമരുമക്കത്തായവും വടക്കന് സമ്പ്രദായങ്ങളും, കേരളഭാഷാഇന്സ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


### English


1. Arunima, G.2003, There Comes Papa: Colonialism and the Transformation of Matriliny in Kerala, Malabar, (1850-1990) Orient Blackman Publishers.
2. Saradamoni,K., 1999, Matriliny Transformed: Family Law and Ideology in Twentieth Century Travancore, Sage Publications, New Delhi.



ISSN: 2582 - 2594

# തീരദേശജീവിതം: സംസ്കാരവും സ്വത്വനിർമ്മിതിയും

**ധന്യ പി. ഡി.**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
പനമ്പിള്ളി മെമ്മോറിയൽ ഗവ. കോളേജ്
ചാലക്കുടി
email: pddhanya87@gmail.com

**സംഗ്രഹം**

വിനോദ ടൂറിസം മേഖല, തൊഴിൽ മേഖല, ജലായനമാർഗ്ഗം, വിദേശ വാണിജ്യ ബന്ധങ്ങളെ ഊട്ടിയുറപ്പിച്ച മാർഗ്ഗം, ജീവിക്കുന്നിടം എന്നിങ്ങനെ വ്യത്യസ്ത രീതികളിൽ മനുഷ്യജീവിതവുമായി കടലിനെയും തീരദേശത്തെയും ബന്ധിപ്പിക്കാനാകും. സാംസ്കാരികവും ചരിത്രപരവും വൈകാരികവുമായ രീതിയിൽ തീരദേശം മനുഷ്യജീവിതവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഇത്തരം വ്യത്യസ്ത കാഴ്ചപ്പാടുകളിലൂടെ രൂപമെടുക്കുന്ന തീരദേശസംസ്കാരം എങ്ങനെയുള്ളതാണെന്നും കടലിന്റെ വ്യത്യസ്ത ഭാവതലങ്ങൾ കടലോര നിവാസികളെ എപ്രകാരമെല്ലാം സ്വാധീനിച്ചുവെന്നുമുള്ള ചിന്തകൾക്ക് ലേഖനത്തിൽ പ്രാധാന്യമുണ്ട്.

**താക്കോൽവാക്കുകൾ:** കീഴാളപൊതുമണ്ഡലം, തീരദേശസംസ്കാരം, കീഴാളവ്യവഹാരങ്ങൾ, അമ്മദൈവസങ്കല്പം, തീരദേശസ്വത്വനിർമ്മിതി

വരേണ്യത നിർമ്മിച്ചെടുത്ത പൊതുമണ്ഡലത്തിന് ബദലായുള്ള കീഴാളപൊതുമണ്ഡലങ്ങളുടെ നിർമ്മിതിയാണ് കീഴാളവ്യവഹാരങ്ങൾ മുഖ്യമായും സാധ്യമാക്കുന്നത്. കീഴാളസംസ്കാരപഠനങ്ങളുടെ ഭാഗമായി തീരദേശവും അവിടുത്തെ ജനജീവിതവും ഇന്ന് പ്രസക്തമായ വിഷയങ്ങളാണ്. കേരളത്തിന്റെ ഭൂപ്രകൃതിയെ മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്നായി തിരിക്കാം. സമുദ്രനിരപ്പിൽ നിന്ന് 7.5 മീറ്റർ വരെ ഉയരത്തിൽ കിടക്കുന്നതാണ് തീരപ്രദേശം. കടലിനടുത്തുള്ള, വീതികുറഞ്ഞ, നാട പോലുള്ള ഭാഗമാണിത്. (ഗണേശ്, കെ. എൻ., 2011:7). തീരദേശസംസ്കാരത്തിന്റെ കേന്ദ്രമായി നിൽക്കുന്നത് കടലും കടലുമായി ബന്ധപ്പെട്ടു കിടക്കുന്ന കായൽത്തീരങ്ങളും അവിടെ അധിവസിക്കുന്ന ജനവിഭാഗങ്ങളുമാണ്. അവരുടെ ജീവിതവും വിശ്വാസവും ജീവിതായോധനത്തിനായുള്ള സംഘർഷങ്ങളുമാണ് തീരദേശസംസ്കാരത്തിന്റെ പ്രധാന അന്വേഷണ മേഖലകൾ.

തീരദേശവാസികളുടെ സുഖത്തിനും ദുഃഖത്തിനും പ്രണയത്തിനും ജീവിതത്തിനു തന്നെയും പശ്ചാത്തലമായി നിൽക്കുന്നത് കടലാണ്. കരയുടെ ക്രമബദ്ധമായ വ്യവസ്ഥയിൽ നിന്ന് തികച്ചും ഭിന്നമാണ് കടലിന്റെ പ്രവചനാതീത സ്വഭാവം. എപ്പോഴും എന്തും സംഭവിച്ചേക്കാവുന്ന ഒരു സാധ്യത കടലിനുണ്ട്. അതുകൊണ്ടുതന്നെ കടലിനെ ആശ്രയിച്ച് കഴിയുന്നവരെ സംബന്ധിച്ചിടത്തോളം ജീവിതായോധനം നിയന്ത്രണാതീതവും അനിർവചനീയവുമാണ്. അനിശ്ചിതത്വങ്ങളിലൂടെയാണ് തീരദേശവാസികളുടെ ജീവിതം നീങ്ങുന്നത്. അവരുടെ ജീവിതം കടൽ, കായൽവിഭവങ്ങളുടെ ലഭ്യതയെ ആശ്രയിച്ചാണിരിക്കുന്നത്. ഈ ജീവിതാവസ്ഥയിൽ അസ്ഥിരത എപ്പോഴുമുണ്ട്.

**ആചാരാനുഷ്ഠാനങ്ങൾ**

മലയാള നിഘണ്ടുക്കൾ അർത്ഥതലത്തിൽ ആചാരത്തെയും അനുഷ്ഠാനത്തെയും വ്യത്യാസപ്പെടുത്തി കാണുന്നില്ല. മലയാള മഹാനിഘണ്ടു ആചാരത്തിന് നാട്ടുനടപ്പ്, കീഴ്‌വഴക്കം, പരമ്പരാഗതമായി ആചരിച്ചു പോരുന്ന നിയമം, നടപടിക്രമം, മര്യാദ, ചടങ്ങ്, ഉപചാരം, വിനയം, ധർമ്മചര്യ എന്നിങ്ങനെയുള്ള അർത്ഥമാണ് നൽകിക്കാണുന്നത്. അനുഷ്ഠാനത്തിനാകട്ടെ ആചരണം, നിർവഹണം, പ്രയോഗം, മതവിഹിതമായ കർമ്മം ഇങ്ങനെയുള്ള അർത്ഥം നൽകുന്നു. ശബ്ദതാരാവലി ആചാരത്തിന് ശാസ്ത്രമനുസരിച്ചുള്ള നടപ്പ്, ദേശകാലോചിതമായ നടപടി, മര്യാദ, വഴക്കം, അനുഷ്ഠാനം, എന്നിങ്ങനെ അർത്ഥം കൊടുക്കുന്നു. അനുഷ്ഠാനത്തെ ആചരണം, പ്രവൃത്തി എന്നെല്ലാം നിർവചിക്കുന്നു. ഈ അർത്ഥങ്ങളനുസരിച്ച് ആചാരം, അനുഷ്ഠാനം എന്നീ രണ്ടു പദങ്ങളും സമാന അർത്ഥത്തിൽ പ്രയോഗിക്കുന്നവയാണെന്ന് കാണാം.

ഒരു സമൂഹത്തിൽ നിലനിൽക്കുന്ന സാമൂഹികനിയമങ്ങൾ പരിശോധിച്ചാൽ അവ ആ സമൂഹത്തിന്റെ ആചാരാനുഷ്ഠാനങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് കാണാം. ഇത്തരത്തിൽ ആചാരാനുഷ്ഠാനങ്ങളിലൂടെ രൂപപ്പെടുന്ന സാമൂഹികക്രമമാണ് ഒരു ജനതയെ മറ്റൊന്നിൽ നിന്ന് വേർതിരിക്കുന്നതും. ഓരോ ജനവിഭാഗത്തിനും തനതായ ജീവിതശൈലിയും ആചാരവിശേഷങ്ങളുമുണ്ട്. സമൂഹത്തെ നിയന്ത്രിക്കുന്നതും ചിട്ടപ്പെടുത്തുന്നതും ഇത്തരം ആചാരാനുഷ്ഠാനങ്ങളാണ്. സമൂഹത്തിലെ എല്ലാവരും പിന്തുടരുമ്പോൾ അത് ആചാരമായി മാറുന്നു. ഭിന്നിച്ചുനിൽക്കുന്ന ജനതയെ ഒന്നിച്ച് ചേർക്കാനും ഒരു സമൂഹമെന്ന നിലയിൽ ക്രമീകരിക്കാനും ആചാരാനുഷ്ഠാനങ്ങൾക്ക് കഴിയുന്നു. ദിനചര്യയായി ആചരിക്കുന്ന ചടങ്ങുകളും നാട്ടുനടപ്പുകളും നിഷ്ഠയുള്ള കർമ്മങ്ങളുമെല്ലാം പിൽക്കാലത്ത് ആചാരാനുഷ്ഠാനങ്ങളായി മാറുന്നുണ്ട്.

സമൂഹത്തിലെ അംഗമെന്ന നിലയിൽ ആചാരാനുഷ്ഠാനങ്ങൾ പാലിക്കാൻ ഏവരും ബാധ്യസ്ഥരാണ്. സമൂഹത്തിലെ എല്ലാവരും ആചാരാനുഷ്ഠാനങ്ങൾ തികഞ്ഞ വിശ്വാസത്തോടെ അനുഷ്ഠിക്കുന്നവരാകണമെന്നില്ല. നിലനിൽക്കുന്ന സാമൂഹിക വ്യവസ്ഥകൾക്കൊപ്പിച്ച് ചിട്ടപ്പെടുത്തിയ ജീവിതരീതിയും ആചാരവിശ്വാസങ്ങളും പിന്തുടരാൻ നിർബന്ധിതരാകുന്നവരും ഉണ്ടാകും. സമൂഹത്തിൽ ഒരു വ്യക്തിയല്ല മറിച്ച് സമൂഹം തന്നെയാണ് ആചാരാനുഷ്ഠാനങ്ങളെ ഉൾക്കൊള്ളുന്നത്. അതുകൊണ്ടുതന്നെ ഒരു സാമൂഹികക്രമത്തിനകത്ത് നിൽക്കുന്നവരെല്ലാം തന്നെ അത് പാലിക്കാൻ ബാധ്യസ്ഥരാവുകയും ചെയ്യുന്നു. "ആചാരാനുഷ്ഠാനങ്ങളിലൂടെ 'നമ്മൾ' രൂപപ്പെടുകയാണ്. ആചാരാനുഷ്ഠാനങ്ങൾ ഇല്ലാത്തവർ 'അപരർ' ആണ്. ഇത്തരം കർതൃ

 ISSN: 2582 - 2594

ത്വനിർമിതി ആചാരാനുഷ്ഠാനങ്ങളുടെ സവിശേഷധർമ്മമായി കരുതാം" (അജു കെ. നാരായണൻ, 2001:194). സവിശേഷ സംസ്കാരമാർന്ന ജനതയെ രൂപപ്പെടുത്തുന്നതിലും ഒറ്റക്കെട്ടായി നിലനിർത്തുന്നതിലും മറ്റു വിഭാഗങ്ങളിൽനിന്ന് വ്യത്യസ്തരാക്കുന്നതിലും ആചാരാനുഷ്ഠാനങ്ങൾ വഹിക്കുന്ന പങ്ക് ഇതിൽനിന്ന് വ്യക്തമാകുന്നു. തീരദേശജനതയുടെ ആചാരാനുഷ്ഠാനങ്ങൾക്ക് പല തലങ്ങളുണ്ട്. തൊഴിലുമായി ബന്ധപ്പെട്ടവ, നിത്യജീവിതവുമായി ബന്ധപ്പെട്ടവ, മതപരമായവ എന്നിങ്ങനെ അവയെ തിരിക്കാം.

ചലനാത്മകമായ സമൂഹത്തിൽ നിരന്തരമായി സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾക്ക് കീഴ്പ്പെട്ട് ഒട്ടനവധി പ്രാദേശിക സംസ്കാരങ്ങൾ ഇല്ലായ്മ ചെയ്യപ്പെടുന്നുണ്ട്. എല്ലാത്തിനെയും ഒരേ കേന്ദ്രത്തിലേക്കൊതുക്കാനും ഒരേതരം ജീവിതം ശീലിപ്പിക്കുവാനും ഒരേ ഭാഷ സംസാരിക്കാനും പ്രേരിപ്പിക്കുന്ന ആഗോളവൽക്കരണത്തിന്റെ കാലത്ത് പ്രാദേശിക സ്വത്വത്തെ മുറുകെപ്പിടിക്കുക എന്നത് ഒരു പ്രതിരോധപ്രവർത്തനമാണ്. കാലത്തിന്റെ മാറ്റങ്ങളോടൊപ്പം സഞ്ചരിക്കുമ്പോഴും പരമ്പരാഗതമായ ആചാരാനുഷ്ഠാനങ്ങളെ മുറുകെപ്പിടിക്കാൻ താല്പര്യം കാണിക്കുന്ന ജനവിഭാഗമാണ് തീരദേശവാസികൾ. അവരുടെ ജീവിതവും സംസ്കാരവും സാമൂഹികക്രമങ്ങളുമെല്ലാം രൂപപ്പെടുന്നത് കടലുമായി ബന്ധപ്പെട്ടാണ്.

**അമ്മദൈവസങ്കല്പം**

സൃഷ്ട്യുന്മുഖമായ എന്തിനെയും ആരാധിക്കുന്ന സ്വഭാവത്തിന് മനുഷ്യകുലത്തോളം പഴക്കമുണ്ട്. അതുകൊണ്ടുതന്നെ എല്ലാത്തിനുംമീതെ മാതൃത്വത്തിന് സ്ഥാനം നൽകുന്ന രീതി എല്ലാ സമൂഹത്തിലും നിലനിന്നിരുന്നു. തനിക്കു ചുറ്റും കാണുന്ന വസ്തുക്കളിൽ നിന്നുമാണ് അമൂർത്തമായ ദൈവസങ്കല്പത്തിന് മൂർത്തീരൂപം നൽകാൻ മനുഷ്യൻ മാതൃക തേടുന്നത്. അതുകൊണ്ടുതന്നെ അമ്മ എന്ന സങ്കൽപ്പത്തെ മഹത്വവൽക്കരിച്ചുകൊണ്ടാണ് അമ്മദൈവസങ്കൽപം ഉടലെടുക്കുന്നത്. ജന്മം കൊടുക്കുന്ന പ്രക്രിയയെ വിസ്മയത്തോടെ നോക്കിക്കണ്ട മനുഷ്യൻ അതിന് കാരണഭൂതയായിട്ടുള്ള സ്ത്രീത്വത്തെ ദേവതവല്ക്കരിച്ചു. തനിക്ക് അന്നം നൽകുകയും പോറ്റിവളർത്തുകയും ചെയ്യുന്ന കടലിനെ അമ്മയായിക്കണ്ട് ആരാധിക്കുന്ന രീതി ഇപ്രകാരത്തിൽ വന്നുചേർന്നതാണ്. കടലോരജീവിതത്തിന്റെ അനിശ്ചിതാവസ്ഥകൾക്കിടയിൽ സ്ഥിതിക്കും സംഹാരത്തിനുമുള്ള അധികാരം കടലമ്മയ്ക്കുണ്ടെന്ന് അവർ വിശ്വസിക്കുന്നു. കാറ്റും കോളും മൂലം കടൽ പ്രക്ഷുബ്ധമാകുന്ന അവസരങ്ങളിൽ കടലിൽപ്പോയ ബന്ധുജനങ്ങളെയോർത്ത് ഭയപ്പെടുന്ന കടലോരവാസികൾ കടലമ്മയെ വിളിച്ചാണ് പ്രാർത്ഥിക്കുന്നത്. കടലിൽ അകപ്പെട്ടു പോകുന്ന മനുഷ്യരുടെ ജീവൻ സംരക്ഷിക്കാനും കരയിലിരിക്കുന്ന കടൽമക്കളുടെ കണ്ണീരൊപ്പാനുമുള്ള ശേഷി കടൽ എന്ന അമ്മദൈവത്തിനുണ്ടെന്ന് തീരദേശക്കാർ വിശ്വസിക്കുന്നു.

**കടലമ്മ എന്ന സങ്കല്പം**

കടലിന് അപരിമേയമായ ശക്തികൾ ഉണ്ടെന്നാണ് മതത്തിനതീതമായ വിശ്വാസം. കടൽവെള്ളം തളിച്ചാൽ സകല അശുദ്ധിയും മാറുമെന്ന് വിശ്വസിക്കപ്പെടുന്നു. പുല, വാലായ്മ തുടങ്ങിയവയൊക്കെ അവസാനിപ്പിക്കാൻ കടൽവെള്ളം തളിക്കുകയോ കടലിൽ മുങ്ങുകയോ ചെയ്യുന്ന പതിവുണ്ട്. ഋതുവായ പെണ്ണിന്റെ തിരണ്ടുകുളി സമയത്തും കടൽവെള്ളം തളിച്ചാൽ ശുദ്ധിയായി എന്നാണ് വിശ്വാസം. പെണ്ണ് തിരണ്ടാൽ മൂന്നുദിവസം അശുദ്ധിയായി മാറ്റിയി

രുത്തും. നാലാം ദിവസം എണ്ണയൊഴിച്ച് കുളിച്ച് ശുദ്ധമാകുന്നു. അതിനുശേഷം കടൽ വെള്ളം തളിച്ച് അശുദ്ധി മാറ്റും. കടൽ വെള്ളത്തെ ഏതശുദ്ധിയും മാറ്റുന്ന പുണ്യാഹമായി തീരദേശക്കാർ കാണുന്നുവെന്നതിന്റെ സൂചനകളാണിവ. 'ശുദ്ധവും വൃത്തിയും' ഇല്ലാതെ കടലിനെ തീണ്ടരുതെന്ന് കരുതുന്ന തീരദേശക്കാർ കടൽ ചുവന്നിരിക്കുമ്പോൾ കടലിൽ പോകാറില്ല. കടലമ്മ ഋതുവായിരിക്കുകയാണെന്നാണ് സങ്കല്പം. സ്ത്രീസങ്കല്പത്തിൽ ആരാധിക്കുന്ന കടലിന് അവർ നൽകുന്ന ആദരവാണിത്. ഋതുമതിയായ സ്ത്രീകൾ കടലിൽ ഇറങ്ങുകയോ കടലിൽ പോകുന്ന വള്ളത്തിൽ സ്പർശിക്കുകയോ ചെയ്യാറില്ല. കടലുമായി ബന്ധപ്പെട്ട ശുദ്ധി സങ്കൽപങ്ങളിൽ ഇവ പ്രധാനമാണ്.

തീണ്ടാരി(ആർത്തവസമയം)യായിരിക്കുമ്പോൾ തൊഴിലുപകരണങ്ങളിലോ വള്ളത്തിലോ സ്പർശിച്ചാൽ ആ വള്ളത്തിൽ പിന്നെ മീൻ ലഭിക്കില്ലെന്നാണ് വിശ്വാസം. 'തൊടക്ക്' എന്നാണ് ഈ അശുദ്ധിയെ വിശേഷിപ്പിക്കുന്നത്. 'തൊടക്ക്'പറ്റി അശുദ്ധമായ പണിസാധനങ്ങൾ ശുദ്ധമാക്കുന്നതിനായി ഒരാൺകുട്ടി നഗ്നനായി നിന്ന് ചില കർമ്മങ്ങൾ അനുഷ്ഠിക്കേണ്ടതുണ്ടെന്ന് തിരുവനന്തപുരത്തെ തീരദേശനിവാസികൾ വിശ്വസിക്കുന്നു. അത്തരമൊരു കർമ്മം നടത്തിയ അനുഭവം 'കടലറിവുകളും നേരനുഭവങ്ങളും' എന്ന ഗ്രന്ഥത്തിൽ റോബർട്ട് പനിപ്പിള്ള പങ്കുവെക്കുന്നുണ്ട്. "ഞാൻ ബനിയനും നിക്കറും എല്ലാം അഴിച്ച് മാറ്റി പൂർണ നഗ്നനായി മാറി. പിന്നെ കലത്തിലെ വെള്ളം എടുത്തു എരുക്കലത്തിന്റെ ചില്ലകൾ മറിച്ചും തിരിച്ചും വച്ച് അതിൽ തളിച്ചു. ആ ചില്ലകൾ വാരിയെടുത്തു രണ്ടു കൈകൊണ്ടും മുറുകെ പിടിച്ച് അവിടെയിരുന്ന ഏറ്റിനങ്ങളിലെല്ലാം അടിച്ചു" (2015:135). ഈ കർമ്മത്തിൽ ശുദ്ധിക്രിയയ്ക്ക് ഉപയോഗിക്കുന്നത് കടൽ വെള്ളമാണ്. കടൽവെള്ളം തളിച്ച് അശുദ്ധി മാറ്റുന്നതിന് ഉദാഹരണമാണ് ഈ ചടങ്ങ്. പിറ്റേന്ന് കടലിൽ പോയ അച്ഛന് ധാരാളം മീൻ കിട്ടിയതായി റോബർട്ട് പനിപ്പിള്ള ഓർമ്മിക്കുന്നു. കടലും കടൽപ്പണിക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങളും ശുദ്ധിയോടെ സൂക്ഷിക്കുക എന്ന ആചാരത്തിന്റെ ഭാഗമാണിത്.

തീരദേശക്കാർ നനവില്ലാത്ത കറിച്ചട്ടിയിൽ മീൻ ഇടുകയില്ല. മീൻ എടുക്കുന്ന കറിച്ചട്ടിയിൽ വെള്ളം ഉണ്ടായിരിക്കുകയോ അത് വെള്ളത്തിൽ നനയ്ക്കുകയോ ചെയ്യണമെന്ന് അവർക്ക് നിർബന്ധമാണ്. അല്ലെങ്കിൽ കടലിൽ വറുതിയുണ്ടാകുമെന്ന് കടലോരവാസികൾ വിശ്വസിക്കുന്നു. ഒരു ദിവസം രണ്ട് കോരിന് കടലിൽ പോകരുതെന്നതും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കിടയിലുള്ള വിശ്വാസമാണ്. ലൈംഗികബന്ധത്തിൽ ഏർപ്പെട്ടതിന് ശേഷം കുളിച്ച് ശുചിയായേ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി പുറംകടലിലേക്ക് പോകാറുള്ളൂ. ചില പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിനായി പുരുഷന്മാർ പോകുന്ന സമയത്ത് സ്ത്രീകൾ പുറത്തിറങ്ങാൻ പാടില്ല. അവരെ കണ്ടുകൊണ്ട് ഇറങ്ങിയാൽ ദോഷമാണെന്ന അന്ധവിശ്വാസമാണ് ഇതിനു പിന്നിൽ. തിരുവനന്തപുരം ജില്ലയുടെ ദക്ഷിണഭാഗങ്ങളിൽ 'എതുപ്പുക്ക പോവാതെ' എന്ന് ഇതിനെ സൂചിപ്പിക്കുന്നുവെന്ന് അനിൽകുമാർ, ഡി. വ്യക്തമാക്കുന്നുണ്ട് (2019:11).

കടലമ്മ എന്നത് തീരദേശക്കാരുടെ മനസ്സിൽ രൂഢമൂലമായിരിക്കുന്ന ഒരു മിത്താണ്. ജനനം മുതൽ മരണം വരെയുള്ള ജീവിതത്തിലെ എല്ലാ സന്ദർഭങ്ങളെയും ഈ മിത്തുമായി തീരദേശവാസികൾ ബന്ധിപ്പിക്കുന്നു. ജനനം, മരണം, വിവാഹം തുടങ്ങിയവയിലെല്ലാം കട


ISSN: 2582 - 2594

ലിനുള്ള സവിശേഷസ്ഥാനം പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും.

**മതപരമായ ആചാരാനുഷ്ഠാനങ്ങൾ**

കടലിനെ ആശ്രയിച്ച് അനിശ്ചിതത്വങ്ങൾക്ക് നടുവിലുള്ള ജീവിതമായതിനാൽ തീരദേശ വാസികൾ പൊതുവെ ദൈവവിശ്വാസം ഉള്ളവരാണ്. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ വ്യത്യസ്ത മതവിഭാഗങ്ങളിൽ പെടുന്നവർ ആയതുകൊണ്ട് ആരാധനാസമ്പ്രദായങ്ങൾക്കും വ്യത്യാസമുണ്ട്. ധീവര വിഭാഗക്കാരുടെ പ്രധാന ആരാധനാ മൂർത്തി ചീറുമ്പയാണ്. ശ്രീകുരുംബ എന്നതിന്റെ മറ്റൊരു രൂപമാണ് ചീറുമ്പ എന്നത്. ഭഗവതി/ഭദ്രകാളിയാണ് ധീവരരുടെ കുലദൈവം. ശിവൻ, വിഷ്ണു, അയ്യപ്പൻ, സുബ്രഹ്മണ്യൻ തുടങ്ങിയ ദൈവങ്ങളെയും അവർ ആരാധിക്കുന്നു. സാംക്രമിക രോഗങ്ങളുമായി ബന്ധപ്പെടുത്തി ദേവതകളെ സങ്കൽപ്പിക്കുന്ന രീതി പ്രാചീനകാലം മുതലേ നിലനിന്നിരുന്നു. രോഗം പരത്താൻ കഴിവുള്ള ഉഗ്രമൂർത്തിയായും രോഗശമനത്തിനു കഴിവുള്ള ശാന്ത സ്വരൂപിണിയായും തീരദേശക്കാർ ചീറുമ്പയെ ആരാധിക്കുന്നു.

ദക്ഷിണേന്ത്യയിൽ സുഖജമ്മ എന്നപേരിൽ വസൂരി ദേവതയെയും മാരമ്മ എന്ന പേരിൽ തൊണ്ടമുഴയുടെ ദേവതയെയും കൊക്കാലമ്മ എന്നപേരിൽ പനിയുടെ ദേവതയെയും ആരാധിക്കുന്നുണ്ട്. ശീതളയെ ഒരേസമയം തന്നെ രോഗകാരിയായും രോഗത്തിൽ നിന്നു രക്ഷിക്കുന്ന ദേവിയായും ആരാധിക്കുന്നു. ഒരേ ദേവിയെ തന്നെ വിവിധ കേന്ദ്രങ്ങളിൽ വ്യത്യസ്ത സങ്കൽപവുമായി ബന്ധപ്പെടുത്തി ആരാധിച്ചു വരുന്നുണ്ട്. മാരിയമ്മയെ കോളറയുടെ ദേവതയായി ചിലർ ആരാധിക്കുമ്പോൾ ചില പ്രദേശങ്ങളിൽ വസൂരി ദേവതയായും ആരാധിക്കുന്നു (പത്മനാഭൻ, കെ. , 2016:72). ഉത്തരകേരളത്തിലെ മുക്കുവർക്കിടയിലെ ആരാധനാമൂർത്തിയായ പുതിയഭഗവതി എന്ന സങ്കല്പവും സാംക്രമിക രോഗങ്ങളിൽ നിന്ന് രക്ഷിക്കുമെന്ന് വിശ്വസിക്കപ്പെടുന്നു.

തീരദേശത്തുള്ള ഹിന്ദുമത്സ്യബന്ധനവിഭാഗക്കാർ കാളിയെ വിവിധ പേരുകളിലും സങ്കല്പത്തിലും ആരാധിക്കുന്നു. സംഘകാലത്തെ യുദ്ധദേവതയായ കൊറ്റവൈയെയാണ് പിന്നീട് തീരദേശത്ത് ഉള്ളവർ കാളി എന്ന സങ്കല്പത്തിൽ പൂജിക്കാൻ തുടങ്ങിയതെന്ന് പി. കെ. ഗോപാലകൃഷ്ണൻ പ്രസ്താവിക്കുന്നു (1987:38). സംഘകാല കൃതിയായ ചിലപ്പതികാരത്തിലെ കണ്ണകിയെ തീരദേശത്ത് ഉള്ളവർ ആരാധിക്കുന്നുണ്ട്. കാവേരി പൂമ്പട്ടണവുമായി ബന്ധപ്പെട്ട ഐതിഹ്യമാണ് ഇതിനുപിന്നിൽ. തെക്കൻ തീരദേശത്തെ അരയന്മാർ കാവേരി പൂമ്പട്ടണത്തിൽ നിന്ന് കണ്ണകിക്കൊപ്പം കുടിയേറിപ്പാർത്തവരാണ് തങ്ങൾ എന്ന് വിശ്വസിച്ചുപോരുന്നു. ഉത്തരകേരളത്തിലും കണ്ണകീസങ്കല്പവുമായി ബന്ധപ്പെട്ട ചിലമ്പു വാണിഭം എന്ന പാട്ട് പാടാറുണ്ട്.

കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിലെ പ്രതിഷ്ഠയ്ക്ക് കണ്ണകി സങ്കൽപവുമായി ബന്ധമുണ്ട്. കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം കേരളത്തിലെ ഹിന്ദുമീൻപിടുത്ത വിഭാഗക്കാരുടെ പ്രധാന ആരാധനാകേന്ദ്രമാണ്. ഭരണി ഉത്സവത്തിന് മത്സ്യത്തൊഴിലാളികൾ മത്സ്യമാംസാദികൾ ഉപേക്ഷിച്ച് വ്രതമെടുത്ത് കൊടുങ്ങല്ലൂർ എത്താറുണ്ട്. വസൂരി രോഗം ശമിപ്പിക്കും എന്ന് വിശ്വസിക്കപ്പെടുന്ന വസൂരിമാല എന്ന ദേവതാസങ്കൽപവും കൊടുങ്ങല്ലൂർ ക്ഷേത്രത്തിലെ പ്രതിഷ്ഠയാണ്.

ഉത്തരകേരളത്തിൽ തെയ്യങ്ങളെ ആരാധിക്കുന്ന സമ്പ്രദായമുണ്ട് എന്ന് ഡോ. കെ. പത്മനാഭൻ ചൂണ്ടിക്കാട്ടുന്നു (2016:76). 'ഒന്നുകുറെ നാല്പത്' തെയ്യങ്ങളെ ആരാധിക്കുന്ന സമ്പ്രദാ

യത്തെക്കുറിച്ച് 'മരക്കാപ്പിലെ തെയ്യങ്ങൾ' എന്ന നോവലിൽ അംബികാസുതൻ മാങ്ങാടും പറയുന്നുണ്ട്. അയ്യപ്പൻ, സുബ്രഹ്മണ്യൻ, ശിവൻ തുടങ്ങിയവരുടെ ക്ഷേത്രങ്ങളും തീരദേശത്ത് കാണാം.

കേരളത്തിലെ മത്സ്യബന്ധനഗ്രാമങ്ങളിൽ വീടിനകത്ത് പൂജാമുറിയും വീട്ടുമുറ്റത്ത് 'വെച്ചു പൂജ'യും നടത്തുന്നുണ്ട്. ഓരോ ദേശത്തും അവരവരുടെ കരയോഗങ്ങൾ പൊതുക്ഷേത്രങ്ങളും നിർമ്മിച്ചിട്ടുണ്ട്. "കേരളത്തിലുടനീളം കായൽക്കരയായാലും കടൽക്കരയായാലും മത്സ്യപ്രവർത്തക സങ്കേതങ്ങളിൽ കാണുന്ന കാളീക്ഷേത്രങ്ങൾ ധീവരർ സമ്പന്നമായൊരു പുരാതന സംസ്കാരത്തിന്റെയും നന്മയിൽ അടിയുറച്ച ഈശ്വരവിശ്വാസത്തിന്റെയും പശ്ചാത്തലമുള്ളവർ ആണെന്ന് ദൃഷ്ടാന്തപ്പെടുത്തുന്നു" (മദനൻ, ടി.എൻ. , 2010:74). ക്ഷേത്രങ്ങളിൽ ദേവീപ്രതിഷ്ഠയാണ് അധികവും. കൂടാതെ സുബ്രഹ്മണ്യ ക്ഷേത്രങ്ങളും കാണാം. കാളി, ഭദ്രകാളി, കുറുംബ, ചീറുംബ എന്നിങ്ങനെ പലപേരുകളിൽ ദേവിയെ ആരാധിക്കുന്നു. നാട്ടികയിൽ നിന്ന് വടക്ക് മുക്കുവ കേന്ദ്രങ്ങളാണ്. അവരുടെ പ്രധാന ആരാധനാമൂർത്തി ആരിക്കിരിയാണ്.

ക്രൈസ്തവർക്കിടയിൽ തൊഴിലുമായി ബന്ധപ്പെട്ട വല്ലാർപാടത്തമ്മ, വേളാങ്കണ്ണി മാതാവ് എന്നീ സങ്കല്പങ്ങൾ പ്രബലമാണ്. തൊഴിലിൽ മേൽഗതി ഉണ്ടാകാൻ ഇവരെ ആരാധിക്കുന്ന രീതിയുണ്ട്. ഹിന്ദുമത്സ്യബന്ധന വിഭാഗക്കാരും ഇത്തരം ആരാധനാസമ്പ്രദായം പിന്തുടരുന്നവരാണ്. മുസ്ലിം മതവിശ്വാസികൾക്കിടയിൽ വിഗ്രഹാരാധന പതിവില്ലാത്തതിനാൽ ഇത്തരം ആചാരവിശേഷങ്ങൾ നിലവിലില്ല. സ്വമതസ്ഥരായ ഇതര തൊഴിൽസമൂഹങ്ങൾ ചെയ്യുന്ന ആരാധനാരീതികൾ തന്നെയാണ് മതവിശ്വാസത്തിന്റെ കാര്യത്തിൽ മുസ്ലിം മത്സ്യബന്ധനവിഭാഗക്കാരും സ്വീകരിക്കുന്നത്. എങ്കിലും തൊഴിലുമായി ബന്ധപ്പെട്ട അനുഷ്ഠാനകർമ്മങ്ങളിൽ തീരദേശത്തെ ഇതര മതവിഭാഗങ്ങളുമായി ഇവർ സാമ്യം പുലർത്തുന്നുണ്ട്.

**തൊഴിലുപകരണങ്ങൾ കടലിലിറക്കുന്നതുമായി ബന്ധപ്പെട്ട ആചാരങ്ങൾ**

കടലിൽ മത്സ്യബന്ധനത്തിന് ആദ്യമായി പോകുന്നതിനു മുൻപും പുതിയ വള്ളം കടലിൽ ഇറക്കുന്നതിന് മുമ്പും പലവിധ ചടങ്ങുകളും ചെയ്യാറുണ്ട്. കടലമ്മയെ പ്രീതിപ്പെടുത്താനും സുലഭമായി മീൻ ലഭിക്കാനുമാണ് ഇത് നടത്തുന്നത്. 'പുഴക്കരണ്' (മീനുകൾ കൂട്ടമായി ഇളകി വരുന്ന സമയം)മുള്ളപ്പോഴാണ് സാധാരണയായി പുതുവള്ളം ഇറക്കുന്നത്. വള്ളം നിർമ്മിക്കുന്ന പുരയെ 'മാലിപ്പുര' എന്നാണ് പറയുന്നത്. വലിയാശാരിക്ക് ദക്ഷിണ കൊടുത്ത് വള്ളം കൈപ്പറ്റുന്നു. എല്ലാ ജാതിക്കാർക്കും വള്ളം വാങ്ങാനുള്ള അവകാശം ഉണ്ടായിരുന്നില്ല. വള്ളം വാങ്ങാൻ അർഹതപ്പെട്ടവർ ആദ്യം തുറയിലരയനെ വിവരം ധരിപ്പിക്കുകയും കാണിക്ക നൽകി അനുമതി വാങ്ങുകയും ചെയ്യണം. ദിവസം നിശ്ചയിച്ച് ബന്ധുക്കളെല്ലാം ഒത്തുകൂടിയതിനു ശേഷമാണ് വള്ളം കടലിലിറക്കുന്നത്. കഴിവുള്ളവർ ചെറിയ സദ്യ നടത്തും. അവരവരുടെ മതവിശ്വാസപ്രകാരമുള്ള ചടങ്ങുകൾ നടത്തിയശേഷമാണ് വള്ളം കടലിലിറക്കുന്നത്. പുതുവള്ളം കരയ്ക്കെത്തുന്ന സമയത്ത് ക്ഷണിക്കപ്പെട്ടവർ വള്ളത്തിൽ സംഭാവനപ്പണം ഇട്ടശേഷം കറിവയ്ക്കാനുള്ള മീനെടുക്കും. ഒരാൾ ആദ്യമായി മത്സ്യബന്ധനത്തിന് പോകുന്നതിനു മുൻപായി 'കടലേറ്റം' എന്ന ചടങ്ങ് നടത്താറുണ്ട്. പുതുതായി തൊഴിൽ പഠിക്കാൻ പോകുന്ന ഈ ചടങ്ങ് മത്സ്യത്തൊഴിലാളികൾക്കിടയിൽ വലിയ ആഘോഷത്തോടെയാണ് കൊണ്ടാടപ്പെടുന്നത്. അന്നേദിവസം 'കടലേറ്റുകാര'നെ കൊണ്ട് പണിയൊന്നും ചെയ്യിക്കാറില്ല. എല്ലാം കണ്ട് മന

സിലാക്കുകയാണ് അന്നേദിവസം ചെയ്യുന്നത്.

പുതിയ വള്ളം കടലിലിറക്കുന്നതുമായി ബന്ധപ്പെട്ട് തീരദേശവാസികൾക്കിടയിൽ സവിശേഷമായ ആചാരങ്ങൾ നിലവിലുണ്ട്. എറണാകുളം ജില്ലയിലെ ചെല്ലാനം, കണ്ണമാലി വൈപ്പിൻ തുടങ്ങിയ തീരദേശമേഖലയിൽ 'വള്ളംനന' എന്നാണ് ഈ ചടങ്ങിന് പറഞ്ഞിരുന്നത്. പുതിയ വള്ളം കടലിലിറക്കുന്നതിനു മുൻപായി ജാതിഭേദമെന്യേ വല്ലാർപാടം പള്ളിയിൽ കൊണ്ടുപോകുന്ന പതിവുമുണ്ടായിരുന്നു. പുതുവള്ളം കടലിലിറക്കുന്നതിനു മുൻപുള്ള ഇത്തരം ചടങ്ങുകൾ പ്രാദേശിക ഭേദത്തോടെ കേരളത്തിന്റെ തീരദേശങ്ങളിലാകെ നിലനിന്നിരുന്നതായി കാണാം. പുതിയവള്ളം കടലിലിറക്കുന്നതിനുമുൻപായി 'നീറ്റിലിറക്കൽ' എന്ന ചടങ്ങ് നടത്തിയിരുന്നു. ഇതിന്റെ ഭാഗമായി ഒരുപിടി അരിയും പൂവും വെള്ളത്തിലെറിയുകയും മതവിശ്വാസപ്രകാരമുള്ള ചടങ്ങുകൾ നടത്തുകയും ചെയ്യുന്നു. അപകടങ്ങൾ സംഭവിക്കാതിരിക്കാനും മത്സ്യം ധാരാളമായി ലഭിക്കാനുമാണ് ഇത്തരം ക്രിയകൾ അനുഷ്ഠിച്ചിരുന്നത്. 'വീത് വയ്ക്കൽ, കള്ള് തളിക്കൽ' എന്നീ കർമ്മങ്ങളും ഇതോടനുബന്ധിച്ച് ചിലയിടങ്ങളിൽ നടത്തപ്പെട്ടിരുന്നു. പുതിയവള്ളത്തിന് പിതൃക്കളുടെ അനുഗ്രഹാശിസ്സുകൾ ഉണ്ടാകുന്നതിനായി മരിച്ചുപോയവർക്ക് ഭക്ഷണവും കള്ളും നേദിക്കുന്ന ചടങ്ങാണിത്.

കൊല്ലം ജില്ലയിൽ വള്ളം, വല തുടങ്ങിയ തൊഴിലുപകരണങ്ങൾ പുതുതായി വാങ്ങിയാൽ വള്ളപൂയന, വലപൂയന എന്നീ ചടങ്ങുകൾ നടത്തിയിരുന്നു. പുതിയ തൊഴിലുപകരണങ്ങൾ കടലിലിറക്കുന്നതിനു മുൻപായി ബന്ധുമിത്രാദികളെ ക്ഷണിച്ചുവരുത്തി പൂജ നടത്തുന്ന ചടങ്ങാണിത്. പുതിയ തൊഴിലുപകരണങ്ങൾ വാങ്ങിയാൽ കാണിക്കയുമായി ചെന്ന് തുറയിലരയനെ വിവരം ധരിപ്പിക്കുകയും പൂജയ്ക്കുള്ള അനുവാദം വാങ്ങുകയും ചെയ്യുന്നു. പൂജ നടക്കുന്ന ദിവസം വള്ളവും വലയും പുഷ്പചന്ദനാദികൾ കൊണ്ട് അലങ്കരിക്കുകയും കുടുംബത്തിലെ കാരണവർ വിളക്കുകൊളുത്തി പ്രാർത്ഥിക്കുകയും ചെയ്യും. അതിനുശേഷം വല കൈമാറൽ ചടങ്ങും വള്ളം നനയ്ക്കൽ ചടങ്ങും നടത്തും. (ഗായത്രി, കെ.പി. , 2015:186)

സ്വന്തമായി തൊഴിലുപകരണങ്ങൾ ഉണ്ടാകുകയെന്നത് അഭിമാനകരവും ആഹ്ലാദകരവുമായ സംഗതിയാണ്. അതിനാൽ തൊഴിലുപകരണങ്ങൾ സ്വന്തമാക്കുന്ന സന്ദർഭത്തിൽ ദേവപ്രീതിക്കും പിതൃപ്രീതിക്കും കടലമ്മയുടെ പ്രീതിക്കും ഒക്കെയായി പലവിധ കർമ്മങ്ങളും നടത്താറുണ്ട്. പുതിയ വള്ളം കടലിലിറക്കുന്നതിനുമുമ്പ് നല്ല ദിവസം നോക്കുന്ന ചടങ്ങ് ഇപ്പോഴുമുണ്ട്. പുതിയ ഓടം പണികഴിപ്പിച്ചാൽ അത് കടലിലിറക്കുന്നതിനുമുമ്പ് ദേശത്തുള്ള എല്ലാ വള്ളക്കാരെയും സ്ഥാനികരെയും വിവരം അറിയിക്കുകയും സ്ഥാനങ്ങളിൽ പ്രത്യേക പൂജ നടത്തുകയും ചെയ്തിരുന്നതായി ഡോ. കെ. പത്മനാഭൻ സൂചിപ്പിക്കുന്നുണ്ട്. ആചാരസ്ഥാനികരെ ഉപചാരപൂർവ്വം സ്വീകരിച്ചിരുത്തി വെറ്റിലയും അടക്കയും ദക്ഷിണയും കൊടുക്കുന്നു. വള്ളം പണി ചെയ്ത മേലാശാരിയും വള്ളത്തിൽ ജോലിക്കുപോകുന്നവരും പ്രദക്ഷിണം വെക്കും. വള്ളപ്പടിയിൽ തേങ്ങയുടയ്ക്കുന്ന പതിവുമുണ്ട്. ദേശത്തെ മറ്റു വള്ളക്കാർ കുവച്ചത്തിൽ (കൊമ്പു കുത്തുന്നസ്ഥലം) പണമിട്ട് പുതിയ സംരംഭത്തിന് ഭാവുകങ്ങൾ നേരാറുണ്ട് (2016:84). തൊഴിലുപകരണം സ്വന്തമാക്കുന്നത് ഒരുപാടു നാളത്തെ അധ്വാനത്തിന്റെയും കഷ്ടപ്പാടിന്റെയും ഫലമായിട്ടാണ്. അങ്ങനെയുള്ള വള്ളത്തിനും വലയ്ക്കും കേടുപാടുകൾ സംഭവിക്കാതിരിക്കാനും കണ്ണേറുദോഷം കിട്ടാതിരിക്കാനുമാണ് ഇത്തരം ചടങ്ങുകൾ നടത്തുന്നത്.

തിരുവനന്തപുരം ജില്ലയിലെ തീരദേശവാസികൾ വള്ളം കടലിലിറക്കുന്നതിനു മുമ്പായി മതവിശ്വാസപ്രകാരമുള്ള പ്രാർത്ഥന നടത്തുന്നു. കരുപ്പെട്ടിയും തേങ്ങയും, പഴവും വള്ളപ്പടിയിൽ വയ്ക്കുകയും കുടുംബത്തിലെ മുതിർന്ന കാരണവർ പ്രാർത്ഥിച്ച് വെഞ്ചരിച്ചതിനു ശേഷം ഇവ ആളുകൾക്ക് വിതരണം ചെയ്യുകയും പതിവുണ്ട്. കൊല്ലം ജില്ലയിലെ 'വലപൂയന'യ്ക്ക് സമാനമായി ഉത്തരകേരളത്തിലെ മുക്കുവരുടെ ഇടയിൽ വല കടലിലിറക്കുന്നതിനു മുമ്പായി 'മേവല പിടിക്കൽ' എന്ന ചടങ്ങ് നടത്തിയിരുന്നു. ക്ഷേത്രസ്ഥാനികരും മറ്റു വലക്കാരും സംബന്ധിക്കുന്ന ഈ ചടങ്ങിൽ കാരണവന്മാരും ആയത്താന്മാരും വലയുടെ മുകളിലിരുന്ന വെറ്റില മുറുക്കുകയും ചക്കര, തേങ്ങ, പണം എന്നിവ വലയിലിട്ട് കോരിയെടുക്കുകയും ചെയ്യും. മത്സ്യബന്ധനത്തിലൂടെ ലഭിക്കാൻ പോകുന്ന സമ്പത്തിനെ പ്രതീകാത്മകമായി സൂചിപ്പിക്കുകയാണ് ഇതിലൂടെ.

**മത്സ്യം കൂടുതൽ ലഭിക്കുന്നതിനായുള്ള അനുഷ്ഠാനങ്ങൾ**

പ്രാചീന ജനസമൂഹങ്ങളുടെയെല്ലാം ഇടയിൽ തൊഴിലുമായി ബന്ധപ്പെട്ട പലവിധ അനുഷ്ഠാനങ്ങളും നിലനിന്നിരുന്നു. കാണിക്കാർ അരുവികളിൽ നിന്ന് മീൻ ലഭിക്കുന്നതിനായി 'ക്ലാരൻ' എന്ന ജലഭൂതത്തിന് പടുക്ക നേദിച്ചിരുന്നതായി സി.കെ. കരുണാകരൻ ചൂണ്ടിക്കാട്ടുന്നുണ്ട് (1987:45) കേരളത്തിലെ തീരദേശവാസികളും മത്സ്യലഭ്യത കൂട്ടാനായി വിവിധതരം അനുഷ്ഠാനക്രിയകളും മന്ത്രവാദങ്ങളും ചെയ്യുന്ന പതിവുണ്ടായിരുന്നു.

കടൽ ശാന്തമാകാനും ചാകരയുണ്ടാകാനും ചെയ്യുന്ന 'കടലിൽ പാലൊഴുക്കൽ' എന്ന ചടങ്ങിനെക്കുറിച്ച് പുലയരുടെ മംഗലപ്പാട്ടിൽ പ്രസ്താവമുണ്ട്. കർക്കിടകം പതിനാറിന് കുളിച്ചു ശുദ്ധിയായി കടലിലേക്ക് പാൽ ഒഴുക്കുന്ന ചടങ്ങാണിത്.

"എഴുതിരുവയസ്സെത്തിയ മുക്കുവത്തി
ഓടത്തിൽ മദ്ധ്യത്തിൽ ഇരുത്തുക വേണെടോ
പശുവിന്റെ പാല് കറന്നെടുത്ത്
ഓടക്കളിയേതോ പാലങ്ങൊഴിക്കുമ്പം
പാലാഴിവർണ്ണനെ നന്നായി സ്തുതിക്കണം"

എന്നാണ് മംഗലപ്പാട്ടിൽ പറയുന്നത്.

മധ്യകേരളത്തിൽ മത്സ്യലഭ്യതയ്ക്കായി 'വെളിച്ചപ്പാട് തുള്ളൽ' നടത്താറുണ്ട്. കൂടാതെ 'കലശം' കഴിപ്പിക്കുകയും ചെയ്യുന്നു. അരി വറുത്ത് തേങ്ങയും ശർക്കരയും ചേർത്ത് ഉരലിൽ ഇടിച്ചുണ്ടാക്കുന്ന പലഹാരം ദേവപ്രീതിക്കായി നേദിക്കുന്ന ചടങ്ങാണിത്. ഉത്തരകേരളത്തിലും ഇതിന് സമാനമായി 'ദണ്ഡനുകൊട്ടുക്കൽ' എന്ന ചടങ്ങുനടത്താറുണ്ട്. മകരമാസത്തിലെ അവസാന ചൊവ്വാഴ്ചയോ വെള്ളിയാഴ്ചയോ ദണ്ഡൻ സ്ഥാനത്താണ് ഇത് നടത്തുന്നത്. ഈ ചടങ്ങ് പ്രാദേശിക ഭേദത്തോടെ നിലനിൽക്കുന്നുണ്ട്. കൊല്ലം ജില്ലയിലുള്ള മാടൻസ്വാമിക്ക് തെണ്ടുനേദ്യം എന്ന ചടങ്ങ് ഇതിന് ഉദാഹരണമാണ്. മാടന്റെ കോപംകൊണ്ട് ഏതെങ്കിലും വള്ളക്കാർക്ക് മീൻ ലഭിക്കാതെ വരുന്ന അവസരത്തിൽ മാടനെ പ്രീതിപ്പെടുത്താനായി വള്ളമുടമസ്ഥന്റെ വീട്ടുമുറ്റത്തുവച്ച് തെണ്ടു പുഴുങ്ങി മാടന് നേദിക്കുന്നു. അരിപ്പൊടിയും ശർക്കരയും തേങ്ങയും ചേർത്ത് കമുകിൻ പാളയിൽ നിറച്ച് നീളത്തിൽ കനലിലിട്ട് ചുട്ടെടുക്കുന്ന പലഹാരമാണ് തെണ്ട്. പൂജയ്ക്കുശേഷം നിവേദ്യത്തിലൊരു പങ്ക് കടലമ്മയ്ക്ക് നൽകുന്നു.


ISSN: 2582 - 2594

വള്ളങ്ങളിൽ മീൻകിട്ടാതെ വരുന്ന സന്ദർഭങ്ങളിൽ കൊല്ലം ജില്ലയിലെ ആലപ്പാട് നടത്തുന്ന 'ആണ്ടിയാർ പടുക്ക' എന്ന അനുഷ്ഠാനകർമ്മത്തെക്കുറിച്ച് ഡോ. ഗായത്രി, കെ.പി. സൂചിപ്പിക്കുന്നുണ്ട്. കടലിൽ മകരമത്സ്യമായി അവതരിച്ച ആണ്ടിയാരെ പ്രീതിപ്പെടുത്തിയാൽ മീൻ സമൃദ്ധമായി ലഭിക്കുമെന്നാണ് വിശ്വാസം. സുബ്രഹ്മണ്യനാണ് ആണ്ടിയാർ. പടുക്ക ദിവസം നിശ്ചയിച്ചു കഴിഞ്ഞാൽ അതിന്റെ പൂജാവിധികൾ ചെയ്യുന്ന കാരണവർ ഏഴു ദിവസം വ്രതം അനുഷ്ഠിക്കണം. സ്വയം പാചകം ചെയ്യുന്ന ഭക്ഷണം വേണം ഇദ്ദേഹം കഴിക്കാൻ. കടപ്പുറത്ത് വലിയ പച്ചോലപ്പന്തലിട്ട് അതിലാണ് പൂജ നടത്തുക. പടുക്കയുടെ തലേദിവസം തന്നെ അതിനുള്ള ഒരുക്കങ്ങൾ ആരംഭിക്കും. പച്ചരിപ്പൊടിയിൽ തേങ്ങയും ശർക്കരയും ചേർത്ത് പലതരത്തിലുള്ള മത്സ്യങ്ങളുടെ ആകൃതിയിൽ പലഹാരങ്ങൾ ഉണ്ടാക്കുന്നു. ഇതുകൂടാതെ ഉണ്ണിയപ്പം, പായസങ്ങൾ എന്നിവയും തയ്യാറാക്കും. പൂജ നടത്തുന്ന പന്തലിൽ പായകൾ വിരിച്ച് അതിൽ വാഴയിലകൾ നിരത്തിയാണ് പൂജാദ്രവ്യങ്ങളായ പലഹാരങ്ങൾ വയ്ക്കുന്നത്. നിലവിളക്കു കൊളുത്തി വെച്ച് കർമ്മി മന്ത്രങ്ങൾ ഉരുവിടുകയും ഈ പലഹാരങ്ങൾ നിവേദിക്കുകയും ചെയ്യുന്നു (2015:188). ഉത്തരകേരളത്തിലെ 'ദണ്ഡനകൊട്ടക്കൽ' എന്ന ചടങ്ങുമായി സാമ്യമുള്ള ചടങ്ങാണ് 'ആണ്ടിയാർ പടുക്ക'. പടുക്ക നേദിക്കുന്നതോടെ സുബ്രഹ്മണ്യൻ (ആണ്ടിയാർ) പ്രീതിപ്പെടുമെന്നും തന്മൂലം ധാരാളമായി മത്സ്യം ലഭിക്കുമെന്നുമാണ് വിശ്വാസം. ഈ ചടങ്ങിനോടനുബന്ധിച്ച് കർമ്മി ഉറഞ്ഞുതുള്ളുകയും ദൈവവചനങ്ങൾ കരക്കാരെ അറിയിക്കുകയും ശേഷം കുഴഞ്ഞുവീഴുകയും ചെയ്യുന്നു. ഈ പൂജയുടെ നിവേദ്യത്തിൽ ഒരു പങ്ക് കടലമ്മക്ക് അവകാശപ്പെട്ടതാണ്. ജനങ്ങൾ ഒത്തുചേർന്ന് നടത്തിയിരുന്ന ഒരു അനുഷ്ഠാനമാണിത്.

മത്സ്യലഭ്യത കുറയുന്നത് മറ്റുള്ളവരുടെ ദൃഷ്ടിദോഷം കൊണ്ടാണെന്ന അന്ധവിശ്വാസത്തിൽ നിന്ന് ഉരുത്തിരിയുന്ന മന്ത്രവാദകർമ്മമാണ് 'കൂടോത്രം'. തിരുവനന്തപുരം ജില്ലയുടെ തെക്കുഭാഗങ്ങളിൽ 'മീൻചുട്ട് കടലിലെറിയുക' എന്ന മന്ത്രവാദകർമ്മം ഉണ്ട്. മറ്റു വള്ളക്കാർക്ക് ധാരാളം മത്സ്യം ലഭിക്കുകയും ഒരു പ്രത്യേക വള്ളത്തിൽ മാത്രം മത്സ്യം ലഭിക്കാതിരിക്കുകയും ചെയ്യുമ്പോൾ മത്സ്യലഭ്യത കുറഞ്ഞ വള്ളക്കാർ അസൂയ മൂലം മറ്റുള്ളവർക്കും മത്സ്യം ലഭിക്കാതിരിക്കാനായി ചെയ്യുന്ന കർമ്മമാണിത്. ഏതു മീനാണോ മറ്റു വള്ളക്കാർക്ക് കൂടുതലായി ലഭിക്കുന്നത് ആ മീൻ കനലിൽ ചുട്ടെടുത്ത് കടലിലേക്ക് എറിയുന്ന രീതിയാണിത്. ഇതോടെ ആ മത്സ്യത്തിന്റെ ലഭ്യത കുറയുമെന്ന് ഇവിടെയുള്ളവർ വിശ്വസിക്കുന്നു.

കേരളത്തിന്റെ കടൽത്തീരങ്ങളിൽ മകരസംക്രമണത്തിന് നടത്തിയിരുന്ന ഒരു ആചാരമാണ് 'സമുദ്രപൂജ'. കടപ്പുറത്തെ അമ്പലങ്ങൾ കേന്ദ്രീകരിച്ചാണ് സമുദ്രപൂജ പ്രധാനമായും നടത്തിയിരുന്നത്. വള്ളത്തിൽ പോകുന്നവർ എല്ലാവരും ഒത്തുചേർന്ന് അമ്പലത്തിലെത്തി വഴിപാട് കഴിപ്പിക്കുകയും കൂടുതൽ മത്സ്യം ലഭിക്കാനായി പ്രാർത്ഥിക്കുകയും ചെയ്യുന്ന ചടങ്ങാണിത്. പ്രാർത്ഥനയ്ക്കുശേഷം പൂജാരി കടലിലേക്കിറങ്ങി നിന്ന് പൂജകൾ ചെയ്യുകയും കടലമ്മയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും ചെയ്യും.

മീൻ കൂടുതൽ ലഭിക്കാനായി ചെയ്തിരുന്ന മറ്റൊരു ആചാരമാണ് 'കുളിച്ചു നേർച്ച'. ചിങ്ങം ഒന്നാം തീയതിയാണ് ഈ ചടങ്ങ് നടത്തുന്നത്. മത്സ്യത്തൊഴിലാളികളുടെ കൂട്ടത്തിലെ കാരണവർ കടലിലിറങ്ങി കുളിച്ചതിനു ശേഷം ഭഗവതിക്ഷേത്രത്തിൽ നേർച്ചകൾ നേരുന്നതാണ് ഈ ചടങ്ങ്. ഈ സമയം മറ്റു മത്സ്യത്തൊഴിലാളികളും സന്നിഹിതരായിരിക്കും. പിന്നീട്

കടലിൽ പോയി 'നല്ല കോര്' കിട്ടുമ്പോൾ ഈ നേർച്ച നടപ്പാക്കുകയും ചെയ്യും.

മത്സ്യബന്ധനത്തിനുശേഷം കിട്ടുന്ന മത്സ്യം, വില്പനയ്ക്ക് മുമ്പായി വീതംവെച്ച് ചില പ്രത്യേക വിഭാഗക്കാർക്കു കൊടുക്കുന്ന ചടങ്ങ് തീരദേശങ്ങളിൽ നിലനിന്നിരുന്നു. അരയവാത്തി (ചക്കരത്തി), ഉള്ളാടൻ എന്നീ വിഭാഗക്കാർക്ക്, ലഭിക്കുന്ന മീനിൽ നിന്ന് ചെറിയൊരു പങ്ക് കൊടുത്തിരുന്നു. എന്നിട്ടേ മത്സ്യം വിൽപ്പനയ്ക്ക് വച്ചിരുന്നുള്ളൂ. മത്സ്യബന്ധനമെന്നത് മത്സ്യത്തെ കൊല്ലുന്ന പ്രക്രിയയാണെന്നും അതിനാൽ ശാപമേൽക്കാതിരിക്കാനാണ് ഇപ്രകാരം ചെയ്യുന്നതെന്നുമാണ് വിശ്വാസം. കടലിൽനിന്ന് കിട്ടുന്നത് ആരുടെയും സ്വകാര്യസ്വത്തല്ലെന്നും എല്ലാവർക്കും അതിന് അവകാശമുണ്ടെന്നുമാണ് 'വീതം വെച്ചു കൊടുക്കൽ' എന്ന ചടങ്ങിന്റെ വിവക്ഷ.

### വ്യക്തിജീവിതവുമായി ബന്ധപ്പെട്ട ആചാരവിശേഷങ്ങൾ

വ്യക്തിജീവിതവുമായി ബന്ധപ്പെട്ടും തീരദേശത്തുള്ളവർക്ക് സവിശേഷമായ ചില ആചാരങ്ങളുണ്ട്. ഗർഭിണിയായാൽ ആദ്യപ്രസവം പെണ്ണിന്റെ വീട്ടിൽ വേണമെന്ന് നിർബന്ധമാണ്. അഞ്ചാം മാസത്തിൽ പെണ്ണിന്റെ വീട്ടിൽനിന്ന് വയറു കാണാൻ വരുന്ന ചടങ്ങുണ്ട്. പലതരം പലഹാരങ്ങളും വസ്ത്രങ്ങളുമൊക്കെയായിട്ടാണ് പെൺവീട്ടുകാർ വരിക. ഏഴാം മാസത്തിൽ പെണ്ണിനെ സ്വന്തം വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോകും. പിന്നീട് പ്രസവം കഴിഞ്ഞ് മൂന്നു മാസത്തിനു ശേഷമേ തിരിച്ച് ഭർത്തൃഗൃഹത്തിലേക്ക് പോവുകയുള്ളൂ. ഏഴാം മാസത്തിൽ കൂട്ടിക്കൊണ്ടു പോകുന്ന ചടങ്ങ് ഓരോ പ്രദേശങ്ങളിലും വ്യത്യസ്തമാണ്. ഗർഭിണിയെ പുരസ്കരിച്ച് ഉത്തര കേരളത്തിൽ നടത്തുന്ന പ്രധാന ചടങ്ങായ 'പുങ്ങനെ'ക്കുറിച്ച് 'മുക്കുവരും തീരദേശ സംസ്കൃതിയും' എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. "ആദ്യമായി ഗർഭിണിയായാൽ ഏഴാം മാസത്തിലാണ് 'പുങ്ങൻ' നടത്തുന്നത്. ഏഴാം മാസത്തിൽ അമ്മാറും (കാരണവത്തികൾ) കാവുച്ചിയും ബന്ധുക്കളായ സ്ത്രീകളുമടക്കം ഭർതൃഗൃഹത്തിലെത്തുന്നു. മൂന്നു വാഴയിലകൾ വച്ച് ഓരോ ഇലയിലും അപ്പവും തേങ്ങാച്ചോറും വിളമ്പുന്നു. ഗർഭിണിയോട് ഏഴപ്പങ്ങൾ കടിക്കാൻ പറയുന്നു. അപ്പത്തിന്റെ അവകാശം 'കാവുച്ചി'ക്കാണ്. അമ്മാറും കൂടെ വന്ന സ്ത്രീകളും അവിടെ ഇരുന്നു തന്നെ കഴിക്കും. പിന്നീട് ഗർഭിണിയെ കോടി വസ്ത്രം ഉടുപ്പിക്കുന്നു. അമ്മ മൂന്നുപ്രാവശ്യം അരിയർച്ചന നടത്തും. തുടർന്ന് തിരിഞ്ഞുനോക്കാതെ നടക്കാൻ പറയുന്നു. ഈ ചടങ്ങിന് 'മടിയിൽ അരിയിട്ടു കൂട്ടിക്കൊണ്ടു പോവുക' എന്നും പറയാറുണ്ട്. ഇതോടനുബന്ധിച്ച് സദ്യവട്ടങ്ങളുമുണ്ടാകും" (പത്മനാഭൻ, കെ., 2016:59).

പ്രസവിച്ചു കഴിഞ്ഞാൽ പതിനാറ് ദിവസത്തെ വാലായ്മ ഉണ്ടാകാറുണ്ട്. അക്കാലങ്ങളിൽ ക്ഷേത്രദർശനം നടത്തുകയോ മംഗളകർമ്മങ്ങളിൽ പങ്കെടുക്കുകയോ ചെയ്യാറില്ല. ജനിച്ച് പതിനഞ്ച് ദിവസം കഴിയുമ്പോൾ മാത്രമേ പെൺകുട്ടികൾക്ക് കണ്ണ് എഴുതുകയും പൊട്ടു കുത്തുകയും ചെയ്യാറുള്ളൂ. 'പതിനഞ്ചിക്കടവ്' എന്നാണ് ഈ ചടങ്ങ് അറിയപ്പെടുന്നത്. ആൺകുട്ടികൾക്ക് 'പതിനഞ്ചിക്കടവ്' പതിനാറാം ദിവസമാണ് ആചരിക്കുന്നത്. ഇരുപത്തിയെട്ടാമത്തെ ദിവസം കുഞ്ഞിന് നൂലുകെട്ടൽ' ചടങ്ങുണ്ട്. അച്ഛന്റെ വീട്ടുകാർക്ക് ആണ് ഇതിന് അവകാശം. കറുത്ത ചരടാണ് ആദ്യം കെട്ടുന്നത്. പിന്നീട് കുഞ്ഞ് കുറച്ചുകൂടി മുതിർന്നതിനുശേഷമാണ് സ്വർണ്ണം കൊണ്ടുള്ള അരഞ്ഞാണം ഇടുവിക്കുന്നത്. ഈ ചടങ്ങിനോടനുബന്ധിച്ച് 'പേര് ചൊല്ലലും' നടത്തുന്നു. അച്ഛന്റെ കാരണവന്മാരുടെ പേരാണ് കുഞ്ഞിന്റെ ചെവിയിൽ വിളിക്കുന്നത്.


ISSN: 2582 - 2594

പെൺകുഞ്ഞാണെങ്കിൽ അച്ഛമ്മയുടെയും ആൺകുഞ്ഞാണെങ്കിൽ അച്ഛച്ഛന്റേയും പേരുകൾ വിളിക്കുന്നു. ക്ഷേത്രത്തിൽ കൊണ്ടുപോയി ചോറൂണ് നടത്തിയതിനു ശേഷമേ കുഞ്ഞിന് മറ്റു ഭക്ഷണങ്ങൾ കൊടുക്കുവാൻ പാടുള്ളൂ. ചോറൂണ് നടത്താത്ത കുഞ്ഞുങ്ങളെ ക്ഷേത്രത്തിനകത്ത് പ്രവേശിപ്പിക്കാറില്ല. പ്രസവിച്ച തൊണ്ണൂറു ദിവസത്തിനു ശേഷമാണ് അമ്മയേയും കുഞ്ഞിനേയും ഭർത്തൃഗൃഹത്തിലേക്ക് കൊണ്ടുപോകുന്നത്. ഭർതൃഗൃഹത്തിൽ നിന്ന് ആളുകളെത്തി ആഘോഷപൂർവ്വമാണ് ചടങ്ങുകൾ നടത്തുക. അമ്മയ്ക്കും കുഞ്ഞിനുമായി കോടിവസ്ത്രങ്ങൾ കൊണ്ടു വന്നിട്ടുണ്ടാകും. ഇവ ഉടുപ്പിച്ചാണ് ഇവരെ ഭർത്തൃഗൃഹത്തിലേക്ക് ആനയിക്കുന്നത്.

പ്രസവിച്ച പെണ്ണിന്റെ ശരീരം 'ഇളയതാകുന്നു' എന്നാണ് വിശ്വാസം. അതുകൊണ്ടുതന്നെ പ്രസവിച്ച് മൂന്നുമാസം അതീവ ശ്രദ്ധയും പരിചരണവും ഗർഭിണിക്ക് നൽകുന്നു. പച്ചമരുന്നുകൾ ചേർത്ത ലേഹ്യവും കഷായവും ഈ അവസരത്തിൽ നൽകുന്നു. 'വയറൊഴിയുമ്പോൾ' ഉണ്ടാകുന്ന ശീലക്കേടുകൾ ഒഴിവാക്കാനായി വിവിധ മരുന്നുകളും സുഭിക്ഷമായ ആഹാരങ്ങളും കഴിപ്പിക്കുന്നു. ഉലുവക്കഞ്ഞിയും മുളപ്പിച്ച ചെറുപയറും പ്രസവശേഷം നൽകുന്നു. കുഞ്ഞിനു മൂന്നു മാസത്തിനുശേഷം ദ്രാവകരൂപത്തിലുള്ള ആഹാരസാധനങ്ങൾ നൽകി തുടങ്ങുന്നു.

ആധുനിക വൈദ്യശാസ്ത്രത്തിന്റെ പുരോഗതിയോടെ പ്രസവശേഷമുള്ള പരിചരണത്തിലും ശിശുപരിപാലനത്തിലും തീരദേശവാസികളും പുറംസമൂഹത്തെപ്പോലെ കുറേക്കൂടി ശാസ്ത്രീയമായ രീതികൾ അവലംബിക്കുന്നുണ്ട്. ആദ്യകാലത്ത് 'വയർ ഉണങ്ങാൻ' എന്ന പേരിൽ സ്ത്രീകൾക്ക് വളരെ കുറച്ച് വെള്ളം മാത്രമേ കുടിക്കാനായി നൽകിയിരുന്നുള്ളൂ. എന്നാൽ ഇന്ന് ആധുനിക വൈദ്യവിധിപ്രകാരം ധാരാളം ശുദ്ധജലം കുടിക്കാനായി നൽകുന്നു. കൂടാതെ ആദ്യത്തെ ആറുമാസം കുഞ്ഞിന് മുലപ്പാൽ മാത്രമേ നൽകുകയുള്ളൂ. ജീവിതത്തിന്റെ സമസ്തമേഖലയിലും തീരദേശവാസികൾ പുറം സമൂഹത്തിന്റെ രീതികളെക്കൂടി സ്വീകരിക്കുന്നതിന്റെ സൂചനകളാണിവ.

വിവാഹവുമായി ബന്ധപ്പെട്ടും തീരദേശനിവാസികൾക്ക് സവിശേഷമായ ചില ചടങ്ങുകളുണ്ട്. വിവാഹത്തിന് കടക്കോടിയുടെ അനുമതി വാങ്ങേണ്ടിയിരുന്നു. തുറയിലരയനെ അല്ലെങ്കിൽ കടക്കോടി അധിപനെ ചെന്നുകണ്ടു കാണിക്ക വെച്ച് അനുമതി വാങ്ങിയതിനുശേഷം മാത്രമേ വിവാഹം നടത്താൻ പാടുണ്ടായിരുന്നുള്ളൂ. അങ്ങനെയല്ലാത്ത വിവാഹങ്ങൾക്ക് കടക്കോടി അധിപന്മാർ അനുമതി നൽകില്ല. മാത്രവുമല്ല തുറക്കാരാരും ഇത്തരം വിവാഹങ്ങളിൽ പങ്കെടുക്കില്ല. വിവാഹത്തിന് 'സംഭാവനപ്പണം' സ്വീകരിക്കുന്ന പതിവുണ്ടായിരുന്നു. ക്ഷണിക്കപ്പെട്ട ആളുകൾ പന്തലിൽ വെയ്ക്കുന്ന തളികയിൽ പണം നിക്ഷേപിക്കുന്ന രീതിയാണിത്. ഈ ചടങ്ങ് ഇന്നും തുടരുന്നുണ്ട്. ധീവര വിഭാഗത്തിലെ അവാന്തരവിഭാഗങ്ങൾ തമ്മിൽ ആദ്യകാലത്ത് വിവാഹബന്ധം ഉണ്ടായിരുന്നില്ല. പിന്നീട് കെ.പി. കുറുപ്പൻ, വേലുക്കുട്ടി അരയൻ തുടങ്ങിയവരുടെ ശ്രമഫലമായിട്ടാണ് ഈ രീതിക്ക് മാറ്റം ഉണ്ടായത്. വിവാഹസമ്പ്രദായത്തിലും കാലാനുസൃതമായ മാറ്റം ഇന്ന് തീരദേശവാസികൾക്ക് ഇടയിൽ ഉണ്ടായിട്ടുണ്ട്. ആരെങ്കിലും മരണമടഞ്ഞാൽ ആചാരസ്ഥാനത്ത് അറിയിക്കുകയും അവിടെനിന്ന് മറ്റു തുറക്കാരെ വിവരം അറിയിക്കുകയും ചെയ്യും. ഇന്നും തീരദേശവാസികൾക്ക് ഇടയിൽ നിലനിൽക്കുന്ന 'കരയോഗങ്ങൾ' ഇത്തരം കാര്യങ്ങളുടെ ചുമതല വഹിക്കുന്നുണ്ട്.

ഒരു ജനതയുടെ ജീവിതരീതികളെ നിർണ്ണയിക്കുന്ന ഈടുവെയ്പ്പുകളാണ് സംസ്കാരം.

സംസ്കാരവും ആചാരാനുഷ്ഠാനങ്ങളുമെല്ലാം കൂട്ടായ്മകളുടെ പൊതുബോധത്തെ പങ്കുവയ്ക്കുകയും പാരമ്പര്യനിഷ്ഠമായ ജീവിതാവസ്ഥകളെ മുറുകെപ്പിടിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. എങ്കിലും സംസ്കാരം മാറ്റമില്ലാതെ തുടരുന്ന ഒന്നല്ല; പുരുഷാന്തരങ്ങളിലൂടെ അവ നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ആഗോളവൽക്കരണവും അധിനിവേശവും ദേശത്തനിമകളെയും സംസ്കാരത്തെയും പൂർണ്ണമായും ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ സാഹിത്യത്തിലൂടെയും നാട്ടുകൂട്ടങ്ങളിലൂടെയും സംസ്കാരത്തിന്റെ അതിജീവനത്തിനുള്ള സാധ്യതകൾ ആരായപ്പെടുന്നു. ഓരോ ജനവിഭാഗങ്ങളുടെയും സംസ്കാരത്തെയും ഇതര സമൂഹങ്ങളിൽ നിന്ന് അവർക്കുള്ള വ്യത്യസ്തതകളെയും തിരിച്ചറിയുന്നതിന് സംസ്കാരപഠനം നിർണ്ണായകമായ പങ്കുവഹിക്കുന്നുണ്ട്. ഭൂപരിസ്ഥിതിയും ജീവിതസാഹചര്യങ്ങളുമെല്ലാം സംസ്കാരവൈവിധ്യങ്ങൾ ഉണ്ടാകാൻ കാരണമായി തീർന്നിട്ടുണ്ട്. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ മത്സ്യബന്ധനം മുഖ്യതൊഴിലായി സ്വീകരിച്ചു വരുന്ന വിപുലമായ ജനസഞ്ചയമുണ്ട്. വ്യത്യസ്ത മതവിഭാഗങ്ങളിലും ഉപജാതിയിലും പെട്ടവരാണെങ്കിലും തൊഴിൽക്കൂട്ടായ്മകളിലും ജീവിതരീതികളിലും ഇവർ ഏറെ സാമ്യത പുലർത്തുന്നു. കടലിനെ ആശ്രയിച്ചുള്ള ജീവിതവും കടൽത്തീരത്തുള്ള താമസവും, ജനക്കൂട്ടായ്മയും സാംസ്കാരികത്തനിമയും രൂപപ്പെടാൻ ഇടയാക്കിയിട്ടുണ്ട്.

ഭൂപ്രകൃതിയുടെയും തൊഴിലിന്റെയും അടിസ്ഥാനത്തിൽ രൂപപ്പെട്ട തീരദേശസംസ്കാരം സമൂഹത്തിലെ മറ്റു സംസ്കാരങ്ങളിൽനിന്ന് വ്യത്യസ്തമാണ്. ഇവിടെ ദൈനംദിന വ്യവഹാരങ്ങളിൽപ്പോലും കടലും കടലുമായി ബന്ധപ്പെട്ട വിശ്വാസങ്ങളും രൂഢമൂലമായിരിക്കുന്നു. ആചാരാനുഷ്ഠാനങ്ങളിലും വിശ്വാസരീതികളിലും സവിശേഷമായ സംസ്കാരം വെച്ചുപുലർത്തുന്ന ജനവിഭാഗമാണ് തീരദേശക്കാർ.

**ഗ്രന്ഥസൂചി**


അനിൽകുമാർ, ഡി. 2019 കടപ്പെറപാസ, പ്രവദാബുക്സ്, കൊല്ലം

ആൻഡ്രൂസ്, എ. 2007 കടൽമുത്ത്-ഒരുമത്സ്യത്തൊഴിലാളിയുടെ കടലനുഭവങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം

കരുണാകരൻ, സി. കെ. 1989 കാണിക്കാർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

ഗണേശ്, കെ. എൻ. 2011 കേരളത്തിന്റെ ഇന്നലെകൾ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജസ്, തിരുവനന്തപുരം

ഗോപാലകൃഷ്ണൻ, പി. കെ. 1973 കേരളചരിത്രം (വാല്യം 1), കേരള ഹിസ്റ്ററി അസ്സോസിയേഷൻ, കൊച്ചി

പത്മനാഭൻ, കെ. 2016 മുക്കുവരും തീരദേശസംസ്കൃതിയും, പുസ്തകഭവൻ, കണ്ണൂർ

മദനൻ, ടി. എൻ. 2010 തീരം, മനോജ്കുമാർ, ടി. എം. , കൊച്ചി

ശ്രീകുമാർ, ടി. ടി. 2004 കടലറിവുകൾ, ഡി. സി. ബുക്സ്, കോട്ടയം

റോബർട്ട് പനിപ്പിള്ള 2015 കടലറിവുകളും നേരനുഭവങ്ങളും, ഡി. സി. ബുക്സ്, കോട്ടയം


**ഗവേഷണപ്രബന്ധങ്ങൾ**


അജു, കെ. എൻ. 2001 കേരളത്തിലെ ബുദ്ധമത പാരമ്പര്യം നാടോടിക്കഥകളിലൂടെ (ആലപ്പുഴ ജില്ലയിലെ നാട്ടറിവുകൾ ആധാരമാക്കി ഒരു പഠനം), എസ്. എസ്. യു. എസ്. , കാലടി

ഗായത്രി, കെ. പി. 2015 ആലപ്പാട്ടെ അരയജീവിതം സമകാലികതയും സ്വത്വരൂപീകരണവും, എസ്. എസ്.യു.എസ്. , കാലടി

# ആധുനികതാവാദ നിരൂപണത്തിന്റെ രാഷ്ട്രീയം: തെരഞ്ഞെടുത്ത നിരൂപകരെ ആസ്പദമാക്കിയുള്ള പഠനം

**ശ്രുതി. ടി**
ഗവേഷക.
സാഹിത്യപഠനം.
തുഞ്ചത്തെഴുത്തച്ഛൻ-മലയാള സർവകലാശാല.
sruthimazha@gmail.com

**സംഗ്രഹം**

ആധുനികതാവാദത്തെ കേവലം ഒരു സംജ്ഞയായി പരിഗണിക്കുവാൻ സാധ്യമല്ല. കല സാഹിത്യപ്രവണതയെ കുറിക്കുന്ന പദം എന്ന രീതിയിലാണ് ആധുനികതാവാദത്തിന്റെ രൂപീകരണം. ഒരു കാലഘട്ടത്തിന്റെ സൃഷ്ടി, കാലഘട്ടം എന്നുള്ള അടയാളപ്പെടുത്തലിനേക്കാൾ ഒരു മനോഭാവം എന്നുള്ള പദമാണ് ആധുനികതാവാദത്തിന് അനുയോജ്യം. കലയെ സൈദ്ധാന്തികമായി അടയാളപ്പെടുത്തുവാൻ ആധുനികതാവാദം സഹായിക്കുന്നു. ഇമ്പ്രഷനിസം, പോസ്റ്റ് ഇമ്പ്രഷനിസം, ഫ്യൂച്ചറിസം, ക്യൂബിസം, ദാദായിസം തുടങ്ങി പല സാഹിത്യസമീപനങ്ങളും ആധുനികതാവാദത്തെ സ്വാധീനിച്ചു. കഥ, കവിത, നോവൽ, നാടകം, നിരൂപണം തുടങ്ങി ലോക സാഹിത്യത്തെ ആധുനികതാവാദദർശനങ്ങൾ സ്വാധീനിച്ചു.

മലയാള നിരൂപണത്തിൽ ആധുനികതാവാദം എങ്ങനെ ഇടപെടലുകൾ നടത്തി എന്നാണ് ഈ പഠനത്തിലൂടെ വിശകലനം നടത്തുന്നത്. കെ.പി അപ്പൻ, ആഷാ മേനോൻ, നരേന്ദ്രപ്രസാദ്, വി. രാജകൃഷ്ണൻ തുടങ്ങിയവരുടെ നിരൂപണങ്ങളെ ഈ പഠനത്തിന്റെ ഭാഗമായി വിശകലനം ചെയ്യുന്നു.

**താക്കോൽ വാക്കുകൾ :** ആധുനികതാവാദം, അസ്തിത്വവ്യഥ, സർഗാത്മകത, ലൈംഗികത.

**ആമുഖം**

ആധുനികതാവാദസാഹിത്യം മലയാളത്തെ സംബന്ധിച്ചിടത്തോളം ഒരു നവഭാവുകത്വ പരിണാമമായിരുന്നു. നിലവിലുള്ളതിൽ നിന്ന് പൂർണമായി മാറികൊണ്ടും രചനാശൈലിയിലും പ്രമേയത്തിലും പുതുമ നിറച്ചുകൊണ്ടും കഥ, കവിത, നോവൽ, നാടകം തുടങ്ങി സാഹിത്യത്തി

ന്റെ എല്ലാ മേഖലകളിലും മാറ്റം പ്രകടമാക്കിക്കൊണ്ടാണ് ആധുനികതാവാദം രൂപപ്പെട്ടത്. വൈയക്തികമായ അവസ്ഥകളെ കൃത്യമായി ഉൾക്കൊണ്ട് അതിനെ പ്രതിനിധാനം ചെയ്യുന്ന തരത്തിലുള്ള രചനകൾ ആധുനികതാവാദസാഹിത്യത്തിന്റെ ഭാഗമായി. ആൾക്കൂട്ടത്തിലായിരിക്കുമ്പോഴും ഏകാകിയായ മനുഷ്യനെ സാഹിത്യം ചിത്രീകരിച്ചു. മനസിന്റെ ഉൾപ്പിരിവുകളിലേക്ക് ആഴത്തിൽ ഇറങ്ങിച്ചെന്നു. സമൂഹവുമായിട്ടുള്ള സംവേദനത്തിനപ്പുറത്തേക്ക് മനുഷ്യൻ അവനോട് തന്നെ സംസാരിക്കുന്നതിനെ സർഗാത്മകമായി രേഖപ്പെടുത്തി. ലൈംഗികത, സ്വത്വപ്രതിസന്ധി, അന്യതാബോധം, ശൂന്യതാബോധം തുടങ്ങി മലയാളിക്ക് പരിചയമില്ലാത്ത തുറന്നെഴുത്തുകളെ ആധുനികതാവാദ മലയാളസാഹിത്യംസ്വീകരിച്ചു.

ഇത്തരം സാഹിത്യസമീപനങ്ങളെ പൂർണമായി ഉൾകൊള്ളാൻ പറ്റാത്ത ഒരു ആസ്വാദന പരിസരവും ഇതിന്റെ ഭാഗമായി രൂപംകൊള്ളുകയും പെട്ടെന്നുള്ള ഭാവുകത്വപരിണാമത്തെ അവർ നിരാകരിക്കുകയും ചെയ്തു. പല രീതിശാസ്ത്രങ്ങളും ഉപയോഗിച്ച് ഇത്തരം എഴുത്തുകളെ രൂക്ഷമായി എതിർത്തു. ലൈംഗികതക്കും സ്വത്വപ്രതിസന്ധികൾക്കും അമിതമായ പ്രാധാന്യം കൊടുത്ത് ഒരു തലമുറയെ പ്രതിസന്ധിയിലകപ്പെടുകയാണ് ആധുനികതാ വാദസാഹിത്യകാരൻ ചെയ്യുന്നതെന്ന് ഇതിനെ എതിർക്കുന്നവർ വാദിച്ചു. കലയും സാഹിത്യവും സമൂഹത്തിന്റെ പുരോഗതിക്ക് ആയിരിക്കണമെന്നും സാഹിത്യം പ്രതിനിധാനം ചെയ്യുന്നത് സമൂഹനവോത്ഥാനമാകണമെന്നും ഇക്കൂട്ടർ വാദിച്ചു.

എന്നാൽ ഇതിൽ നിന്നും ഭിന്നമായി ആധുനികതാവാദസാഹിത്യത്തെ ഉൾക്കൊള്ളുവാനും കൃത്യമായ രീതിയിൽ വായനക്കാരോട് സംവദിക്കാനും തയ്യാറായ നിരൂപകരും ഉണ്ടായി. ഇവർ ആധുനികതാവാദസാഹിത്യത്തോട് പൂർണമായും അനുകൂലനിലപാടുകൾ സ്വീകരിച്ചു. ജാഗ്രതയോടും സൂക്ഷ്മതയോടും കൂടി ഇവർ ആധുനികതാവാദസാഹിത്യത്തെ വിശകലനം ചെയ്തു. ഇത്തരം എഴുത്തുകളെ ഉൾക്കൊള്ളുവാനും വിശകലനം ചെയ്യുവാനും നിലവിലുള്ള നിരൂപണ സമ്പ്രദാങ്ങളിൽ നിന്നും വിഭിന്നമായി പുതിയൊരു നിരൂപണസമ്പ്രദായം ആവശ്യമാണെന്ന വാദവും അതിന് ആവശ്യമായ ബദൽ സമ്പ്രദായവും ഇവർ ആവിഷ്കരിച്ചു. അങ്ങനെ കുറേകൂടി സർഗ്ഗാത്മകവും സൗന്ദര്യാധിഷ്ഠിതവുമായ വിവിധ ദർശനങ്ങളെ ഉൾക്കൊണ്ടുകൊണ്ട് ഒരു നവീനവിമർശനശാഖ രൂപംകൊണ്ടു. 'കെ.പി അപ്പൻ', 'ആഷാമേനോൻ', 'നരേന്ദ്രപ്രസാദ്', 'വി. രാജകൃഷ്ണൻ' എന്നിവർ ആധുനികതാവാദസാഹിത്യത്തോട് അനുകൂല നിലപാട് സ്വീകരിച്ചവരും വായനക്കാരെ ആധുനികതാവാദ നിലപാടുകളോട് അടുപ്പിക്കാൻ സഹായിച്ചവരുമാണ്.

### ആധുനികതാവാദ ദർശനങ്ങളും മലയാള നിരൂപണവും

ആധുനികതാവാദസാഹിത്യത്തിലെ പ്രധാന വിഷയമായിരുന്നു ഏകാന്തതയും ഒറ്റപ്പെടലും. ഈ പ്രശ്നങ്ങളെ അപഗ്രഥിക്കുവാനായി അന്യവത്കരണത്തിന്റെയും ശൂന്യതാബോധത്തിന്റെയും അസ്തിത്വദർശനത്തിന്റെയും ചിന്തകൾ നിരൂപണത്തിൽ ആധുനികതാവാദനിരൂപകർ പ്രയോഗിക്കുന്നു. മനുഷ്യന്റെ അസ്തിത്വത്തിനേറ്റ കഠിനമായ ആഘാതങ്ങളെ ആവിഷ്ക്കരിക്കുന്നതാണ് ആധുനികതാവാദ സാഹിത്യമെന്ന വാദത്തെ ഊട്ടിയുറപ്പിക്കുന്ന രീതിയിലാണ് ഇവരുടെ നിരീക്ഷണങ്ങൾ. "മറ്റാർക്കും വേണ്ടിയല്ല തനിക്കുവേണ്ടി വിരസമായ ഈ ഏകാന്തതയോടുള്ള പ്രതികാരമെന്നവണ്ണം ജീവിതം നൽകുന്ന മടുപ്പിൽ നിന്നും സ്വാതന്ത്ര്യം നേടുന്നതി


ISSN: 2582 - 2594

നവേണ്ടി ലക്ഷ്യമില്ലാതെ, പങ്കാളികളില്ലാതെ രചനയുടെ ഉന്മാദമനുഭവിക്കാൻ വേണ്ടി മാത്രം രഹസ്യമായി അയാൾ (എഴുത്തുകാരൻ) സൃഷ്ടിയിലേർപ്പെട്ടു." (1973:61) കെ.പി അപ്പന്റെ ഇത്തരം വാദങ്ങളെല്ലാം ആധുനികതാവാദസാഹിത്യകാരന്മാർ രചന നിർവ്വഹിക്കുന്നത് ഒറ്റപ്പെടലിൽ നിന്ന് രക്ഷ നേടാനാണ് എന്ന വാദത്തെ ഉറപ്പിച്ചു. 'ക്ഷോഭിക്കുന്നവരുടെ സുവിശേഷം' എന്ന ആദ്യ കൃതിയിൽ തന്നെ ജീവിതത്തിലെ പ്രശ്നം ജനിച്ചു പോയി എന്നതാണെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. ആധുനികതാവാദസാഹിത്യത്തിലെ ഏറ്റവും വലിയ പ്രശ്നമായി സാമൂഹി കപുരോഗതി ലക്ഷ്യംവെക്കുന്നില്ല എന്ന് പറഞ്ഞവരെ കെ.പി അപ്പൻ കൃത്യമായി എതിർക്കു ന്നുണ്ട്. "നഷ്ടപ്പെട്ട സാമൂഹിക വീക്ഷണം ആധുനികതയുടെ ഒരു പോരായ്മയാണെന്നു എനിക്ക് തോന്നിയിട്ടില്ല. അയഥാർത്ഥത്തെക്കുറിച്ചുള്ള ബോധം എഴുത്തുകാരനെ നീരാളിയെപോലെ പിടികൂടുമ്പോൾ സാമൂഹികവീക്ഷണം അസാദ്ധ്യമായിതീരുന്നു. അസ്തിത്വത്തെ സംബന്ധിക്കുന്ന അടിസ്ഥാനപരമായ പ്രശ്നങ്ങൾ സൃഷ്ടി ശക്തിയെ ഉന്മാദം കൊള്ളിക്കുമ്പോൾ ജാതിയും മതവും സാമ്പത്തിക പ്രശ്നങ്ങളും അയാൾക്ക് വിഷയമല്ലാതായി തീരുന്നു അന്യതാബോധത്തിന്റെ ദു:ഖമനുഭവിക്കുന്ന ഈ ദശാസന്ധിയിൽ എഴുത്തുകാരന് മതം മാത്രമല്ല, സകലവും മയക്കുമരു ന്നാണ്." (1973:65) അസ്തിത്വത്തെക്കുറിച്ചുള്ള ചിന്തകൾ എഴുത്തുകാരനിലും ആസ്വാദകനിലും ഒരുപോലെ കുടിയേറിയ സമയത്ത് സാമൂഹ്യാപഗ്രഥനം മാത്രമാകണം സാഹിത്യം എന്ന യാഥാസ്ഥിതിക കാഴ്ച്ചപ്പാടിനെ എതിർത്തുകൊണ്ട് മനുഷ്യന്റെ അസ്തിത്വത്തിനു പ്രാധാന്യം കൊടുക്കുന്ന രചനകളാണ് എഴുത്തിൽ വേണ്ടതെന്നു കെ പി അപ്പനെ പോലുള്ള നിരൂപകർ വാദിച്ചു. നിങ്ങൾ എന്താണ് എന്ന് തെളിയിക്കേണ്ടത് നിങ്ങളുടെ തിരഞ്ഞെടുപ്പുകളെ അടിസ്ഥാ നമാക്കികൊണ്ടാവണമെന്ന് അസ്തിത്വവാദവക്താക്കൾ വാദിച്ചു. “അസ്തിത്വവാദം വ്യക്തികേ ന്ദ്രികൃതമായ തത്വശാസ്ത്രമാണ്. ശാസ്ത്രത്തിന് എതിരല്ലെങ്കിലും ഇതിന്റെ ശ്രദ്ധ ഒരു മനുഷ്യന്റെ സ്വത്വത്തിനും അർത്ഥത്തിനും വേണ്ടിയുള്ള പരാക്രമത്തിലാണ്. അല്ലാതെ ബഹുജന സമൂഹ ത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ ഉപരി വിപ്ലവത്തിനും അനുരൂപീകരണത്തിലും അല്ല” (1973:68). ഈ ഒരു വാദത്തെ കൃത്യമായി അവലംബിച്ചുകൊണ്ടാണ് 'മാറുന്ന മലയാള നോവൽ' എന്ന കൃതിയിൽ കെ പി അപ്പൻ ആധുനികതാവാദ നോവലുകളെക്കുറിച്ചുള്ള തന്റെ കാഴ്ച്ചപ്പാടുകൾ അവതരിപ്പിക്കുന്നത്. 'ചെറുകഥയുടെ ഛന്ദസ്സ്' എന്ന കൃതിയിൽ കാഫ്കയുടെ സ്വത്വപ്രതിസന്ധികളെ വി. രാജകൃഷ്ണൻ വിശകലനവിധേയമാക്കുന്നു. 'എ ഹംഗർ ആർട്ടിസ്റ്റ്' എന്ന കാഫ്കയുടെ കഥ ഉദാഹരണമയെടുത്തുകൊണ്ട് എഴുത്തുകാരന്റെ അന്യവത്കരണത്തെ സൂചിപ്പിക്കുന്നു. "അങ്ങനെ കലയുടെ സ്വീകരണത്തിലും ഉപഭോഗത്തിലും വർത്തമാന കാല ഘട്ടത്തിൽ വന്നുപ്പെട്ടിട്ടുള്ള ജീർണ്ണതയും മുതലാളിത്തവ്യവസ്ഥിതിയിൽ കഥാകാരൻ അനുഭ വിക്കുന്ന ക്രൂരമായ അന്യവത്കരണവുമാണ് പ്രവാചക സാദൃശ്യമായ ഉൾക്കാഴ്ചയോടെ കാഫ്ക ഈ കഥയിൽ സംവേദനം ചെയ്യുത്. (1997 : 25) ‘ആളൊഴിഞ്ഞ അരങ്ങ് ‘എന്ന കൃതിയിൽ അസ്തിത്വബോധത്തിന്റെ ഭാഗമായ ദുരന്തബോധം എങ്ങനെയെല്ലാം ആധുനിക കവികളിൽ വർത്തിക്കുന്നു എന്നത് സൂക്ഷ്മമായി വി. രാജകൃഷ്ണൻ വിശകലനം ചെയ്യുന്നു. ദുരന്തബോധവും മൃത്യുബോധവും അസ്തിത്വപ്രതിസന്ധിയുടെ ഭാഗമാണെന്നും അത് അവനവന്റെ നിലനിൽ പ്പിനെക്കുറിച്ചുള്ള ചോദ്യങ്ങളിലേക്ക് വിരൽ ചൂണ്ടുന്നുവെന്ന് വി. രാജകൃഷ്ണൻ സൂചിപ്പിക്കുന്നു. (1997 : 18) ഇത്തരത്തിൽ പല സന്ദർഭങ്ങളിലും വിവിധ ദർശങ്ങളെ ക്രോഡീകരിക്കുവാൻ വി.രാജകൃഷ്ണനു കഴിഞ്ഞിട്ടുണ്ട്.

നരേന്ദ്രപ്രസാദിന്റെയും ആഷാമേനോന്റെയും കൃതികളിൽ ഇത്തരത്തിലുള്ള വിവിധ നിരീക്ഷണങ്ങൾ പ്രകടമാണ്. മലയാള സാഹിത്യത്തിൽ ആധുനികതാവാദം അതിന്റെ പ്രഭാവം തുടങ്ങിയ ഘട്ടത്തിലാണ് നരേന്ദ്രപ്രസാദ് എഴുതി തുടങ്ങിയത്. ആധുനികതാവാദത്തിന്റെ രീതിശാസ്ത്രങ്ങളെ തന്റെ എഴുത്തിലേക്ക് സന്നിവേശിപ്പിക്കുവാൻ നരേന്ദ്രപ്രസാദിന് കഴിഞ്ഞു. അസ്തിത്വവാദം ഇത്രത്തോളം ആധുനികതാവാദമനുഷ്യനിൽ സ്വാധീനം ചെലുത്തിയതിനെ അദ്ദേഹം ഇങ്ങനെ അപഗ്രഥിക്കുന്നു. "വികലവിശ്വാസങ്ങളും പരപ്പൻ ആദർശങ്ങളും മനുഷ്യകർമത്തോട് ബന്ധപ്പെടാതിരിക്കുകയും പൊതുമനുഷ്യനെക്കുറിച്ചുള്ള ഗീർവാണത്തിനു പ്രത്യേക മനുഷ്യന്റെ കാര്യത്തിൽ ഒരു പ്രസക്തിയുമില്ലാതിരിക്കുകയും വ്യക്തിത്വങ്ങൾ വിഭക്തിയും ശിഥിലവുമാവുകയും, സ്ഥാപനവും വ്യക്തിയും തമ്മിലുള്ള സംഘർഷം വർധിക്കുകയും സ്വന്തം അദ്ധ്വാനം മനുഷ്യന് നേരെ എതിരായി തിരിയുകയും ചെയ്യുന്ന അനുഭവമുണ്ടായ എഴുത്തുകാരൻ അസ്തിത്വവാദത്തിന്റെ ആശയങ്ങളാൽ സ്വാധീനിക്കപ്പെട്ടതിൽ അത്ഭുതമില്ല. (1980 : 68) ഇത്തരത്തിൽ സൂക്ഷ്മമായി സമൂഹചരിത്രത്തെ വിശകലനം ചെയ്തുകൊണ്ട് എഴുത്തുകാരൻ ആധുനികതാവാദപരിസരത്തിൽ എങ്ങനെയാണു ദാർശനിക സമീപനങ്ങൾ തന്റെ എഴുത്തിൽ സന്നിവേശിപ്പിച്ചതെന്നു നരേന്ദ്രപ്രസാദ് ചൂണ്ടിക്കാട്ടുന്നു. ഇത്തരത്തിലുള്ള ഒരുപാട് നിരീക്ഷണങ്ങൾ അദ്ദേഹത്തിന്റെ എഴുത്തിൽ പ്രകടമാണ്. ജീവിതത്തെ കുറിച്ചുള്ള ചില സങ്കൽപ്പങ്ങളെ ചോദ്യം ചെയ്തുകൊണ്ട് ജീവിതത്തെ അത്തരം സങ്കൽപ്പങ്ങളിൽ നിന്ന് മുക്തമാക്കുവാൻ അസ്തിത്വവാദത്തിനു കഴിയുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. "ജീവിതത്തെ അതീത സങ്കല്പനങ്ങളിൽ നിന്ന് വിമുക്തമാക്കാനാണ് അസ്തിത്വവാദം ശ്രമിക്കുന്നത്. ജനനത്തിൽ തുടങ്ങി മരണത്തിൽ ഒടുങ്ങുന്നതാണ് ജീവിതം. അത് മരണാനന്തരമുള്ള ഏതെങ്കിലും യാഥാർത്ഥ്യത്തെ എത്തിപ്പിടിക്കാനുള്ള താൽക്കാലിക ഘട്ടമല്ല.8" (1980 : 118) ഒ. വി വിജയന്റെയും കാക്കനാടന്റെയും രചനകളിൽ ഇത്തരത്തിലുള്ള ദർശനങ്ങൾ എങ്ങനെയെല്ലാം സ്വാധീനം ചെലുത്തുന്നുണ്ടെന്ന് നരേന്ദ്രപ്രസാദ് വിശദീകരിക്കുന്നു. തുടർന്ന് വരുന്ന അധ്യായങ്ങളിൽ അത് വിശകലനം ചെയ്യുന്നുണ്ട്. ആധുനികതാവാദം മുന്നോട്ടു വെച്ച ദർശനങ്ങളെ കൃത്യമായി ഉൾക്കൊള്ളുവാനും അതിനോട് യോജിച്ചും വിയോജിച്ചും നിരൂപണം നടത്തുവാനും ഇവർക്ക് സാധിച്ചു.

**ആധുനികതാവാദനിരൂപണത്തിലെ ഭാഷാസമീപനങ്ങൾ**

നിലവിലുള്ള ഭാഷ സമീപനങ്ങളുടെ പ്രശ്നങ്ങൾ തിരിച്ചറിയുകയും അവയെ നവീകരിച്ചുകൊണ്ട് പുതിയൊരു ഭാഷാശൈലി രൂപപ്പെടുത്തിയവരുമാണ് ആധുനികതാവാദ എഴുത്തുകാർ. മിത്തുകളും പ്രതീകങ്ങളും കൂടിച്ചേർന്ന ഭാഷ ചിത്രീകരണം സൗന്ദര്യാത്മകവും, സർഗ്ഗാത്മകവുമാക്കുവാൻ ആധുനികതാവാദ എഴുത്തുകാർക്ക് സാധിച്ചു. ഏകാന്തവും സങ്കീർണവുമായ ജീവിതത്തെ ചിത്രീകരിക്കുവാൻ നിലവിലെ യാഥാസ്ഥിതികഭാഷ പര്യാപ്തമല്ല എന്ന തിരിച്ചറിവിൽ കുറേക്കൂടി ആത്മഭാഷണപരമായി ഭാഷയെ രൂപപ്പെടുത്തി. ഈ രൂപപ്പെടലുകളെ കൃത്യമായി അടയാളപ്പെടുത്തുവാനും വിശകലനം ചെയ്യുവാനും ആധുനികതാവാദ നിരൂപകർക്കു സാധിച്ചു. "ഭാഷയുടെ അപര്യാപ്തത എഴുത്തുകാരനെ മൗനത്തിന്റെ ഭാഷ ഉപയോഗിക്കുവാൻ പ്രേരിപ്പിക്കുന്നു. സാഹിത്യകാലയിൽ ഭാഷയിലൂടെ മാത്രമേ മൗനം പ്രകടിപ്പിക്കുവാൻ കഴിയൂ. ഭാഷയില്ലാതെ മൗനവുമില്ല." (1978 : 29) മൗനത്തിന്റെ ഭാഷയെപ്പോലും സൗന്ദര്യാത്മകമായി


ISSN: 2582 - 2594

വിവരിക്കുവാൻ കെ.പി. അപ്പനു കഴിഞ്ഞിട്ടുണ്ട്. എഴുത്തുകാരൻ ഭാഷ സൃഷ്ടിക്കുന്നതിനെക്കുറിച്ച് 'തിരസ്ക്കാരം' എന്ന കൃതിയിലൂടെ കെ.പി. അപ്പൻ വിശദീകരിക്കുന്നു. "എഴുത്തുകാരൻ അടിസ്ഥാനപരമായി ഭാഷ ജീവിയായതിനാൽ അയാൾ പുതിയ ഭാഷ സൃഷ്ടിക്കുന്നത്. ജന സമ്മതമായ ഭാഷയിൽ നിന്നുള്ള മോചനം ആഗ്രഹിക്കുന്ന അയാൾ ഭാഷക്കുള്ളിലാണ് ഭാഷ സൃഷ്ടിക്കുന്നത്." (2006:14) ഇത്തരത്തിൽ ഭാഷയെ സംബന്ധിക്കുന്ന പല നിരീക്ഷണങ്ങളും 'തിരസ്ക്കാരം', 'ക്ഷോഭിക്കുന്നവരുടെ സുവിശേഷം' 'മാറുന്ന മലയാള നോവൽ', കലഹവും വിശ്വാസവും തുടങ്ങിയ കൃതികളിലൂടെയെല്ലാം കെ.പി. അപ്പൻ മുന്നോട്ടുവെക്കുന്നു. തിരസ്ക്കാരത്തിൽ ഒരേ സമയം ഭാഷയെ പരീക്ഷണവസ്തുവാക്കുന്ന വഴി സംഹാരകനും സൃഷ്ടാവുമായിത്തീരുന്നുവെന്നും ഇദ്ദേഹം നിരീക്ഷിക്കുന്നു. "ഭാഷയെ പരീക്ഷണവസ്തുവാക്കുന്ന എഴുത്തുകാരൻ സൃഷ്ടിയുടെ വേളയിൽ രണ്ടുതരം വ്യക്തിത്വം പ്രകടിപ്പിക്കുന്നു. അയാൾ പദങ്ങളുടെ പഴയ അർത്ഥം നശിപ്പിക്കുന്ന സംഹാരകനായും, പദങ്ങൾക്ക് പുതിയ അർത്ഥം നല്കുന്ന സൃഷ്ടാവുമായിത്തീരുന്നു." (2006 : 38) ഇത്തരം സൃഷ്ടാവുമാവുന്ന എഴുത്തുകാരൻ നിഘണ്ടുവിനപ്പുറത്തേക്കുള്ള ഭാഷ പ്രയോഗിച്ച് ആർദ്രത, വൈകാരികത തുടങ്ങിയവയെ ഉൾക്കൊണ്ടുകൊണ്ട് രചന നടത്തുമ്പോഴാണ് കൃതിക്ക് കുറേക്കൂടി മനുഷ്യമനസ്സിനെ സ്പർശിക്കുവാൻ പറ്റുന്നത്. ഭാഷയുടെ സർഗ്ഗാത്മകമായ പരിണാമത്തിനു സഹായിക്കുന്നത് എഴുത്തുകാരന്റെ ഇത്തരം പരീക്ഷണങ്ങളാണ് എന്ന് തിരസ്ക്കാരത്തിലൂടെ സൂചിപ്പിക്കുന്നു. "ഭാഷ നിശ്ചലമായി നിൽക്കുന്ന വസ്തുവല്ല. മറ്റൊന്നായി തീരാൻ അനുഗ്രഹിക്കപ്പെട്ട ഒന്നാണത്. ഈ പരിണാമത്തിനു സഹായിക്കുന്നത് വാക്കുകളും അവയുടെ ഉറച്ചുപോയ അർത്ഥങ്ങളും നല്കുന്ന കഠിനമായ പരീക്ഷണങ്ങളെ നേരിട്ട്കൊണ്ടു എഴുത്തുകാരൻ സൃഷ്ടിക്കുന്ന പദവിന്യാസവക്രതയാണ്." (2006 : 42).

നരേന്ദ്രപ്രസാദ് സഗ്ഗാത്മകമായി തന്റെ നിരൂപണങ്ങളിലൂടെ ഭാഷയെ അവതരിപ്പിക്കുന്നു. "ഉണർന്നു ദാഹിച്ചലറുന്ന വികാരത്തിന്റെ ഭാഷയാണ് പറങ്കിമലയിലെ ഭാഷ." (1986 : 47) കൃതിയോട് അടുത്തുകൊണ്ട് സർഗ്ഗാത്മകമായി നിരൂപണം നടത്തുവാൻ ഇവർക്ക് സാധ്യമായി എന്ന വസ്തുതയെ ഇത്തരം വാചകങ്ങൾ ഉൾകൊള്ളുന്നു. കഥ, കവിത, നോവൽ, നാടകം തുടങ്ങി എല്ലാ വ്യവഹാരത്തിലുൾപ്പെട്ട കൃതികളെയും ആധുനികതാവാദനിരൂപകർ വിശകലനത്തിന് വിധേയമാക്കി. സർഗ്ഗാത്മകമായി ഭാഷയെ ഉപയോഗിച്ചുകൊണ്ട് നിരൂപണത്തെ കൂടുതൽ മികച്ചതാക്കുവാൻ ആധുനികതാവാദ നിരൂപകർക്ക് സാധിച്ചു.

ആഖ്യാനശൈലിയിലെ പുതുമ പ്രദർശിപ്പിക്കുവാനായി ഭാഷയിലും ഘടനയിലും പുതിയ പരീക്ഷണങ്ങൾ നടത്തികൊണ്ട് നവീനഭാവുകത്വം പകരുവാൻ ആധുനികതാവാദസാഹിത്യത്തിന് സാധിച്ചു. ആ സാധ്യതയെ കൃത്യമായി ഉൾകൊണ്ടുതന്നെ നിരൂപണഭാഷയും നവീകരണത്തിന് വിധേയമായികൊണ്ട് ആശയത്തിലെ വിശാലതക്കൊപ്പം ഭാഷയിലെ ഭാവുകത്വപരിണാമത്തിനും തയ്യാറായി. അതുകൊണ്ടുതന്നെ സർഗ്ഗാത്മകതയുടെ സൗന്ദര്യം ആധുനികതാവാദ നിരൂപണത്തിൽ പ്രകടമാണ്.

**ലൈംഗികതയിലെ നവീനകാഴ്ചപ്പാടുകളും ആധുനികതാവാദ നിരൂപണവും.**

ലൈംഗിതയെ സദാചാരത്തിന്റെ ഇരുണ്ട കണ്ണുകൾകൊണ്ട് നോക്കികാണാതെ കുറച്ചുകൂടി വിശാലമായും തുറന്ന മനസ്സോടുംകൂടി സ്വീകരിക്കുവാൻ ആധുനികവാദ സാഹിത്യകാരന്മാർക്ക്

കഴിഞ്ഞു. അതിനെ അതേ അർത്ഥത്തിൽ തന്നെ ഉൾക്കൊള്ളുവാൻ ആധുനികതാവാദ നിരൂപകർക്കും സാധിച്ചു. ലൈംഗികത മനുഷ്യ ജീവിതത്തിലെ അടിസ്ഥാന ചോദനയാണെന്നും അതിനെ ഉൾകൊണ്ട് കൂടി കൃതിയുടെ ഉള്ളിലേക്കിറങ്ങി ചെല്ലണമെന്നും ആധുനികതാവാദ നിരൂപകർ ഉറപ്പിച്ചു. ഒ.വി. വിജയന്റെ 'എട്ടുകാലി' എന്ന കഥയും മാധവിക്കുട്ടിയുടെ 'എന്റെ കഥ'യുമെല്ലാം പലരും കപടസദാചാര യുക്തികൾകൊണ്ട് പരിഹസിച്ചപ്പോൾ ഇത്തരം രചനകളെ കൃത്യമായി നിരൂപണം നടത്തുവാൻ കെ.പി. അപ്പനെ പോലുള്ള നിരൂപകർ തയ്യാറായി. "സന്മാർഗം എന്ന മുൻവിധിയോടെ ഉടയാടകൾ ഉരിഞ്ഞു കളഞ്ഞുകൊണ്ട് പാരമ്പര്യം വർത്തമാനചേതനയിൽ അടിച്ചേൽപ്പിച്ച പാപബോധത്തെ അവഹേളിക്കുവാനും സൃഷ്ടിയിലൂടെ തന്റെ ക്ഷോഭം പ്രകടിപ്പിക്കാനും വേണ്ടിയാണ എഴുത്തുകാർ സെക്സ് വിലക്കുകളെ മാനിക്കാതെ തുറന്നെഴുതുന്നത്." (1973 : 86) എഴുത്തിലേർപ്പെടുമ്പോൾ അത് ജൈവികമായ പ്രവർത്തനമാകുന്നു. അത്തരം സന്ദർഭങ്ങളിൽ തുറന്നെഴുതുകളും സ്വാതന്ത്ര്യവും ഒരു എഴുത്തുകാരനെ സംബന്ധിച്ചിടത്തോളം അത്യാവശ്യമാണ്. ബോധപൂർവമായ എഴുത്ത്  പ്രവർത്തനത്തിലൂടെ മാത്രമേ എഴുത്തിൽ സെക്സിനെ കുറിച്ചുള്ള അബദ്ധധാരണകൾ ഇല്ലാതാവൂ എന്ന വസ്തുതയെ സൂക്ഷ്മമായി തങ്ങളുടെ നിരൂപണത്തിലൂടെ പൊളിച്ചെഴുതുവാൻ ഇവർ തയ്യാറായി. ഇത്തരം പൊളിച്ചെഴുതുകൾ കലാസൃഷ്ടിയുടെ ഔന്നിത്യം ഇല്ലാതാക്കുമെന്ന വാദത്തെയും ലാഘവത്തോടെ തള്ളിക്കളയുവാൻ ഇവർക്ക് സാധിച്ചു. "മൻസോണി മലം ടിന്നിലാക്കി പ്രദർശിപ്പിച്ചു. വൈറ്റോ ആക്കാണോക്കി പരസ്യമായി സ്വയംഭോഗം നടത്തി. പോൾത്തേക്കോ സ്വന്തം പ്രതിമ നിർമിച്ചു ശവക്കല്ലറയിൽ അടച്ചു. നൃൂമാൻ വൃക്ഷങ്ങളുടെ ഭീക്ഷണമായ ചിത്രമെഴുതി, ലിംഗഛേദനത്തിന്റെയും അവയവങ്ങൾ ചീന്തിക്കീറുന്നതിന്റെയും നടുക്കുന്ന മറ്റു ചിത്രങ്ങളെ കുറിച്ചും ഞാൻ മനസ്സിലാക്കി. ഇതൊക്കെ മനസ്സിലാക്കിയപ്പോൾ മനുഷ്യന്റെ കലാബോധം ഒരു കെട്ടുതിയുടെ വക്കിൽ നിൽക്കുകയാണെന്ന് എനിക്ക് തോന്നിയിട്ടില്ല" (1973 : 91).

ഇത്തരത്തിലാണ് ലൈംഗികതയെ പൊതുവായി ആധുനികതാവാദസാഹിത്യവും അതിനെ സൂക്ഷ്മമായി വിശകലന വിധേയമാക്കിയ ആധുനികതവാദ  നിരൂപണവും വിലയിരുത്തിയത്.

### സൗന്ദര്യബോധവും സർഗാത്മകതയും

മറ്റുള്ള സാഹിത്യശാഖകളെ പോലെ നിരൂപണവും സർഗാത്മകമാണെന്നും പ്രയോഗങ്ങളും ആശയങ്ങളും വാക്കുകൾകൊണ്ട് സർഗ്ഗാത്മകമായിരിക്കണമെന്നും ആധുനികവാദ നിരൂപകർ വാദിച്ചു. വാക്കുകളും ആശയങ്ങളും അത്തരത്തിൽ സർഗാത്മകമാക്കികൊണ്ട് നിരൂപണം നടത്തി. 'പാണ്ഡവപുരം' എന്ന സേതുവിന്റെ നോവലിന്റെ ഉള്ളിൽ നിറഞ്ഞുനിൽക്കുന്ന മഞ്ഞനിറത്തിന്റെ അർത്ഥം കെ.പി. അപ്പൻ വ്യാഖ്യാനം നടത്തിയത് ഇത്തരത്തിലുള്ള സൗന്ദര്യബോധത്തിന്റെ അടയാളമായെടുക്കാം. "മഞ്ഞപ്പൂക്കൾ, മഞ്ഞഭിത്തികൾ, മഞ്ഞകെട്ടിടങ്ങൾ, മഞ്ഞചായമടിച്ച മേൽക്കൂര, മഞ്ഞപ്പുക മേഘപടലം പോലെ തൂങ്ങി നിന്നു. മഞ്ഞപ്പുക ചെകുത്താനെപ്പോലെ വായ് പിളർന്നു. എന്നിങ്ങനെ വിവരണകലയിൽ നിരനിരയായി പ്രത്യക്ഷപ്പെടുന്ന വർണ്ണ ബിംബങ്ങൾക്ക് ഈ നോവലിൽ വ്യത്യസ്തമായ അർത്ഥമാണുള്ളത്. പൊതുവെ മഞ്ഞനിറം വിരക്തിയുടെയും നിർഭാഗ്യത്തിന്റെയും ചിഹ്നമാണ്. എന്നാൽ സ്ത്രീയെ

 ISSN: 2582 - 2594

സംബന്ധിച്ചിടത്തോളം ആ നിറം ലൈംഗികമായ അസ്ഥിരതയുടെയും പരപുരുഷാരത്തിയുടെയും അടയാളമാണെന്ന ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. പരപുരുഷാരത്തിയുമായി ബന്ധപ്പെട്ടു നിൽക്കുന്നതിനാൽ ഈ വർണ്ണബിംബങ്ങൾ എന്ന ആശയത്തിന്റെ പരോക്ഷചിഹ്നങ്ങളായി തീരുന്നു." (1973 : 91) എന്ത് സൂക്ഷ്മമായിട്ടാണ് ഇവിടെ മഞ്ഞ നിറത്തെ വ്യാഖ്യാനിച്ച് വിശകലനം ചെയ്തത്. പാണ്ഡവപുരം വായിക്കുന്ന അതേ മാന്ത്രികതയോടുകൂടി ഇവിടെ നിരൂപണവും വായിക്കുവാൻ സാധിക്കുന്നു.

### ശീർഷകങ്ങളിലെ സർഗ്ഗാത്മകത

ആധുനികതാവാദ നിരൂപണത്തിൽ ഏറ്റവും വലിയ സവിശേഷതയായി നിരൂപങ്ങളിലെ ശീർഷകങ്ങളെ വിലയിരുത്താവുന്നതാണ്. വി. രാജകൃഷ്ണന്റെ 'മൗനം തേടുന്ന വാക്ക് ' എന്ന കൃതിയിലെ വനങ്ങൾ കത്തിയെരിയുമ്പോൾ എന്ന നിരൂപണം ഈ ഭാഗത്തു പഠനവിധേയമാക്കുന്നുണ്ട്. കൃതിക്ക് കൊടുത്ത പേരായ 'മൗനം തേടുന്ന വാക്ക്' എന്നത് എത്ര വിശാലമായ അർത്ഥത്തെയാണ് ഉൾക്കൊള്ളുന്നത്. "ഇവിടെ ഞാൻ പരിശോധിക്കുന്നത് ആധുനികകാലഘട്ടത്തിലെ എഴുത്തുകാർ രൂപത്തിന്റെയും ഭാഷയുടെയും തലത്തിൽ ശൂന്യതാ ബോധത്തെ എങ്ങനെ ആവാഹിച്ചിരിക്കുന്നു എന്നതാണ്." (1987 : 11) "ഇവിടെ വി. രാജകൃഷ്ണൻ നിരീക്ഷണത്തിലൂടെ സർഗ്ഗാത്മകമായി നിരൂപണം സാധ്യമാക്കുക മാത്രമല്ല ചെയ്തത്. അതിനെ കൃത്യമായി വിശദീകരിക്കുകയും ചെയ്യുന്നു. 'ശൂന്യതാബോധം' ആധുനികവാദചിന്തകളുടെ പ്രബലസ്ഥാനത് നിലനിന്ന ഒരു ചിന്താധാരയാണ്. കഥ, കവിത, നോവൽ, നാടകം തുടങ്ങിയ എല്ലാ സാഹിത്യ രൂപങ്ങളിലും ശൂന്യതാ ബോധത്തിന്റെ യുക്തികൾ കൃത്യമായി ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. അത് ഏതെല്ലാം രീതിയിൽ എഴുത്തുകാർ അടയാളപ്പെടുത്തിയെന്ന വസ്തുനിഷ്ഠമായി അടയാളപ്പെടുത്തുമ്പോഴാണ് ആധുനികതാവാദ കാലഘട്ടനിരൂപണവും കൃത്യമാവുക. ഇവിടെ വി.രാജകൃഷ്ണൻ തന്റെ നിരൂപണത്തിലൂടെ അത്തരത്തിലുള്ള അടയാളപ്പെടുത്തൽ ചെയ്യുക മാത്രമല്ല, തന്റെ നിരൂപണത്തിന്റെ, പ്രധാന ലക്ഷ്യം തന്നെ ഇതിനെ അഭിസംബോധന ചെയ്യുകയാണെന്ന എടുത്തുപറയുമ്പോൾ ആധുനികതാവാദനിരൂപണം ഇവരിൽ ഭദ്രമാണ് എന്ന നിഗമനത്തിലേക്ക് നമുക്ക് എത്താനാവും.

ആർ. നരേന്ദ്രപ്രസാദ് അയ്യപ്പപ്പണിക്കരുടെ കവിതകളെക്കുറിച്ച് നടത്തിയിട്ടുള്ള നിരൂപണ പഠനത്തിന് നൽകിയ തലക്കെട്ട് 'അയ്യപ്പപ്പണിക്കരുടെ സ്വപ്നസഞ്ചാരം' എന്നാണ്. "അയ്യപ്പ പണിക്കരുടെ കവിത സ്വപ്നചാരിത്ര്യത്തിന്റെ ലോകമാണ്. ബാഹ്യസംഭവങ്ങളെ ഹാസ്യവൽകരിച്ച അയഥാർഥ്യങ്ങളാക്കുന്ന കവിതകളാണ് ഈ കവിതയുടെ പകൽ" (1999 : 39) ഇവിടെ ആർ. നരേന്ദ്രപ്രസാദ് കവിതകളെ കൃത്യമായി നിരൂപണം നടത്തുകയും അതിനെ പൂർണമായും ഉൾക്കൊള്ളുന്ന രീതിയിലുള്ള തലക്കെട്ട് നല്കുകയും ചെയ്തു. ഇത്തരത്തിൽ വളരെ സൂക്ഷ്മമായിട്ടാണ് ആധുനികതാവാദ നിരൂപകർ സർഗ്ഗാത്മകതയെ ആവിഷ്കരിച്ചിരിക്കുന്നത്. 'സമയബോധത്തിന്റെ സാഹസികയാത്രകൾ' എന്നാണ് കെ.പി. അപ്പൻ തന്റെ കവിതാ നിരൂപണത്തിന നൽകിയിട്ടുള്ള തലക്കെട്ട്. കാലത്തെ കൃത്യമായി അടയാളപ്പെടുത്തിക്കൊണ്ട് മലയാള കവിതയെ സൂക്ഷ്മമായി വിശദീകരിക്കുന്നു. "സംഗീതശില്പം പോലെ കവിതയും കാലത്തിൽ ക്രമീകരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ കാവ്യരചനയുടെ കാലക്രമവും കാവ്യാസ്വാദന

ത്തിന്റെ കാലക്രമവും രണ്ടാണ്. അതുകൊണ്ടാണ് വായനയിൽ പുതിയ അർത്ഥസന്ദിദ്ധതകൾ ഉണ്ടാകുന്നത്. വേറൊരു കാല ക്രമത്തിലേക്ക് സ്വയം മാറാൻ കഴിയുന്ന സൗന്ദര്യഭാവത്തിന്റെ കാലക്രമമാണ് രചനയുടെ വേളയിൽ സൃഷ്ടിക്കപ്പെടുന്നത്. (1996 : 65) "ഇവിടെയും തലക്കെട്ട് സർഗ്ഗാത്മകമാക്കുകമാത്രമല്ല ചെയ്യുത്. അതിനെ കൃത്യമായി വിശകലനം ചെയ്യുന്നുണ്ട്. ഏതു സാഹിത്യകൃതിയും അതിന്റെ രചന നിർവഹിക്കുന്ന കാലത്ത് മാത്രമല്ല വായിക്കപ്പെടുന്നത്. അതിനുശേഷവും കാലത്തെ അതിജീവിച്ച് അത് വായിക്കപ്പെടുന്നുവെങ്കിൽ കാലഘട്ടങ്ങളുടെ താൽപ്പര്യങ്ങളെ അത് ഉൾക്കൊള്ളുന്നു എന്നാണ് അർഥം. സമൂഹത്തിന്റെ അഭിരുചികൾ, ചിന്താരീതികൾ എല്ലാം കാലം പോകുന്നതിനനുസരിച് മാറുന്നു. ഇത്തരം പ്രതിസന്ധികളെ അതിജീവിച്ച കൃതി വായിക്കപ്പെടുന്നുവെങ്കിൽ ആ കൃതിയിൽ കാലത്തെ അതിജീവിക്കുന്ന ഘടകങ്ങൾ ഉണ്ട് എന്നതാണ്. ഒരു കൃതി, ചിന്താപദ്ധതികൾ, ഭാവന തുടങ്ങിയവയെല്ലാം കാലത്തെ അതിജീവിക്കുക എന്നത് ഒരർത്ഥത്തിൽ പറഞ്ഞാൽ ഒരു സാഹസികയാത്ര തന്നെയാണ്. അതുകൊണ്ട് തന്നെ തന്റെ കവിതാനിരൂപണത്തിന് 'സമയബോധത്തിന്റെ സാഹസികയാത്രകൾ' എന്ന തലക്കെട്ട് നൽകിയത് ഒരേ സമയം സർഗ്ഗാത്മകവും യുക്തി സഹവുമാകുന്നു. ആധുനികവാദനിരൂപണം വാക്കുകളുടെ ഭംഗിമാത്രമല്ല ഉൾക്കൊള്ളുന്നത്. അതിനപ്പുറത്തേക്ക് ആ കൃതി ഉൾക്കൊള്ളുന്ന രാഷ്ട്രീയത്തെക്കൂടി പ്രതിനിധാനം ചെയ്യുന്നു എന്നതിന്റെ ഉദാഹരണങ്ങളാണ് ഈ തലക്കെട്ടുകൾ.

ഇത്തരത്തിൽ നിരൂപണത്തെ സർഗ്ഗാത്മകമാക്കുവാൻ ആധുനികതാവാദ നിരൂപകർക്ക് സാധിച്ചു.

ലൈംഗികതയുടെ തുറന്നെഴുത്ത്, സർഗ്ഗാത്മകത, ഭാഷ, ശൈലി വിവിധ ദർശനങ്ങളുടെ ഏകീകരണം തുടങ്ങിവയവകൊണ്ടെല്ലാം ആധുനികതാവാദ നിരൂപണം ആധുനികതാവാദ മലയാള സാഹിത്യത്തെ കൃത്യമായി ഉൾക്കൊണ്ടു.

### സഹായക ഗ്രന്ഥങ്ങൾ


അപ്പൻ. കെ.പി, 1973, ക്ഷോഭിക്കുന്നവരുടെ സുവിശേഷം, ഡി.സി. ബുക്സ്, കോട്ടയം.

അപ്പൻ കെ.പി, 1996, സമയപ്രവാഹവും സാഹിത്യകലയും, ഡി.സി. ബുക്സ്, കോട്ടയം

അപ്പൻ കെ.പി, 1978, തിരസ്കാരം, നാഷണൽ ബുക്സ്, കോട്ടയം.

നരേന്ദ്രപ്രസാദ്. ആർ, 1989, നിഷേധികളെ മനസ്സിലാക്കുക, ഗ്രന്ഥകർത്താവിനാൽ പ്രസിദ്ധീകരിക്കപ്പെട്ടത്, വിതരണം നാഷണൽ ബുക്സ് സ്റ്റാൾ, കോട്ടയം.

നരേന്ദ്രപ്രസാദ്. ആർ, 1986, ഭാവുകത്വം മാറുന്നു. ഡി.സി. ബുക്സ്, കോട്ടയം.

നരേന്ദ്രപ്രസാദ്. ആർ 1999, എന്റെ സാഹിത്യ നിരൂപണങ്ങൾ, ഡി.സി. ബുക്സ് കോട്ടയം.

രാജകൃഷ്ണൻ. വി, 1997, ചെറുകഥയുടെ ഛന്ദസ്സ്, മാതൃഭൂമി, കോഴിക്കോട്.


 ISSN: 2582 - 2594

# മൊയ്തുപടിയത്തിന്റെ കുറ്റാന്വേഷണ നോവലുകൾ

**ഫാത്തിമ ആർ. വി.**
ഗവേഷക, മലയാളയൂണിവേഴ്സിറ്റി, തിരൂർ.
Email: fathimarv1981@gmail.com

**സംഗ്രഹം**

അമ്പതുകളിൽ തുടങ്ങി മൂന്നു പതിറ്റാണ്ടുകാലം ജനപ്രിയവാരികകളിലെ നിറഞ്ഞ സാന്നിദ്ധ്യം ആയിട്ടും മുഖ്യധാരാ സാഹിത്യചരിത്രങ്ങളും കുറ്റാന്വേഷണ സാഹിത്യചരിത്ര രചയിതാക്കളും ഒരുപോലെ തമസ്കരിച്ച പേരാണ് കൊടുങ്ങല്ലൂർകാരനായ മൊയ്തു പടിയത്തിന്റേത്. ഇരുന്നൂറോളം വരുന്ന കൃതികളിൽ ഭൂരിഭാഗവും സാമൂഹിക നോവലുകളാണെങ്കിലും അതിൽ രണ്ടെണ്ണം ഡിറ്റക്റ്റീവ് നോവലുകളാണ്. സഹൃദയ ശ്രദ്ധ പതിയാതെ പോയ ആ കൃതികളെയാണ് ഈ പ്രബന്ധം ആഖ്യാനം, ഇതിവൃത്തം, പാത്രസൃഷ്ടി, ഇതരസവിശേഷതകൾ തുടങ്ങിയ സാഹിതീയതയെ മുൻനിർത്തി വിശകലനം ചെയ്യുന്നത്.

**താക്കോൽവാക്കുകൾ:** ആഖ്യാനം, ഉദ്വേഗജനകത്വം, ജനപ്രിയത, പരിണാമഗുപ്തി, പാത്രസൃഷ്ടി.

മലയാളത്തിലെ ജനപ്രിയനോവലിസ്റ്റുകളിൽ ഒരാളായ മൊയ്തു പടിയത്ത് തിരക്കഥാകൃത്തും സിനിമാസംവിധായകനും നോവലിസ്റ്റുമാണ്. ഇദ്ദേഹം മുസ്ലിം ജീവിതത്തെ ഇതിവൃത്തമാക്കിയാണ് രചനകളിലേറെയും നിർവ്വഹിച്ചിട്ടുള്ളത്. നോവൽ, നാടകം എന്നീ സാഹിത്യവിഭാഗങ്ങളിലായി ഇരുന്നൂറിലധികം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. എന്നിട്ടും എന്തുകൊണ്ടാണ് സാഹിത്യകാരന്മാരുടെ ഇടയിൽ അർഹിക്കുന്ന സ്ഥാനം കിട്ടാതെപോയി എന്നത് തിരിച്ചറിയപ്പെടാത്ത ശ്രദ്ധേയമായ കാര്യമാണ്. മുസ്ലിംകുടുംബങ്ങളിലെ അമ്മായിയമ്മ-മരുമക്കൾ പ്രശ്നം, സഹോദരിയുടെ വിവാഹമോചനം, ഒന്നിലധികം പങ്കാളികൾ തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളുന്ന കുടുംബചിത്രങ്ങൾ പ്രമേയമാക്കിയാണ് അദ്ദേഹം നോവലുകളധികവും രചിച്ചത്.

അപസർപ്പക നോവൽ ശാഖയെ അന്വർത്ഥമാക്കുന്ന വിധം നിഗൂഢവും ചടുലവും അനിതരസാധാരണവുമായ ആഖ്യാനശൈലികൊണ്ട് വായനക്കാരന്റെ മനസിനെ ആകാംക്ഷയുടെ മുൾമുനയിൽ നിർത്താനും എന്നാൽ ഒരിക്കൽപോലും അവന്റെ മുൻ ധാരണകൾക്ക് പിടികൊടുക്കാതെ സമർത്ഥമായി കുതറി അത്ഭുതപ്പെടുത്തുന്നതുമായ മൊയ്തു പടിയത്തിന്റെ രണ്ട് ഡി

റ്റക്ടീസ് നോവലുകളാണ് രക്തത്തിൽ കുളിച്ച ശവം, ഡിറ്റക്റ്റീവ് ഇവയെ കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്.

### 1. മൊയ്തു പടിയത്തിന്റെ ഡിറ്റക്റ്റീവ് നോവൽ: രൺജിത്ത്

**1. 1. ആഖ്യാനരീതി:** എഴുത്തുകാരൻ വായനക്കാരെ കൂട്ടിക്കൊണ്ടുപോയി എല്ലാം കാണിച്ചുതരികയും പരിചയപ്പെടുത്തുകയും ചെയ്യുന്ന ആഖ്യാനരീതി. ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് വായനക്കാരന്റെ ആകാംക്ഷയെ വളർത്തുന്ന തന്ത്രവും സ്വീകരിച്ചിരിക്കുന്നു. വായനക്കാരനുമായി നേരിട്ട് സംവദിക്കുന്നു.

**1. 2. ഇതിവൃത്തം:** സമ്പന്നയും സുന്ദരിയുമായ നളിനിയെന്ന യുവതിയെ അർദ്ധരാത്രിയിൽ മാളികയുടെ മുകളിൽ അതിക്രമിച്ച് കടന്ന് വിക്രമൻ ബലാത്കാരം ചെയ്യാൻ ശ്രമിക്കുന്നത് ആണ് കഥയുടെ ആരംഭം. ഒരു മുഖംമൂടിയുടെ അപ്രതീക്ഷിത ആക്രമണത്തിൽ ശ്രമം പരാജയപ്പെടുന്നു. തുടർന്ന് വിക്രമൻ തന്റെ വലംകൈയായ സുഹൃത്ത് പ്രതാപസിംഹനെ ഈ ഉദ്യമം ഏൽപ്പിക്കുന്നു. നളിനിയെ കാണാതാവുന്നു. കാമുകനും അനിയനും ആയ അശോകൻ ഇതിന്റെ പേരിൽ വിക്രമനുമായി വഴക്കും കയ്യാങ്കളിയും ഉണ്ടാകുന്നു. നളിനിയുടെ സഹോദരനും ജയന്തിയുടെ കാമുകനുമായ സുധാകരനും അശോകനും ഒരുമിച്ച് ചേർന്ന് നളിനിയെ കണ്ടെത്താൻ ശ്രമിക്കുന്നു. അവർ കരുവഞ്ചേരി പോസ്റ്റിലെ പോലീസിനെ വിവരം അറിയിച്ച് അവരുടെ സഹായം തേടിയെങ്കിലും ഫലമുണ്ടാവുന്നില്ല. അവരിൽനിന്ന് അവിടെ ആറ്റു വക്കിൽ ഒരു പെണ്ണിന്റെ ശവം പൊന്തിയ വിവരം അറിയുന്നു. മുലയ്ക്കു താഴെ കഠാര കുത്തേറ്റ് മരിച്ച നളിനിയുടെ ശവമായിരുന്നു അത്. കുറ്റാന്വേഷണത്തിന് പട്ടണത്തിൽ നിന്നും ഇൻസ്പെക്ടർ വരുന്നു. നാട്ടുകാർ വിക്രമനെ സംശയിക്കുന്നതിനാലും വിക്രമന്റെ സഹോദരർ അയാൾക്കെതിരെ ആയതിനാലും കേസിൽനിന്ന് രക്ഷപ്പെടാൻ ഇൻസ്പെക്ടറെ സൽക്കരിക്കാനും 1000 രൂപ കൈക്കൂലി കൊടുക്കാനും പോലീസ് കോൺസ്റ്റബിൾമാർ വിക്രമനെ ഉപദേശിക്കുന്നു. പ്രതാപസിംഹന്റെ പേഴ്സ് പോക്കറ്റടിക്കപ്പെടുന്നു. പോക്കറ്റടിച്ച മോഹനൻ അതയാൾക്ക് തിരികെ കൊടുത്ത് അയാളുമായി സൗഹൃദം സ്ഥാപിച്ച് അയാളോടൊപ്പം ചേരുന്നു. അവരോടൊപ്പം കൂട്ടാളികളുമായിച്ചെന്ന് സൂര്യനാരായണ അയ്യരുടെ വീട്ടിൽ മോഷണത്തിന് ഇറങ്ങുന്നു. അവിടെയും മുഖംമൂടി ആക്രമണത്തിൽ മോഷണം പരാജയപ്പെടുന്നു. രണ്ടുപേർക്ക് വെടിയും ഏൽക്കുന്നു. രൺജിത്ത് വിത്രമന്റെയും പ്രതാപസിംഹറെയും മുമ്പിൽ പ്രത്യക്ഷപ്പെട്ട് നല്ല ജീവിതം നയിക്കാൻ ഉപദേശിക്കുന്നു. മോഹനൻ ഒറ്റുകാരൻ ആണെന്ന സംശയം പ്രതാപസിംഹനോട് വിക്രമൻ പ്രകടിപ്പിക്കുന്നു. രൺജിത്ത് തന്റെ സുഹൃത്ത് മോഹനന് അവരുടെ സംശയത്തെ കുറിച്ച് മുന്നറിയിപ്പ് കൊടുക്കുകയും ഗ്രാമത്തിലെ സാധാരണക്കാർക്കുവേണ്ടി ഏറ്റെടുത്ത ദൗത്യം തുടരാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. പ്രതാപൻ വിക്രമനെ സന്ദർശിക്കാൻ പോയ അവസരത്തിൽ മോഹനൻ വീട് പരിശോധിക്കുകയും മേശയിൽ ഒളിപ്പിച്ചുവച്ച ചില കടലാസുകൾ കണ്ടെത്തുകയും ചെയ്യുന്നു. രൺജിത്ത് ഇൻസ്പെക്ടർ പങ്കുപറ്റിയ അയാളുടെ അഴിമതികൾ വിളിച്ചുപറയുകയും സ്വയം രക്ഷക്കായും അപകടത്തിൽ ആവാതിരിക്കാനും വിക്രമനെ അറസ്റ്റ് ചെയ്യാൻ ആവശ്യപ്പെടുകയും അവർ നടത്തിയ കൊലപാതകത്തിന്റെ തെളിവുകൾ കൈമാറാമെന്ന് അറിയിക്കുകയും ചെയ്യുന്നു. അവിടെവച്ച് എല്ലാവരുടെയും സാ


ISSN: 2582 - 2594

ന്നിധ്യത്തിൽ രഞ്ജിത്ത് നിരവധി രഹസ്യങ്ങളുടെ ചുരുൾ വ്യക്തമായി അഴിക്കുന്നു. നളിനി മരിച്ചിട്ടില്ലെന്നും മരിച്ചത് വിക്രമന്റെ ചൂഷണത്തിനിരയായ രാധയാണെന്നും അവളിൽ വിക്രമന് പിറന്ന മൂന്നു വയസ്സായ ബാബു എന്ന കുഞ്ഞിനെ കാണിക്കുകയും ചെയ്യുന്നു. മോഹനൻ എന്ന പുരുഷന്റെ വേഷത്തിൽ തെമ്മാടികളെ പിടിക്കാൻ സഹായിച്ചത് നളിനി ആണെന്ന രഹസ്യം പരസ്യമാക്കുന്നു. നളിനി; രഞ്ജിത്തും പുരുഷനല്ല സ്ത്രീയാണെന്നും വിക്രമിന്റെ വെപ്പാട്ടിയായ വസുമതി ആണെന്ന സത്യവും പുറത്തുവിടുന്നു. രാധയെ കൊന്നതിന് തെളിവായി പ്രതാപസിംഹനും വിക്രമനും കൈമാറിയ കത്തുകൾ രൺജിത്ത് ഇൻസ്പെക്ടർക്ക് നൽകുന്നു. പിന്നീട് കോടതി പ്രതാപസിംഹനും വിക്രമനും വധശിക്ഷയും കൂട്ടാളികൾക്ക് 3 വർഷം തടവും ശിക്ഷിക്കുന്നു അശോകനുംനളിനിയും സുധാകരനുംജയന്തിയും വിവാഹം കഴിക്കുന്നു. വിക്രമന്റെ അനാഥയായ ബാബു എന്ന മൂന്ന് വയസ്സുകാരൻ കുഞ്ഞിനെ വസുമതി സംരക്ഷിക്കുന്നു.

അപസർപ്പക നോവലുകളുടെ പരമ്പരാഗത ശൈലിയിൽനിന്ന് വ്യത്യസ്തമായാണ് രൺജിത്ത് എന്ന മൊയ്തുപടിയത്തിന്റെ നോവലിന്റെ ആഖ്യാനം. മറ്റു ഡിറ്റക്ടീവ് നോവലുകളെ പോലെയുള്ള ഒരു ഡിറ്റക്റ്റീവിന്റെ അസാന്നിധ്യം ഇതിൽ വളരെ പ്രകടമാണ്. ഇരയായ ഒരു സ്ത്രീ തന്നെയാണ് കേസന്വേഷണത്തിൽ ഡിറ്റക്ടീവിന്റെ റോളിലേക്ക് വരുന്നത്. കേസന്വേഷണത്തിന് രേഖീയമായ വികാസങ്ങളോ പടിപടിയായുള്ള രഹസ്യങ്ങളുടെ അനാവരണമോ അല്ല കഥയുടെ പര്യവസാനത്തിൽ ഒരുപാടു രഹസ്യങ്ങൾ ഒന്നിച്ച് ചുരുളഴിയുന്ന വലിയൊരു ക്ലൈമാക്സ് ആണ് നോവലിന്റെ അവസാന ഭാഗം. മൊയ്തുപടിയത്തിന്റെ ഭാഷയിലെ മിതത്വവും കയ്യടക്കവും ശ്രദ്ധേയമാണ്. മാനുഷികമായ വികാരങ്ങളുടെ. നന്മയുടെ അടിയൊഴുക്കും ശ്രദ്ധേയം. തെറ്റായ ജീവിതം അവസാനിപ്പിക്കാൻ ഉപദേശിക്കുകയും നന്മ നിറഞ്ഞ ജീവിതം തിരഞ്ഞെടുക്കാൻ അവസരവും പ്രേരണയും കൊടുക്കുന്ന രൂപത്തിൽ തന്നെയാണ് കഥയുടെ എല്ലാ ഘട്ടങ്ങളും പുരോഗമിക്കുന്നത്. എന്നാൽ തെമ്മാടികളായ അവർ അത് കൈക്കൊള്ളാൻ തയ്യാറായില്ല എന്നുമാത്രം. യഥാതഥമായ സമീപനമാണ് കഥയുടെ രചനയിൽ ആദ്യാവസാനം സ്വീകരിക്കുന്നത്. എങ്കിലും രണ്ടു സ്ത്രീകളുടെ പുരുഷ വേഷത്തിലേക്ക് ഉള്ള പകർന്നാട്ടം അല്പം അവിശ്വസനീയം ആണെന്ന് പറയാതെ വയ്യ. വായനക്കാരുടെ അധമവാസനകളെ പരിപോഷിപ്പിക്കാനും തൃപ്തിപ്പെടുത്താനും നോവലിൽ ധാരാളം അവസരം ഉണ്ടായിട്ടും നോവലിസ്റ്റ് അതിനു മുതിരുന്നില്ലെന്നത് ശ്രദ്ധേയം. കാമോദ്ദീപകമായ സ്ത്രീശരീര വർണ്ണനകൾ, ലൈംഗികകേളികളുടെ നിറംപിടിപ്പിച്ച വിവരണങ്ങൾ, ലൈംഗികപീഡനത്തിന്റെയും കൊലപാതകത്തിന്റെയും സൂക്ഷ്മാംശവിവരണങ്ങളും എഴുത്തുകാരൻ മനപ്പൂർവ്വം ഒഴിവാക്കുന്നതിൽനിന്നും അദ്ദേഹം എഴുത്തിൽ പുലർത്തുന്ന ഔചിത്യവും ആദർശാത്മകതയും പ്രത്യേകം ശ്രദ്ധേയം.

## 2. മൊയ്തുപടിയത്തിന്റെ ആദ്യത്തെ ഡിറ്റക്റ്റീവ് നോവൽ– രക്തത്തിൽ കുളിച്ച ശവം

**2. 1. ഇതിവൃത്തം:** തന്റെ കൃഷിയിടത്തിൽ കൃഷിപ്പണിക്ക് എത്തിയ ഗ്രാമീണ കർഷകൻ കഠാരകൊണ്ട് കുത്തിക്കൊലപ്പെടുത്തി വയലിൽ ഉപേക്ഷിച്ച സ്ത്രീയുടെ രക്തത്തിൽ കുളിച്ച ശവം കാണുന്നിടത്താണ് നോവൽ ആരംഭിക്കുന്നത്. പിന്നീട് ഫ്ളാഷ് ബാക്ക് ആയി അവളുടെ കഥ പറയുന്നു. വയലിൽനിന്നു തന്നെ കണ്ടെത്തിയ ലതർബാഗിനുള്ളിൽ കണ്ട കാർഡിൽനിന്നും മരിച്ചത് ഡോക്ടർ. മിസ്. ഇന്ദിരാകുമാരി, എം.ബി.ബി.എസ്. ആണെന്ന് തിരിച്ചറിയുന്നു. ദാമോ

ദർസാറിന്റെ മകളാണ് ഡോക്ടർ ഇന്ദിര. അവളെക്കൂടാതെ കമലം എന്ന വളർത്തു മകളുമുണ്ട് അദ്ദേഹത്തിന്. അവൾ നാലാം ക്ലാസിൽ പഠിക്കുമ്പോൾ മരണക്കിടക്കയിൽ വെച്ച് അമ്മ ദാമോദർ സാറെ എല്പിച്ചതാണ് മകളെ. ഇന്ദിരയുടെ വിവാഹത്തിന് ഏതാനും നാളുകൾ മാത്രം ശേഷിക്കെ നാട്ടിലേക്ക് വിവാഹത്തിനായി വരുന്ന യാത്രയിലാണ് അവളുടെ ദാരുണമായ അന്ത്യം ഉണ്ടാവുന്നത്. അമ്മയും ഭാര്യയും 3 മാസം പ്രായമായ കുഞ്ഞും ഭർത്താവും അടങ്ങുന്ന നാലംഗസംഘം പ്രസവശേഷം ഭാര്യ വീട്ടിൽനിന്നും കാളവണ്ടിയിൽ ദുർഘടം പിടിച്ച മലഞ്ചെരുവിലൂടെ സ്വഭവനത്തിലേക്ക് യാത്ര ചെയ്യവേ കൊള്ളാക്കാരന്റെ ആക്രമണത്തിനും കൊള്ളക്കും ഇരയാവുന്നു. കൊള്ളസംഘം തമ്പടിച്ചിരുന്നത് അ മലമ്പ്രദേശത്തെ വനത്തിനുള്ളിലെ ഗുഹയിലായിരുന്നു. ഭീമാകാരമായ പാറകൊണ്ട് സജ്ജീകരിച്ചതായിരുന്നു അതിന്റെ കവാടം. ഗുഹയ്ക്കകത്ത് അറുപതോളം കൊള്ളക്കാരുമുണ്ടായിരുന്നു. അവരുടെ വലിയ നേതാവായിരുന്ന വീരസിംഹനും അനുയായി ജയരാജനും. അവർക്ക് സ്വന്തമായി നിയമാവലിയും ഒത്തുചേരലും യോഗങ്ങളും ഉണ്ട്. കൊള്ളസംഘത്തിന്റെ നിയമവ്യവസ്ഥകളേയും ജീവിത രീതികളേയും നോവലിസ്റ്റ് പരിചയപ്പെടുത്തുന്നുണ്ട്. നാലംഗ കുടുംബത്തെ കൊള്ളയടിച്ചത് ജയരാജ് ആണെന്ന് അവിടെവച്ച് വ്യക്തമാകുന്നു. ഈ സമയത്ത് ഞാവൽപ്പിണ്ടിയിലേക്ക് ട്രാൻസ്ഫർ ചോദിച്ചുവാങ്ങിയ ഇൻസ്പെക്ടർ വിജയരാഘവൻ ഗ്രാമത്തിലെ പോലീസ് സ്റ്റേഷനിൽ ജോലിയിൽ പ്രവേശിക്കുന്നു. ഇൻസ്പെക്ടർ വിജയരാഘവന്റെ വീരസിംഹനെയും ജയരാജനെയും പിടിക്കാനുള്ള ആദ്യ ശ്രമം ഭാഗികമായി വിജയിച്ചെങ്കിലും പിന്നീട് പൂർണമായും പരാജയപ്പെടുകയും ഇൻസ്പെക്ടർ വിജയരാഘവൻ ഗുഹയിൽ തടവിലാക്കപ്പെടുകയും ഭീകരമായ പീഡനത്തിന് ഇരയാകുകയും ചെയ്യുന്നു. മരണമുഖത്ത് നിന്ന് തലനാരിഴയ്ക്ക് രക്ഷപ്പെട്ട അദ്ദേഹം ആശുപത്രിയിൽ അഡ്മിറ്റ് ആവുകയും ആരോഗ്യം വീണ്ടെടുത്ത് പ്രതികാര ദാഹത്തോടെ വീണ്ടും ജോലിയിൽ പ്രവേശിക്കുകയും ചെയ്യുന്നു. ഭീരുക്കളായ തന്റെ പോലീസ് സമൂഹത്തിന് അദ്ദേഹം ധീരമായ നേതൃത്വം കൊടുക്കുകയും അവരെ പ്രചോദിപ്പിക്കുകയും ആക്രമണത്തിന് സജ്ജരാക്കുകയും ചെയ്യുന്നു. അവരേയും കൂട്ടി കൊള്ളസംഘം തമ്പടിച്ച ഗുഹാമുഖത്തേക്ക് അദ്ദേഹം പ്രവേശിക്കുകയും അവിടെ ഒളിഞ്ഞിരുന്ന് കൊള്ളസംഘത്തെ അപ്രതീക്ഷിതമായി ആക്രമിക്കുകയും കൊള്ളസംഘത്തിലെ രണ്ട് തലവന്മാരായ വീര സിംഹനേയും ജയരാജനേയും ശക്തമായ പോരാട്ടത്തിനൊടുവിൽ കീഴ്പ്പെടുത്തി അവരെ കോടതിയിൽ എത്തിക്കുകയും ചെയ്യുന്നു. ഈ സമയത്ത് ദാമോദരൻ മാഷുടെ വീട്ടിൽ അജ്ഞാതനായ ഒരാൾ രാത്രിയിൽ പ്രവേശിക്കുകയും അവിടുത്തെ ഇരുമ്പുപെട്ടി പരിശോധിച്ച് അതിൽനിന്നും ചില കടലാസുകൾ എടുത്ത് അപ്രത്യക്ഷമാകുകയും ചെയ്യുന്നു. ഈ സമയത്ത് കമലയും വീട്ടിലെ മറ്റംഗങ്ങളും ഉണരുകയും ചെയ്യുന്നു. എന്നാൽ അകത്തുകടന്നത് ആരാണെന്ന് തിരിച്ചറിയാനോ പിടിക്കാനോ അവർക്ക് കഴിഞ്ഞില്ല.

നാട്ടുകാരെയും പോലീസുകാരെയും ദാമോദർ സാറെയും മറ്റും സാക്ഷിയാക്കി കൊള്ളത്തലവന്മാരുടെ വിചാരണ കോടതിയിൽ നടക്കുന്നു. ഈ സമയത്ത് വിജയരാഘവൻ ജനങ്ങളുടെ മനസ്സിൽ ഉള്ള എല്ലാ സംശയങ്ങളുടെയും രഹസ്യങ്ങളുടെ ചുരുളുകള് അദ്ദേഹം അനാവരണം ചെയ്യുന്ന ജയരാജനാൽ കൊള്ളയടിക്കപ്പെട്ട നാലംഗ കുടുംബം തന്റെ താണെന്ന് ഇൻസ്പെക്ടർ വിജയരാഘവൻ അറിയിക്കുന്നു. ഈ ഗ്രാമത്തിലേക്കുള്ള തന്റെ വരവിന്റെ


ISSN: 2582 - 2594

ഉദ്ദേശ്യം തന്റെ കുടുംബത്തോട് ചെയ്ത ക്രൂരതയ്ക്ക് പകരം ചോദിക്കാൻ കൂടിയാണെന്ന് അറിയിക്കുകയും ചെയ്യുന്നു. ആൾമാറാട്ടം നടത്തിയ ഈ ക്രിമിനലുകളെ നിങ്ങൾക്ക് പരിചയപ്പെടുത്തി തരാം എന്ന് പറഞ്ഞ ഇൻസ്പെക്ടർ, ഈ നിൽക്കുന്ന ജയരാജ് ദാമോദർസാറിന്റ മകളായ കമലം ആണെന്നറിയിക്കുന്നു. വേഷംമാറി നടക്കുന്ന കൊള്ളത്തലവനായ വീരസിംഹൻ സുധാകരൻ അല്ലാതെ മറ്റാരുമല്ലെന്നുമുള്ള വലിയ രഹസ്യം അദ്ദേഹം അറിയിക്കുന്നു. കൂടാതെ മജിസ്ട്രേറ്റ് മുമ്പാകെ എല്ലാത്തിന്റെയും തെളിവുകളും ഹാജരാക്കുന്നു. പ്രധാനമായും അവർ തമ്മിൽ അതായത് കമലവും സുധാകരനും തമ്മിൽ നടത്തിയ കത്തിടപാടുകൾ ആണ് അദ്ദേഹം രഹസ്യമായി അവരുടെ വീടുകളിൽനിന്ന് അവർ അറിയാതെ നടത്തിയ പരിശോധനയിലൂടെ കണ്ടെത്തിയ അമൂല്യമായ തെളിവുകളായ കത്തുകൾ അദ്ദേഹം മജിസ്ട്രേറ്റിന് കൈമാറുന്നു. കമലവും സുധാകരനും തമ്മിൽ ദീർഘനാളായി പ്രണയബദ്ധരായിരുന്ന ആ സമയത്താണ് ഇന്ദിരയുമായുള്ള സുധാകരന്റെ വിവാഹം അദ്ദേഹത്തിന്റെ അച്ഛൻ ആലോചിച്ചുറപ്പിക്കുന്നത്. അച്ഛനെ ഈ ആലോചനയിൽ നിന്ന് പിന്തിരിപ്പിക്കാൻ കഴിയില്ലെന്ന് മനസ്സിലാക്കിയ സുധാകരൻ പ്രശ്നത്തിന് പരിഹാരം കാണാൻ കമലയോട് ആവശ്യപ്പെടുന്നു. കമലം പറഞ്ഞുകൊടുക്കുന്ന മാർഗമാണ് ഇന്ദിരയെ കൊലപ്പെടുത്തിക്കൊണ്ട് വിവാഹാലോചനയിൽ നിന്ന് രക്ഷപ്പെടണം എന്നുള്ളത്. ഇന്ദിരയെ വധിക്കാനുള്ള എല്ലാ ഒത്താശയും കമല ചെയ്തു കൊടുക്കുന്നു. ഇതനുസരിച്ച് അദ്ദേഹം റെയിൽവേ സ്റ്റേഷനിൽ ഇന്ദിര ട്രെയിൻ ഇറങ്ങിയ സമയത്ത് അച്ഛൻ നിയോഗിച്ചതാണെന്ന് കളവു പറഞ്ഞു കൊണ്ട് ഇന്ദിരയെ തന്റെ കാറിൽ കയറ്റി ഡ്രൈവർ വേഷധാരിയായ അദ്ദേഹം അവളെ വിജനമായ വഴിയിലൂടെ കൊണ്ടുപോയി വയൽ അരികിൽ വച്ച് കഠാരകൊണ്ട് കൊലപ്പെടുത്തി ശവം ഉപേക്ഷിച്ച് കടന്നുകളയുന്നു. പോലീസ് തങ്ങളുടെ വീട് പരിശോധിച്ചിട്ടുണ്ടെന്നും തങ്ങളുടെ ചില രഹസ്യങ്ങൾ അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ടെന്നും തിരിച്ചറിഞ്ഞ കമലം ദാമോദർ മാഷിന്റെ വീട്ടിൽ താമസിക്കുന്നത് അപകടമാണെന്ന് മനസ്സിലാക്കിക്കൊണ്ട് അവിടെനിന്ന് കടന്നു കളയുകയാണ് ചെയ്തത്. വിചാരണയ്ക്ക് ശേഷം കോടതി സുധാകരന് തൂക്കുകയറും കമലയ്ക്ക് ജീവപര്യന്തം ശിക്ഷയും വിധിക്കുന്ന ദാമോദർസാറ് പിന്നീട് ഭ്രാന്തനായി ആ ഗ്രാമത്തിലൂടെ അലഞ്ഞുതിരിയുന്നു.

രചയിതാവിന്റെ കഥപറച്ചിലും കഥാപാത്രങ്ങളുടെ സംഭാഷണവും ചേർന്ന് കഥ വികസിക്കുന്ന ആഖ്യാന രീതിയാണ് നോവൽ പിന്തുടരുന്നത്. യഥാതഥമായ സമീപനമാണ് പിന്തുടരുന്നതെങ്കിലും അനാവരണം ചെയ്യപ്പെടുന്ന രഹസ്യങ്ങൾ തീർത്തും കാല്പനികമാണ്. ദാമോദർ മാഷുടെ വളർത്തുമകൾ കമലം അതേസമയം തന്നെ ജയരാജൻ എന്ന കൊള്ള സംഘത്തിലെ തലവൻ ആവുക എന്നത് അസംഭവ്യമായ ഭാവനയാണ്. കേസന്വേഷണത്തിൽ സങ്കീർണതകളോ പടിപടിയായുള്ള വികാസമോ ഉദ്വേഗജനകമായ മുഹൂർത്തങ്ങളോ ഇല്ലാതെ കഥാന്ത്യത്തിൽ എല്ലാ രഹസ്യങ്ങളും ഒന്നിച്ച് വെളിപ്പെടുകയാണ്. അതുവരെ പരസ്പരബന്ധമില്ലാതെ നടന്ന ഒറ്റ സംഭവങ്ങൾക്ക് ക്രമവും അടുക്കും കൈവരുന്നു. കേസന്വേഷണം മുഴുവൻ നായകകഥാപാത്രമായ പോലീസ് ഇൻസ്പെക്ടർ വിജയരാഘവനിലൂടെയാണ് ആദ്യാവസാനം നിർവഹിക്കപ്പെടുന്നത്. പരിണാമഗുപ്തി ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും ചിന്തനീയമായ രഹസ്യങ്ങൾ അനാവരണം ചെയ്ത് വിസ്മയിപ്പിക്കാൻ ഉള്ള ശ്രമമാണ് നോവലിസ്റ്റ് നടത്തുന്നത്. കത്തുകൾ എന്ന എളുപ്പവഴി രഹസ്യങ്ങൾ കണ്ടെത്താനും കുറ്റവാളിയേയും കുറ്റത്തെയും

തിരിച്ചറിയാനുള്ള പ്രധാന രചനാതന്ത്രമായി മാറുന്നു. പത്രവാർത്തകൾ വിശദമായി നൽകി യാഥാർത്ഥ്യം എന്ന പ്രതീതി സൃഷ്ടിക്കാനുള്ള ആഖ്യാനതന്ത്രമായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. പടിയത്തിന്റെ മറ്റു നോവലുകളിൽ കാണുന്നപോലെ മാനവികതയുടെ സന്ദേശം ഇതിലില്ല. ആദ്യ ശ്രമത്തിന്റെ പരിമിതികൾ വളരെ പ്രകടമാണ്. ഡിറ്റക്ടീവ് നോവലുകൾ താൻ വായിച്ചു പരിചയപ്പെട്ടിട്ടില്ലെന്നും ഇത് കേവലമായ ഭാവനയിൽ നിന്ന് സൃഷ്ടിച്ചതാണെന്നും നോവലിസ്റ്റ് ആമുഖമായി പറയുന്നുണ്ട്.[1]

### കുറിപ്പുകൾ

"ഇതാ ഒരു ഡിറ്റക്ടീവ് നോവൽ -രക്തത്തിൽ കുളിച്ച ശവം. ഇതെന്റെ ആദ്യത്തെ കാൽ വെപ്പാണ്. വിജയമോ പരാജയമോ? അത് നിങ്ങൾ തന്നെ വായിച്ചു നോക്കി തീരുമാനിച്ചു കൊള്ളൂ. എങ്കിലും ഒരു കാര്യം എടുത്തു പറഞ്ഞുകൊള്ളട്ടെ, ഈ "'ശവ' ത്തിന് അടുത്തതോ അകന്നതോ ആയ ചാർച്ചക്കാർ ഉണ്ടായെന്നു വരാം. ഇല്ലെന്ന് എനിക്ക് തീർത്തു പറയാൻ സാദ്ധ്യമല്ല. കാരണം ഞാൻ ഇത്തരം നോവലുകൾ വായിക്കാറില്ല. എന്റെ ഭാവനയിൽ നിന്നു മാത്രം രൂപം കൊണ്ടതാണ് ഈ ശവം. "

ആമുഖം, പുറം 9, രക്തത്തിൽ കുളിച്ച ശവം.

### സഹായക ഗ്രന്ഥങ്ങൾ

1. മൊയ്തു പടിയത്ത്. , 1956, രക്തത്തിൽ കുളിച്ച ശവം, എച്ച് ആന്റ് സി. ബുക്സ്, കുന്നംകുളം.
2. മൊയ്തു പടിയത്ത്. , 1957, രൺജിത്ത്, എച്ച്. ആന്റ് സി. ബുക്സ്, കുന്നംകുളം.
3. MIEKE BAL (Ed) 1978, NARRATOLOGY. 'Introduction to the theory of Narrative, University of Toronto Press.

 ISSN: 2582 - 2594

# എം.എ. മലയാളപഠനവും സേവനകാല അധ്യാപക പരിശീലനവും

**Dr. Muhamed Basheer K. K**
Asst. Professor,
KKTM Govt. College, Pullut
Email: muhamedbasheerkk@yahoo.co.in

**സംഗ്രഹം**

ഉന്നതവിദ്യാഭ്യാസമേഖലയിലെ അധ്യാപകർക്ക് അവരുടെ സേവനകാല അധ്യാപക പരിശീലനം, പാഠ്യപദ്ധതി വിനിമയത്തിന് എത്രത്തോളം പ്രയോജനപ്പെടുന്നുണ്ടെന്ന് അക്കാദമിക സ്റ്റാഫ് കോളേജുകളുടെ സ്ഥാപനലക്ഷ്യത്തെയും വിവിധ വിദ്യാഭ്യാസ കമ്മീഷനുകളുടെ ശുപാർശകളുടെയും വെളിച്ചത്തിൽ പാഠ്യപദ്ധതികളെ മുൻനിർത്തി പരിശോധിച്ച് നിഗമനങ്ങൾ രൂപപ്പെടുത്താനാണ് ഈ പഠനം ശ്രമിക്കുന്നത്.

**താക്കോൽവാക്കുകൾ:** സേവനകാല അധ്യാപക പരിശീലനം, ഫാക്കൽറ്റി ഡവലപ്പ്മെന്റ് പ്രോഗ്രാം, ബാങ്കിംഗ്ടൈപ്പ് വിദ്യാഭ്യാസം, റിഫ്രഷർ കോഴ്സ്, പാഠ്യപദ്ധതി, പഠനബോധന പ്രക്രിയ

## 1. ആമുഖം

നല്ല വൈദഗ്ധ്യം ആവശ്യമുള്ളതും ഏറെ വെല്ലുവിളികൾ നിറഞ്ഞതുമായ പ്രവൃത്തിയാണ് അധ്യാപനമെന്നത്. കേവലമായ തൊഴിൽ എന്നതിനപ്പുറം ഇന്ത്യയുടെ ഭാവിസമൂഹത്തിന്റെ നിർമ്മിതിയെന്ന വലിയ ഉത്തരവാദിത്തമാണ് അധ്യപകർക്കു നിർവ്വഹിക്കാനുള്ളത്.

'ഭാരതത്തിന്റെ ഭാവി ഭാഗധേയം രൂപപ്പെടുന്നത് ഇവിടത്തെ ക്ലാസ്മുറികളിലാണെന്ന'[1] കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെ ആമുഖവാക്യം ഈ തൊഴിലിന്റെ പ്രസക്തിയേയും വെല്ലുവിളിയേയും ഓർമ്മപ്പെടുത്തുന്നു. കുട്ടിയെ മനസ്സിലാക്കുന്ന, കാര്യക്ഷമതയും പ്രതിബദ്ധതയും തൊഴിലിനോട് ക്രിയാത്മകമായ ആഭിമുഖ്യവും ഉള്ള അധ്യാപക-സമൂഹത്തെ വാർത്തെടുക്കാൻ അതിനനുയോജ്യമായ പരിശീലനം അനിവാര്യമാണ്. വിജ്ഞാനത്തിന്റെ സ്വാംശീകരണം,

സംരക്ഷണം, വിതരണം, വിമർശനം, നവീകരണം എന്നതിനോടൊപ്പം സാംസ്കാരികവും സൗന്ദര്യാത്മകവും മൂല്ല്യവത്തുമായ ജീവിതം സൃഷ്ടിക്കുക തുടങ്ങിയ ഉന്നത-വിദ്യാഭ്യാസ മേഖലയുടെ ലക്ഷ്യങ്ങൾകൂടി പരിഗണിച്ചുകൊണ്ടായിരിക്കണം അധ്യാപക പരിശീലനത്തിന്റെ ലക്ഷ്യങ്ങൾ നിർണയിക്കാൻ. തൊഴിൽപരമായ വൈദഗ്ധ്യം എന്നത് അറിവിന്റെയും നൈപുണിയുടേയും മനോഭാവത്തിന്റെയും ആകെത്തുകയാണ്.

-2 മുതൽ +2 വരെയുള്ള അധ്യാപകനാവാൻ ഇന്ത്യയിൽ പ്രീ സർവീസ് ട്രെയിനിംഗ് ആവശ്യമാണ്. എന്നാൽ ഉന്നത വിദ്യാഭ്യാസ മേഖലയിലെ അധ്യാപകനാവാൻ യാതൊരു വിധ പ്രീ സർവീസ് ട്രെയിനിംഗും ആവശ്യമില്ലാത്ത സാഹചര്യം നിലനിൽക്കുന്നുവെന്നത് തന്നെയാണ് സേവനകാല പരിശീലനത്തെ അഥവാ ഫാക്കൽറ്റി ഡവലപ്പ്മെന്റ് പ്രോഗ്രാമിനെ ഏറ്റവും പ്രസക്തവും ഗൗരവപൂർണ്ണവുമാക്കുന്നത്. എല്ലാ വൈജ്ഞാനിക മേഖലകളും അനുദിനം വികസിക്കുകയും അവ ഉന്നതവിദ്യാഭ്യാസ മേഖലയിലെ പാഠ്യപദ്ധതിയിൽ പ്രതിഫലിക്കുകയും പുതിയ പുതിയ വിഷയങ്ങളും മേഖലകളും കൂട്ടിച്ചേർക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ അധ്യാപകന്റെ അറിവിനേയും നിരന്തരം നവീകരിക്കേണ്ടിവരും. ഇതും സേവനകാല പരിശീലനത്തെ പ്രസക്തമാക്കുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിലെ മികവിനെക്കുറിച്ചും ഗുണമേന്മയെക്കുറിച്ചും ചിന്തിക്കുമ്പോൾ - അധ്യാപകൻ, പാഠ്യപദ്ധതി, വിദ്യാർത്ഥി എന്നിവയടങ്ങുന്ന വിദ്യാഭ്യാസ സംവിധാനത്തിലെ പ്രധാനപ്പെട്ടതും എന്നാൽ ശാക്തീകരിക്കപ്പെടേണ്ടതുമായ കണ്ണിയാണ് അധ്യാപകൻ എന്നുകാണാം. തൊഴിൽപരമായ വൈദഗ്ധ്യത്തിന്റെ കുറവാണ് ശാക്തീകരണത്തെ അനിവാര്യമാക്കുന്നത്. ഇതാകട്ടെ കാര്യക്ഷമമായ പരിശീലനം കൊണ്ട് അനായാസം ആർജിക്കാവുന്നതാണ്. വിഷയജ്ഞാനത്തോടം നവീകരണത്തോടും പുതിയ ജ്ഞാന നിർമ്മിതിയോടുമോപ്പം ആർജിതജ്ഞാനം പഠിതാവിലേക്ക് ഫലപ്രദമായി വിനിമയം ചെയ്യുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതുണ്ട്.

## 2. നിലവിലുള്ള പഠനബോധന പ്രക്രിയയുടെ അവലോകനം

അധ്യാപക കേന്ദ്രീകൃതവും പാഠപുസ്തക / ഉള്ളടക്ക കേന്ദ്രീകൃതവും പരീക്ഷാ കേന്ദ്രീകൃതവുമായ പഠനബോധന പ്രവർത്തനമാണ് കോളേജുകളിൽ നിലനിൽക്കുന്നത്. എന്തുപഠിപ്പിക്കണമെന്നതിനെ സംബന്ധിച്ച് ധാരണയുള്ളവരും അതിനുവേണ്ട വായനയും റഫറൻസും പഠനവും നടത്തുന്നവരാണ് അധ്യാപകർ. എന്നാൽ എങ്ങനെ പഠിപ്പിക്കണമെന്നതിനെ സംബന്ധിച്ച് അവർ ചിന്തിക്കുന്നില്ല. അതിനുവേണ്ടിയുള്ള അന്വേഷണമോ ആസൂത്രണമോ മുന്നൊരുക്കങ്ങളോ നടത്തുന്നുമില്ല. അധ്യാപകനെ സംബന്ധിച്ചിടത്തോളം അറിവെന്നത് വിനിമയം ചെയ്യാനുള്ള ഉല്പന്നം മാത്രമാണ്. അധ്യാപകൻ ദാതാക്കളും വിദ്യാർത്ഥികൾ സ്വീകർത്താക്കളുമാകുന്ന പൗലോഫ്രെയറിനെപ്പോലുള്ള വിദ്യാഭ്യാസചിന്തകർ വിമർശിച്ച ബാങ്കിംഗ്ടൈപ്പ് വിദ്യാഭ്യാസമാണ് കലാലയങ്ങളിൽ നിലനിൽക്കുന്നത്.[2]

ഏതളവിൽ ഏതുദ്ദേശ്യത്തെ മുൻനിർത്തിയാണ് പാഠ്യവസ്തു വിനിമയം ചെയ്യപ്പെടേണ്ടതെന്ന് കൃത്യമായി നിർവ്വചിച്ചിട്ടുള്ള ഒരു പാഠ്യപദ്ധതി കോളേജുകൾക്കില്ല. ഉള്ളത് പാഠ്യവസ്തു രേഖപ്പെടുത്തിയിട്ടുള്ള സിലബസ് മാത്രമാണ് എന്നതിനാൽ ബോധനമാകട്ടെ, പഠനമാകട്ടെ, മൂല്യനിർണ്ണയമാകട്ടെ ഒട്ടും വെല്ലുവിളി നിറഞ്ഞതോ വൈദഗ്ധ്യം ആവശ്യമായി വരുന്നതോ

 ISSN: 2582 - 2594

ആകുന്നില്ല. പഠനബോധന പ്രവർത്തനങ്ങൾ പഠിതാവിനെ ചിന്തിപ്പിക്കുന്നതോ ഉയർന്ന ചിന്തനപ്രക്രിയ ആവശ്യമായിവരുന്നതോ അല്ല. മൂല്യനിർണയവും അറിവിന്റെയും ധാരണ യുടെയും തലത്തിൽ നിൽക്കുന്നതിനാൽ കുട്ടിയെ സംബന്ധിച്ചിടത്തോളം ഉരുവിടുകയോ ഹൃ ദിസ്ഥമാക്കുകയോ ഓർമ്മിക്കുകയോ ചെയ്താൽമതി.

### 3. പഠനത്തിന്റെ ലക്ഷ്യങ്ങൾ

1. കോളേജ് അധ്യാപകരുടെ തൊഴിൽപരമായ വൈദഗ്ധ്യം വികസിപ്പിക്കുന്നതിന് സേവനകാലപരിശീലനം ഫലപ്രദമാണോയെന്ന് കണ്ടെത്തുക.

2. ഉന്നതവിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുന്നതിന് സേവനകാലപരിശീ ലനം പര്യാപ്തമാവുന്നുണ്ടോയെന്ന് തിരിച്ചറിയുക.

3. മലയാള ഭാഷാ സാഹിത്യപഠനത്തിൽ നടക്കുന്ന റിഫ്രഷർ കോഴ്സുകളുടെ രീതിയും സ്വഭാവവും വിശകലനം ചെയ്യുക.

4. എം.എ. മലയാള പഠനത്തിനും പാഠ്യപദ്ധതിയുടെ ഫലപ്രദമായ വിനിമയത്തിനും സേവനകാലപരിശീലനങ്ങൾ സഹായകമാവുന്നുണ്ടോയെന്ന് കണ്ടെത്തുക.

### 4. രീതിശാസ്ത്രം

വിവിധ യൂണിവേഴ്സിറ്റികൾ മലയാളഭാഷാസാഹിത്യപഠനത്തിൽ നടത്തിയിട്ടുള്ള പരി ശീലന പരിപാടികളുടെ ഉള്ളടക്കം സമാഹരിച്ച് സെഷനുകൾ വിഷയങ്ങളാക്കി ക്രോഡീക രിച്ച് സമാന്യമായി നിഗമനങ്ങൾ രൂപപ്പെടുത്തുക. വിവിധ യൂണിവേഴ്സിറ്റികൾ അവസാനം നടത്തിയ റിഫ്രഷർ കോഴ്സിന്റെ ഉള്ളടക്കം സൂക്ഷ്മമായി വിലയിരുത്തുക. എം.എ. മലയാളം പാഠ്യപദ്ധതിയുമായി പരിശീലന ഉള്ളടക്കത്തെ താരതമ്യംചെയ്ത് എം. എ പഠനം കാര്യക്ഷമമാ ക്കുന്നതിന് പരിശീലനം സഹായകമാണോ എന്ന് കണ്ടെത്തൽ. തൊഴിൽപരമായ വൈദഗ്ധ്യം വികസിപ്പിക്കുന്നതിന് റിഫ്രഷർ കോഴ്സുകൾ സഹായിച്ചിട്ടുണ്ടോ എന്ന് തിരിച്ചറിയുന്നതിന് ചോദ്യാവലി ഉപയോഗിച്ച് അധ്യാപകരിൽനിന്ന് വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്യുക. എന്നിവയാണ് ദത്ത ശേഖരണത്തിനും പഠനത്തിനും സ്വീകരിച്ചിരിക്കുന്ന മാർഗങ്ങൾ.

### 5. പരിച്ഛേദം (sample)

നാളിതുവരെ നടന്ന 45 റിഫ്രഷർ കോഴ്സുകളിൽ കാലിക്കറ്റ് സർവകലാശാല രണ്ട്, എം. ജി സർവകലാശാല രണ്ട്, കേരളസർവകലാശാല പതിമൂന്ന്. എന്നിങ്ങനെ ലഭ്യമായ 16 പരിശീലനഉള്ളടക്കവും റാൻഡം രീതിയിൽ തിരഞ്ഞെടുത്ത 20 അധ്യാപകരിൽനിന്ന് ചോദ്യാവലിയിലൂടെ ശേഖരിച്ച വിവരങ്ങളും ആണ് ഈ പഠനത്തിനുപയോഗിച്ചിരിക്കുന്നത്.

### 6. പഠനത്തിന്റെ പരിധിയും പരിമിതിയും

സേവനകാല പരിശീലനത്തിലെ ഓറിയന്റേഷൻ കോഴ്സ്, ഷോർട്ട് ടേം കോഴ്സ്, എന്നിവ പരിഗണിച്ചിട്ടില്ല. 2003 ന് മുമ്പ് കേരളസർവകലാശാലയിൽ നടന്ന 20 റിഫ്രഷർ കോഴ്സുകളുടേയും, 2011 ന് മുമ്പ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നടന്ന മൂന്ന് റിഫ്രഷർകോ

ഴ്സുകളുടേയും 2002 ന് മുമ്പ് എം. ജി സർവകലാശാലയിൽ നടന്ന അഞ്ച് റിഫ്രഷർ കോഴ്സുകളുടേയും പരിശീലനഉള്ളടക്കം ലഭ്യമാവാത്തതിനാൽ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 7. പൂർവപഠനങ്ങളുടെ വിലയിരുത്തൽ

1964-66ലെ കോത്താരി കമ്മീഷൻ ആണ് കോളേജ് / യൂണിവേഴ്സിറ്റി അധ്യാപകരുടെ സേവനകാല പരിശീലനങ്ങൾക്ക് സ്ഥിരംസംവിധാനമായി അക്കാഡമിക് സ്റ്റാഫ് കോളേജുകൾ തുടങ്ങാൻ ശിപാർശ ചെയ്യുന്നത്. [3] ബോധനരീതിശാസ്ത്രം, വിഷയജ്ഞാന നവീകരണം എന്നിവയ്ക്കുവേണ്ടിയാണ് അക്കാഡമിക് സ്റ്റാഫ് കോളേജുകളെ കമ്മീഷൻ വിഭാവനം ചെയ്തിട്ടുള്ളത്. [4] വളരെക്കാലമായി അവഗണിക്കപ്പെട്ടു കിടക്കുന്ന വിഷയമാണ് ഉന്നതവിദ്യഭ്യാസ മേഖലയിലെ ബോധന രീതിശാസ്ത്രവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. [5] മാതൃകകളോ പരിശീലനമോ ഇല്ലാതെ കലാലയത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഇടപെടേണ്ടിവരുന്ന പുതിയ അധ്യാപകർ അവസാനം തന്നെ പഠിപ്പിച്ച അധ്യാപകരെ അനുകരിക്കുകയും ഒരേ നോട്ടുകൾ തലമുറകളായി കൈമാറുകയും ചെയ്യുന്ന നിലനിൽക്കുന്ന സാഹചര്യം തീർത്തും ഒഴിവാക്കേണ്ടതാണെന്ന് കമ്മീഷൻ പറയുന്നു. [6] അക്കാഡമിക സമൂഹത്തിൽ ഉയർന്ന അംഗീകാരവും സ്വഭാവഗുണമുള്ളതും പുതിയ അംഗങ്ങളിൽ സ്വാധീനം ചെലുത്താൻ പ്രാപ്തിയുമുള്ള അധ്യാപകരെവേണം ശ്രദ്ധയോടെ പരിശീലനങ്ങൾക്കായി തിരഞ്ഞെടുക്കേണ്ടതെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. [7] അധ്യാപകർക്ക് പരിശീലനം അത്യാവശ്യമാണെന്ന് 2006-ലെ അംബാനി ബിർല കമ്മീഷനും 1919ലെ കൽക്കട്ട യൂണിവേഴ്സിറ്റി കമ്മീഷനും ആവർത്തിച്ചു പറയുന്നു. [8] ഗുണമേന്മവർധിപ്പിക്കാനും അധ്യാപകരെ നിരന്തരം പരിശീലിപ്പിക്കാനും റെഗുലേഷൻ കൊണ്ടുവരാൻ അംബാനി കമ്മീഷൻ ശിപാർശ ചെയ്യുന്നു. [9] 1992-ലെ പുതുക്കിയ ദേശീയ വിദ്യാഭ്യാസനയത്തിൽ യൂണിവേഴ്സിറ്റികൾ ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കണമെന്നും അധ്യാപകർക്ക് ഗ്രേഡിംഗിൽ പരിശീലനം നൽകണമെന്നും നിർദ്ദേശിക്കുന്നു. [10] 2016ൽ ടി. എസ്. ആർ. സുബ്രഹ്മണ്യൻ കമ്മിററിയുടെ നവവിദ്യാഭ്യാസ കരടുനയരേഖയിലും ഉന്നതവിദ്യാഭ്യസമേഖലയിലെ പഠനബോധന പ്രവർത്തന മേഖലയിൽ കുറച്ചു ഗവേഷണങ്ങൾ മാത്രമേ നടക്കുന്നുള്ളുവെന്നും അതിനുമാത്രമായി പ്രത്യേകകേന്ദ്രങ്ങൾ തന്നെ തുടങ്ങേണ്ടതുണ്ടെന്നും പറയുന്നു. അധ്യാപകവിദ്യാഭ്യാസത്തിന്റെയും പരിശീലനത്തിന്റെയും വിലയിരുത്തലിന്റെയും ഗുണമേന്മ വർധിപ്പിക്കേണ്ടത് അടിയന്തിര ആവശ്യമായി കമ്മീഷൻ പരിഗണിക്കുന്നു. നിലവാരമില്ലാത്ത അധ്യാപകവിദ്യാഭ്യാസവും പരിശീലനവും പ്രാപ്തിയും ആത്മാർത്ഥതയുമുള്ള അധ്യാപകരുടെ കുറവുമാണ് വിദ്യാഭ്യാസത്തിന്റെ നിലവാരമില്ലായ്മയ്ക്ക് കാരണമാകുന്നതെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. [11]

ഡോ. രാജൻ ഗുരുക്കൾ 'ആദ്യം മികവ് പിന്നെ സ്വയംഭരണം' എന്ന തന്റെ ലേഖനത്തിൽ യു. ജി. സി നിർദ്ദേശമനുസരിച്ചു പ്രവർത്തിക്കുന്ന അക്കാദമിക് സ്റ്റാഫ് കോളേജുകളുടെ റിഫ്രഷർ കോഴ്സുകൾക്ക് അധ്യാപകരുടെ ജ്ഞാനമണ്ഡലം നവീകരിക്കാൻ കഴിയുന്നില്ലെന്ന് അഭിപ്രായപ്പെടുന്നു (പുറം45). ഡോ. ബി. ഇക്ബാൽ, ഓട്ടോണമസ് കോളേജുകൾ സാധ്യതകളും പരിമിതികളും' എന്ന തന്റെ ലേഖനത്തിൽ. "അക്കാദമിക് സ്റ്റാഫ് കോളേജുകൾ നടത്തുന്ന റിഫ്രഷർ ഓറിയന്റേഷൻ ക്ലാസ്സുകളും കോളേജുകളിലെ ഡിപ്പാർട്ടുമെന്റുകളും സർവ്വകലാശാ

 ISSN: 2582 - 2594

ലകളും നടത്തുന്ന ദേശീയ സെമിനാറുകളും അധ്യാപകരുടെ അക്കാദമിക് വളർച്ചയുണ്ടാക്കിയിട്ടില്ല. അധ്യാപകരുടെ ബോധനസമ്പ്രദായങ്ങൾ ഉയർത്താൻ പരിശീലന പരിപാടികൾ ഒന്നുമില്ലാത്തതിനാൽ ആധുനിക അധ്യാപന രീതിശാസ്ത്രത്തിലോ സാങ്കേതികതയിലോ അധ്യാപകർക്കുള്ള അറിവ് പരിമിതമാവുകയും ചെയ്യുന്നു. വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുന്ന തരത്തിലുള്ള അക്കാദമികശേഷി പല അധ്യാപകർക്കും കുറവാമണ്". (പുറം 45) "അക്കാദമിക വിഷയങ്ങളിലും പുതിയ അധ്യാപന ബോധനരീതിയിലും ആധുനിക വിവരസാങ്കേതിക വിദ്യകൾ പ്രയോഗിക്കാൻ അധ്യാപകർക്ക് സമഗ്രപരിശീലനം കൊടുക്കുക" (പുറം 46) എന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

## 8. സേവനകാല പരിശീലനം

കോളേജദ്ധ്യാപകർക്ക് നിലവിൽ സേവനകാല പരിശീലനം നിർവഹിക്കുന്നത് യൂണിവേഴ്സിറ്റിക്കു കീഴിലുള്ള അക്കാഡമിക് സ്റ്റാഫ് കോളേജുകൾ അഥവാ ഹ്യൂമൻ റിസോഴ്സ് ഡവലപ്പ്മെന്റ് സെന്ററുകളാണ്. 86 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ആക്ഷൻ പ്ലാൻ ആണ് എ. എസ്. സി കളെ യാഥാർത്ഥ്യമാക്കിയത്. 1987 ലാണ് അക്കാഡമിക് സ്റ്റാഫ് കോളേജുകൾ നിലവിൽ വരുന്നത്. ഇന്ത്യയിൽ ആകെയുള്ള 66 അക്കാഡമിക് സ്റ്റാഫ് കോളേജുകളിൽ മൂന്നെണ്ണം കേരളത്തിലാണ് (കേരള, കാലിക്കറ്റ്, കണ്ണൂർ യൂണിവേഴ്സിറ്റികളിൽ). 1987 ൽ തന്നെ നിലവിൽ വന്ന കേരളയൂണിവേഴ്സിറ്റിയുടെ അക്കാഡമിക് സ്റ്റാഫ് കോളേജാണ് ഏറ്റവും ആദ്യത്തേത്. യു. ജി. സിയുടെ പന്ത്രണ്ടാം പദ്ധതി മാർഗ്ഗ നിർദ്ദേശമനുസരിച്ചാണ് അക്കാഡമിക് സ്റ്റാഫ് കോളേജുകളുടെ പേര് HRDC അഥവാ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ എന്നാവുന്നത്.

28 ദിവസം ദൈർഘ്യമുള്ള വിഷയ വ്യത്യാസമില്ലാത്ത ഓറിയന്റേഷൻകോഴ്സുകളും 21 ദിവസം ദൈർഘ്യമുള്ള വിഷയാധിഷ്ഠിത റിഫ്രഷർകോഴ്സുകളും ഒരാഴ്ചയോ അതിൽ കുറവോ ദൈർഘമുള്ള ഷോർട്ട് ടേം കോഴ്സുകളുമാണ് ഈ സ്ഥാപനങ്ങൾ നൽകിവരുന്നത്. ഈ പഠനം വിഷയാധിഷ്ഠിത റിഫ്രഷർ കോഴ്സുകളെ അടിസ്ഥാനമാക്കിയാണ്. കേരളത്തിൽ കണ്ണൂർ, കാലിക്കറ്റ്, കേരള യൂണിവേഴ്സിറ്റിക്കാണ് പരിശീലന സ്ഥാപനങ്ങൾ ഉള്ളത്. കണ്ണൂർ യൂണിവേഴ്സിറ്റി നാളിതുവരെ മലയാളത്തിന് റിഫ്രഷർ കോഴ്സുകൾ നടത്തിയിട്ടില്ലാത്തതിനാൽ പഠനത്തിന്റെ പരിധിയിൽ വരുന്നില്ല. കാലിക്കറ്റ്, കേരള, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റികളിലായി 45 റിഫ്രഷർ കോഴ്സുകളാണ് ഇതുവരെ നടന്നിട്ടുള്ളത്. ഇതിൽ 33 ഉം കേരള യൂണിവേഴ്സിറ്റിയിലാണ് നടന്നത്.

പട്ടിക -1

**മലയാളഭാഷാസാഹിത്യത്തിൽ നടന്ന റിഫ്രഷർകോഴ്സുകളെ സംബന്ധിച്ച വിവരം (2017 വരെയുള്ളത്)**

| യൂണിവേഴ്സിറ്റി | തിയ്യതി | ആകെ നടന്ന കോഴ്സുകൾ | പരിശീലന ഉള്ളടക്കം ലഭ്യമായത് |
|---|---|---|---|
| കാലിക്കറ്റ് സർവകലാശാല | 1993-94<br>2002-03<br>2006-07<br>2011-12<br>2017 | 5 | 2 |
| കണ്ണൂർ സർവകലാശാല | നടന്നിട്ടില്ല | - | - |
| കേരള സർവകലാശാല | 20+13<br>22/04/03-13/05/03<br>5/06/04-26/06/04<br>7/05/05-27/05/05<br>16/05/06-5/06/06<br>2/05/07-22/05/07<br>26/11/07-17/12/07<br>21/08/08-10/09/08<br>8/03/11-29/03/11<br>3/11/17-23/11/12<br>2/11/12-23/11/12<br>27/08/13-12/09/13<br>13/08/14-2/09/14<br>9/09/15-29/09/15 | 33 | 13 |
| മഹാത്മാഗാന്ധി സർവകലാശാല | 1991 (2 എണ്ണം)<br>1992<br>1995<br>2001<br>2002<br>2003 | 7 | 2 |
| ആകെ | | 45 | 17 |

## 9. മലയാളത്തിൽ നടന്ന റിഫ്രഷർ കോഴ്സുകളുടെ രീതിയും സ്വഭാവവും

2003 മുതൽ 2015 വരെ കേരള യൂണിവേഴ്സിറ്റിയിൽ നടന്ന 13 റിഫ്രഷർ കോഴ്സുകളും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ അവസാനമായി 2011, 2017 ൽ നടന്ന 2 റിഫ്രഷർ കോഴ്സിന്റെയും മഹാത്മാഗാന്ധി സർവകലാശാലയിൽ ഏറ്റവും ഒടുവിലായി നടന്ന 2002, 2003 വർഷങ്ങളിലെ റിഫ്രഷർ കോഴ്സിന്റെയും അടക്കം 17 പരിശീലന ഉള്ളടക്കങ്ങളെ ഒരുമിച്ചെടുത്ത് പരിശോധിക്കുമ്പോൾ 28 വിഷയങ്ങളായി 503 സെഷനുകൾ നടന്നതായി

 ISSN: 2582 - 2594

കാണാവുന്നതാണ്. പഠിതാക്കൾ നടത്തിയ ഡിബേറ്റ്, ചർച്ച, സെമിനാർ, പ്രോജക്ട് എന്നിവയും വിഷയ വ്യക്തതയില്ലാത്തതും ഒറ്റപ്പെട്ടതുമായ 7 സെഷനുകളും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

പട്ടിക 2

**മലയാളത്തിൽ നടന്ന റിഫ്രഷർ കോഴ്സുകളും വിഷയ മേഖലകളും സെഷനുകളുടെ എണ്ണവും**

| ക്രമനമ്പർ | വിഷയം | സെഷനുകളുടെ എണ്ണം | ശതമാനം (503)ൽ |
|---|---|---|---|
| 1 | ഗവേഷണം | 11 | 2. 2 |
| 2 | നോവൽ | 8 | 1. 6 |
| 3 | കേരള ചരിത്രം | 15 | 3 |
| 4 | വിദ്യാഭ്യാസം | 3 | 0. 6 |
| 5 | തിയറ്ററും രംഗകലകളും | 26 | 5. 2 |
| 6 | മണിപ്രവാളം | 10 | 2 |
| 7 | കവിത | 41 | 8. 1 |
| 8 | ഭാഷാശാസ്ത്രം | 26 | 5. 2 |
| 9 | സംഗീതം | 10 | 2 |
| 10 | സംസ്കാര പഠനം | 31 | 6. 1 |
| 11 | ചലച്ചിത്രം | 43 | 8. 5 |
| 12 | സർഗസംവാദം | 16 | 3. 2 |
| 13 | വിവർത്തനം | 23 | 4. 6 |
| 14 | വ്യാകരണം | 27 | 5. 4 |
| 15 | ചിത്രകല | 8 | 1. 6 |
| 16 | മാധ്യമപഠനം | 12 | 2. 4 |
| 17 | കലാപ്രദർശനം | 7 | 1. 4 |
| 18 | ഇതര കലകൾ | 4 | 0. 8 |
| 19 | സാഹിത്യംപൊതുസമീപനം | 25 | 4. 8 |
| 20 | ഫോക്‌ലോർ | 13 | 2. 6 |
| 21 | പൗരസ്ത്യ സാഹിത്യസിദ്ധാന്തം | 34 | 6. 7 |
| 22 | ചെറുകഥ | 19 | 3. 4 |
| 23 | പാശ്ചാത്യ സാഹിത്യസിദ്ധാന്തം | 45 | 8. 9 |
| 24 | വിവരസാങ്കേതികവിദ്യ | 14 | 2. 9 |
| 25 | നിരൂപണം | 22 | 4. 4 |
| 26 | പഠന, ബോധന രീതിശാസ്ത്രം | 5 | 1 |
| 27 | പരിസ്ഥിതി | 5 | 1 |
| | ആകെ | 503 | 100 |

കഴിഞ്ഞ 14 വർഷമായി നടന്ന മലയാളം റിഫ്രഷർകോഴ്സിൽ കൂടുതൽ പരിശീലനം ലഭിച്ചിരിക്കുന്നത് ചലച്ചിത്ര പഠനത്തിനാണെന്ന കാണാം, 43 സെഷനുകൾ എം. എ പാഠ്യപദ്ധതിയെ സംബന്ധിച്ചിടത്തോളം ഇത് അപ്രധാനമേഖലയാണ്. പലയിടത്തും optional പേപ്പർ ആണിത്. പാശ്ചാത്യസാഹിത്യ സിദ്ധാന്തങ്ങളാണ് മുൻഗണനയിൽ ഒന്നാമതുവരുന്നത് 45 സെഷനുകൾ. കവിത, പൗരസ്ത്യ സാഹിത്യസിദ്ധാന്തം, സംസ്കാര പഠനം, വ്യാകരണം, സാഹിത്യംപൊതുസമീപനം എന്നിവ യഥാക്രമം 41, 34, 31, 27, 25 സെഷനുകൾ എന്നനിലയിൽ തൊട്ടടുത്തുവരുന്നു. ഏറ്റവും കുറവ് പരിഗണനലഭിച്ചിട്ടുള്ളത് വിദ്യാഭ്യാസം, ഇതര കലകൾ, പഠനത്തിന്റെരീതിശാസ്ത്രം എന്നിവയ്ക്കാണ് യഥാക്രമം 3, 4, 5 സെഷനുകൾ. ഈ അളവുകൾ പ്രതിഫലിപ്പിക്കുന്നത് പരിശീലന പരിപാടിയുടെ തലകീഴായ്മയെയാണ്.

കേരളയൂണിവേഴ്സിറ്റിയുടെ പരിശീലനപരിപാടിയിൽ 2004, 2006, 2007, 2011 വർഷങ്ങളിൽ കലാപ്രദർശനങ്ങൾ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ കഥകളിയും, ക്ലാസിക്കൽ നൃത്തങ്ങളും അല്ലാതെ ഒരു കീഴാളകലയുടെ അവതരണത്തിനും അവസരം ലഭിച്ചിട്ടില്ല. അറബിമലയാളസാഹിത്യം മലയാളഭാഷയുടെ സമ്പന്നമായ ശാഖയാണ്. പാട്ടു സാഹിത്യത്തിന്റെയും മറ്റും ഭാഗമായി പാഠ്യപദ്ധതിയിലുൾപ്പെട്ടിട്ടും ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഒരു സെഷൻ പോലും നാളിതുവരെ ഉണ്ടായിട്ടില്ലെന്നത് പാഠ്യപദ്ധതിയിലെന്നപോലെ അധ്യാപകപരിശീലനത്തിന്റെ ഉള്ളടക്കനിർമ്മിതിയിലും പ്രതിഫലിക്കുന്നത് സവർണവരേണ്യതയാണ് എന്ന് വ്യക്തമാക്കുന്നു.

## 10. കാലിക്കറ്റ്, മഹാത്മാഗാന്ധി, കേരള യൂണിവേഴ്സിറ്റിയിൽ ഏറ്റവും ഒടുവിലായി നടന്ന റിഫ്രഷർ കോഴ്സുകളും എം.എ. മലയാള പാഠ്യപദ്ധതിയും

### (1) മഹാത്മാഗാന്ധി സർവ്വകലാശാല

2002, 2003 വർഷത്തിലാണ് അവസാനമായി മലയാളത്തിൽ റിഫ്രഷർ കോഴ്സുകൾ നടന്നത്. വിവിധ വിഷയത്തിലായി 2002ൽ 57 ക്ലാസ്സുകളും 2003ൽ 28 ക്ലാസുകളുമാണ് നടന്നത്. 2002ൽ ചലച്ചിത്രത്തിലും 2003ൽ വിവർത്തനത്തിനുമാണ് പരിശീലന പരിപാടിയിൽ ഊന്നൽ നൽകിയിരിക്കുന്നത്.

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പരിശീലന കാലയളവിൽ നിലവിലുണ്ടായിരുന്ന എം.എ. മലയാള പാഠ്യപദ്ധതിയിലെ 50 ഓളം പ്രധാന വിഷയമേഖലകളിൽ കേവലം 4 മേഖലകളെമാത്രമാണ് പരിശീലന പരിപാടി ഉള്ളടങ്ങുന്നത്. സംസ്കാരപഠനം ഒരു വിഷയമായി (Discipline) എം.എ. പാഠ്യപദ്ധതിയിൽ ഇടംനേടിയിട്ടില്ലാത്ത കാലത്താണ് 16 സെഷനുകൾ അഥവാ 30% അതിനായി നീക്കിവെച്ചിട്ടുള്ളത്. മൂന്ന് ഐച്ഛിക വിഷയങ്ങളിൽ ഒന്നുമാത്രമാണ് വിവർത്തനം എന്നിരിക്കെ 37% സമയം അഥവാ 20 സെഷനുകൾ അതിനായി നീക്കിവെച്ചിരിക്കുന്നു. പാഠ്യപദ്ധതിയിലിടമില്ലാത്ത ചലച്ചിത്രവുമായി ബന്ധപ്പെട്ട് 2 സെഷനുകളുണ്ട്. കവിത, നോവൽ, ചെറുകഥ എന്നിവ പരിമിതമാണെങ്കിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഉള്ളടക്കധാരണകളെ നവീകരിക്കുന്നതിന് ഈ പരിശീലനപരിപാടികൊണ്ട് നാമമാത്രമായ പ്രയോജനമേഉണ്ടാകൂ. പഠനത്തിന്റെ മനഃശാസ്ത്ര, ദാർശനിക, സാമൂഹ്യശാസ്ത്രഭൂമികകൾ ഗവേഷണം, സാഹിത്യപഠനത്തിന്റെ രീതിശാസ്ത്രം, അധ്യാപനനൈപുണികളുടെ വികാസം,

മൂല്യനിർണയം, ഐ. ടി. സാദ്ധ്യതകൾ എന്നിവ പരിശീലനത്തിന്റെ ലക്ഷ്യമേ ആകുന്നില്ല. പഠിതാക്കളുടേതായ പ്രവർത്തനങ്ങൾ ഒന്നുംതന്നെയില്ല. അവർ നിഷ്ക്രിയരായ കേൾവിക്കാർ (Passive Listeners) മാത്രമാണ്.

**(2) കാലിക്കറ്റ് സർവകലാശാല**

പട്ടിക 3

**കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ റിഫ്രഷർ കോഴ്സും സെഷനുകളും**

(2/08/17-22/08/17)

| ക്രമനമ്പർ | വിഷയം | സെഷനുകളുടെ എണ്ണം | ശതമാനം (54) |
|---|---|---|---|
| 1 | വിവരസാങ്കേതികവിദ്യ | 2 | 3. 7 |
| 2 | നിരൂപണം | 2 | 3. 7 |
| 3 | കേരള ചരിത്രം | 6 | 11. 1 |
| 4 | രംഗകല | 4 | 7. 4 |
| 5 | സംസ്കാര പഠനം | 6 | 11. 1 |
| 6 | മണിപ്രവാളം | 2 | 3. 7 |
| 7 | മലയാള കവിത | 2 | 3. 7 |
| 8 | സംഗീതം | 2 | 3. 7 |
| 9 | ഭാഷാശാസ്ത്രം | 2 | 3. 7 |
| 10 | ചലച്ചിത്രം | 4 | 7. 4 |
| 11 | സർഗസംവാദം | 2 | 3. 7 |
| 12 | വിവർത്തനം | 2 | 3. 7 |
| 13 | സാഹിത്യസിദ്ധാന്തം പൗരസ്ത്യം | 2 | 3. 7 |
| 14 | സാഹിത്യസിദ്ധാന്തം പാശ്ചാത്യം | 8 | 14. 8 |
| 15 | മാധ്യമപഠനം | 2 | 3. 7 |
| 16 | ഫോക് ലോർ | 2 | 3. 7 |
| 17 | വ്യാകരണം | 2 | 3. 7 |
| 18 | നോവൽ | 2 | 3. 7 |
| | **ആകെ** | **54** | **100** |

ഇതരയൂണിവേഴ്സിറ്റികളിൽ നിന്നും കാലിക്കറ്റ്യൂണിവേഴ്സിറ്റിയുടെതന്നെ മുൻ പാഠ്യപദ്ധതിയിൽനിന്നും വ്യത്യസ്തമായി കാലിക്കറ്റ്യൂണിവേഴ്സിറ്റി 2014 ൽ നടപ്പിലാക്കിയ പാഠ്യപദ്ധതിയിൽ നാലുസെമസ്റ്ററിലായി 16 ഐച്ഛിക വിഷയങ്ങൾ നൽകിയിരിക്കുന്നതിനാൽ ധാരാളം വിഷയമേഖലകളെ ഉൾക്കൊള്ളിക്കാൻ സാധിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇൻഫർമേഷൻടെക്നോളജിയുടെയും സൂഫി സംഗീത പാരമ്പര്യത്തിന്റെയും 2 വീതം സെഷനുകൾ ഒഴികെ 54 ൽ 50 സെഷനുകളും നിലവിലെ പാഠ്യപദ്ധതിയുമായി ബന്ധം പുലർത്തുന്നതായികാണാം. സാഹിത്യസിദ്ധാന്തങ്ങൾക്ക് നല്ല പരിഗണന ലഭിച്ചത് ഉചിതമായി.

ഗവേഷണത്തിന്റെരീതിശാസ്ത്രം, പഠനബോധനരീതിശാസ്ത്രം, അധ്യാപന നൈപുണികളുടെ വികാസം, മൂല്യനിർണ്ണയം, വിദ്യാഭ്യാസം, ഭാഷാ സാഹിത്യപഠനത്തിനുള്ള ഇൻഫർമേഷൻടെക്നോളജിയുടെ സാദ്ധ്യതകൾ, പഠന ബോധന പ്രക്രിയയുടെ ആസൂത്രണം തുടങ്ങി പ്രസക്തമായ നിരവധി ഘടകങ്ങളെ ഏറ്റവും ഒടുവിൽ നടന്ന ഈ റിഫ്രഷർ കോഴ്സും പരിഗണിക്കുന്നില്ലെന്നത് സേവനകല പരിശീലനത്തിന്റെ പോരായ്മയെ പ്രതിഫലിപ്പിക്കുന്നു. ഭാഷാസാഹിത്യപഠനവുമായി ബന്ധപ്പെട്ട ഉള്ളടക്ക ധാരണങ്ങൾ മെച്ചപ്പെടുത്തുന്നതിനപ്പുറം മനോഭാവം, നൈപുണി, തുടങ്ങിയവ പരിശീലനത്തിന്റെ ലക്ഷ്യമേ ആവുന്നില്ല. പരിശീലനം നടന്ന 2017 എന്നത് കലാലയങ്ങളിൽ ഘടനാപരമായമാറ്റങ്ങൾ നിലനിൽക്കുന്നസമയമാണ്. പഠനവും മൂല്യനിർണ്ണയവും വാർഷികരീതിയിൽനിന്നും സെമസ്റ്റർസമ്പ്രദായത്തിലേക്കും ബാഹ്യപരീക്ഷകൾക്കുപുറമേ നിരന്തരവിലയിരുത്തലിന്റെഭാഗമായ ഇന്റേണൽസ്കോറിലേക്കും മാർക്കിൽനിന്ന് ഗ്രേഡിലേക്കും മാറ്റംവന്നു. ചോയ്സ്, ക്രഡിറ്റ്, ഓപ്പൺ എന്നിങ്ങനെ പാഠ്യപദ്ധതി അയവുള്ളതാകുന്നു. പാഠ്യപദ്ധതി വിനിമയം ജ്ഞാനനിർമ്മിതിയെ ലക്ഷ്യം വെക്കണമെന്ന് വിഭാവനം ചെയ്യുന്നു. സിലബസിൽ നിന്നും പാഠ്യപദ്ധതിയിലേക്ക് വികസിക്കാൻ തുടങ്ങുന്നു. ഇങ്ങനെ അടിസ്ഥാനപരമായ മാറ്റങ്ങൾ നിലനിൽക്കുന്ന സമയത്ത് നടക്കുന്ന റിഫ്രഷർ കോഴ്സുകൾ ഈ മാറ്റങ്ങളുടെ സൈദ്ധാന്തിക അടിത്തറകളെ പരിചയപ്പെടുത്താനോ അവയെ ഉൾക്കൊള്ളാൻ മാനസികമായി തയ്യാറെടുപ്പിക്കുന്നതിനോ മാറ്റങ്ങൾ ഫലപ്രദമായി നടപ്പിലാക്കാനുള്ള നൈപുണികൾ വികസിപ്പിക്കാനോ തയ്യാറാവുന്നില്ല എന്നത് പരിശീലനപരിപാടികൾ അധ്യാപകന്റെയും ക്ലാസ്സ് മുറിയുടേയും ആവശ്യങ്ങളെ പരിഗണിക്കുന്നില്ല എന്നതിന്റെ വ്യക്തമായ തെളിവാണ്.


ISSN: 2582 - 2594

**3. കേരള സർവ്വകലാശാല**

പട്ടിക -4

**കേരള സർവ്വകലാശാലയുടെ റിഫ്രഷർ കോഴ്സും വിവിധ സെഷനുകളും**

( 9/9/2015 9/9/2015)

| ക്രമ നമ്പർ | വിഷയം | സെഷനുകളുടെ എണ്ണം | ശതമാനം |
|---|---|---|---|
| 1 | പ്രോജക്റ്റ് വർക്ക് | 7 | 14. 6 |
| 2 | മാധ്യമപഠനം | 2 | 4. 2 |
| 3 | ഭാഷാശാസ്ത്രം | 3 | 6. 2 |
| 4 | രംഗകല | 7 | 14. 6 |
| 5 | ബോധനം | 2 | 4. 2 |
| 6 | ചെറുകഥ | 4 | 8. 3 |
| 7 | ടൈംമാനേജ്മെന്റ് | 2 | 4. 2 |
| 8 | സാഹിത്യസമീപനം | 6 | 12. 5 |
| 9 | സ്ട്രെസ് മാനേജ്മെന്റ് | 2 | 4. 2 |
| 10 | സംഗീതം | 1 | 2% |
| 11 | നിരൂപണം | 2 | 4. 2 |
| 12 | അഭയാർത്ഥികൾ ഉണ്ടാവുന്നത്- പശ്ചിമേഷ്യൻ വിശകലനം | 2 | 4. 2 |
| 13 | ഫോക്‌ലോർ | 2 | 4. 2 |
| 14 | ഹെൽത്ത് | 2 | 4. 2 |
| 15 | കവിത | 2 | 4. 2 |
| 16 | ഗവേഷണം | 2 | 4. 2 |
| | **ആകെ** | **48** | **100** |

കേരളസർവ്വകലാശാലയിലെ എം.എ. മലയാള പാഠ്യപദ്ധതിയിൽ ഉൾപ്പെട്ട 38 വിഷയമേഖലകളിൽ പ്രത്യക്ഷമായോ പരോക്ഷമായോ ഗുണകരമാവുന്നത് മാധ്യമപഠനം, ഭാഷാശാസ്ത്രം, രംഗകല, ചെറുകഥ, സാഹിത്യസമീപനം, നിരൂപണം, സംഗീതം, ഫോക്‌ലോർ, കവിത, ഗവേഷണം, ബോധനം എന്നീ സെഷനുകളാണ്. സർഗാത്മതക്കൊരുപാഠ്യപദ്ധതി എന്ന സെഷൻ കാലിക്കറ്റ്, എം. ജി സർവ്വകലാശാലകളിൽ നിന്നു വ്യത്യസ്തമായി ഭാഷാസാഹിത്യപഠനത്തിന്റെ രീതിശാസ്ത്രവുമായി ബന്ധപ്പെട്ട് പരിമിതമാണെങ്കിലും പരിഗണിക്കപ്പെട്ടുവെന്നത് ശ്രദ്ധേയം. പഠിതാക്കളുടെ project work നും അതിന്റെ അവതരണത്തിനുമായി 7 സെഷനുകൾ നീക്കിവെച്ചതും ഉചിതമായി. എന്നാൽ ഭാഷാ സാഹിത്യ അധ്യാപകർ അവരുടെ

സർവ്വീസ് കാലയളവിൽ പങ്കെടുക്കുന്ന ഒന്നോ രണ്ടോ എന്ന പരിമിതവും അതിനാൽ തന്നെ പ്രധാനവുമായ റിഫ്രഷർ കോഴ്സിൽ ഒരിക്കലും പരിഗണിക്കപ്പെടേണ്ടതില്ലാത്ത സെഷനുകൾ മറ്റു യൂണിവേഴ്സിറ്റികളിലോ കേരളയൂണിവേഴ്സിറ്റിയുടെ തന്നെ മുൻകാല കോഴ്സുകളിലോ കണ്ടിട്ടില്ലാത്ത വിധത്തിലുള്ള സ്ട്രെസ് മാനേജ്മെന്റ്, ടൈംമാനേജ്മെന്റ് എന്നീ Business Topic കളും ഹെൽത്ത് & വെൽനസ്സ്, 'അഭയാർത്ഥികൾ ഉണ്ടാവുന്നത് പശ്ചിമേഷ്യൻ വിശകലനം' തുടങ്ങിയ സെഷനുകളും ഉൾപ്പെടുത്തിയിരിക്കുന്നത് സേവനകാലപരിശീനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുന്നതിന് വിഘാതമാവുന്നു. ഇൻഫർമേഷൻ ടെക്നോളജി, മലയാളം കമ്പ്യൂട്ടിംഗ് അധ്യാപന നൈപുണികളുടെ വികാസം, മൂല്യനിർണയം, പാഠാസൂത്രണം, ഭാഷാസാഹിത്യപഠനം തുടങ്ങി മുൻഗണന കൊടുക്കേണ്ട നിരവധിവിഷയങ്ങൾ 2015 ൽ ഏറ്റവും ഒടുവിലായി നടന്ന ഭാഷാധ്യാപക പരിശീലനത്തിന്റെ ഉള്ളടക്കത്തിലും ഉൾപ്പെട്ടിട്ടില്ല. പരിശീലന തന്ത്രങ്ങളിലോ പരിസീലനത്തിന്റെ ഉള്ളടക്ക വിനിമയത്തിലോ വൈവിധ്യമോ വ്യത്യസ്തതയോ ഉണ്ടാവുന്നില്ല. ക്ലാസ്സ്മുറിയിലെ എം.എ. വിദ്യാർത്ഥിയും അവന്റെ പഠനവും പ്രശ്നങ്ങളും പഠനനേട്ടവും അതുയർത്തലും സേവനകാലപരിശീനത്തിന്റെ ലക്ഷ്യമേ ആവുന്നില്ല.

## 10. അക്കാഡമിക് സ്റ്റാഫ് കോളേജിന്റെ പ്രവർത്തനത്തിന് യു. ജി. സി നിർദ്ദേശിച്ച ലക്ഷ്യങ്ങളും റിഫ്രഷർ കോഴ്സുകളും[14]

86-ലെ ദേശീയവിദ്യാഭ്യാസനയത്തിന്റെ ആക്ഷൻപ്ലാൻ ആണ് എ.എസ്.സി കളെ യാഥാർത്ഥ്യമാക്കിയത്. രീതിശാസ്ത്രത്തിലും, അധ്യാപന തന്ത്രങ്ങളിലും സവിശേഷ വിഷയങ്ങളിലും ഉള്ള ക്രമീകൃതമായ ഓറിയന്റേഷൻ വഴി അധ്യാപകരുടെ അഭിപ്രേരണാ നൈപുണികളും വിജ്ഞാനവും വളർത്താനും അങ്ങനെ ഉണ്ടാക്കിയെടുക്കുന്ന ശരിയായ രീതിയിലുള്ള മൂല്യബോധം സർഗാത്മകവും നൂതനവുമായ പുതുസംരംഭങ്ങളേറ്റെടുത്ത് ചെയ്യുന്നതിന് അവർക്ക് പ്രചോദനവും പ്രോത്സാഹനവുമാകുമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. ഈ ലക്ഷ്യത്തെ മനസ്സിൽ കണ്ടുകൊണ്ട് കമ്മീഷൻ ചുവടെ കൊടുത്ത പ്രവർത്തനങ്ങൾ പ്രഥമവും പ്രധാനവുമായി നിർദ്ദേശിക്കുന്നു.

1. സർവ്വീസിൽ പുതുതായി പ്രവേശിക്കുന്ന അധ്യാപകർക്കായി സവിശേഷമായി രൂപകൽപന ചെയ്ത അധ്യാപന രീതിശാസ്ത്രത്തിലും വിദ്യാഭ്യാസത്തിന്റെ മനഃശാസ്ത്ര, ദാർശനിക, സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ മേഖലകളിലും ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിക്കണം.

2. എല്ലാ അധ്യാപകർക്കും ഏറ്റവും ചുരുങ്ങിയത് ഓരോ മൂന്നു മുതൽ അഞ്ചുവരെയുള്ള വർഷങ്ങൾക്കിടയിലും കിട്ടത്തക്കവിധത്തിൽ ഓറിയന്റേഷൻ/റിഫ്രഷർ കോഴ്സുകൾ സംഘടിപ്പിക്കണം.

3. പുതുതായി സർവ്വീസിൽ പ്രവേശിച്ച അധ്യാപകർക്കും നിലവിലുള്ള അധ്യാപകർക്കുമായി ഇൻഫർമേഷൻ ടെക്നോളജിയിൽ സവിശേഷമായി രൂപകൽപന ചെയ്ത ഓറിയന്റേഷൻ/റിഫ്രഷർ കോഴ്സുകൾ സംഘടിപ്പിക്കണം.

4. സെമിനാർ, സിമ്പോസിയം, ശില്പശാല തുടങ്ങിയവയിൽ പങ്കെടുക്കാൻ അധ്യാപകരെ പ്രോത്സാഹിപ്പിക്കണം.

 ISSN: 2582 - 2594

**അക്കാഡമിക് സ്റ്റാഫ് കോളേജിന്റെ ലക്ഷ്യങ്ങൾ**

1. ആഗോള, ഭാരതീയ സാഹചര്യങ്ങളിൽ വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെക്കുറിച്ച് സാമാന്യവും ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ച് സവിശേഷമായും ധാരണ നേടുക.

2. ഉന്നതവിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ നേടുന്നതിന് യൂണിവേഴ്സിറ്റി/കോളേജ് തലത്തിലെ അധ്യാപനത്തിനുവേണ്ട അടിസ്ഥാന നൈപുണികൾ ആർജിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും.

3. ഇന്ത്യൻ രാഷ്ട്രീയ പശ്ചാത്തലത്തിൽ ജനാധിപത്യം, മതേതരത്വം, സാമൂഹ്യ സമത്വം എന്നിവയിലധിഷ്ഠിതമായ സമൂഹത്തിന്റെ വിദ്യാഭ്യാസത്തിന് അവരുടെ സാമ്പത്തിക, സാമൂഹിക, സാംസ്കാരികവികാസവുമായുള്ള ബന്ധത്തെക്കുറിച്ച് ധാരണ നേടുന്നതിന്.

4. അധ്യാപകരുടെ സവിശേഷ ജ്ഞാനമേഖലയിലെ പുതുവികാസങ്ങളെക്കുറിച്ച് ധാരണ നൽകുക.

5. കോളേജ് /യൂണിവേഴ്സിറ്റിയുടെ സംവിധാനം, ഘടന, ഭരണം എന്നിവ മനസ്സിലാക്കുന്നതിനും ഈ സംവിധാനത്തിനകത്തെ അധ്യാപകന്റെ പങ്കിനെക്കുറിച്ച് ധാരണ നേടുന്നതിനും.

6. വ്യക്തിത്വം, സർഗാത്മകത, നവസംരംഭകത്വം എന്നിവയുടെ വികാസത്തിനുള്ള അവസരങ്ങൾ ഉപയോഗപ്പെടുത്തുക.

7. കമ്പ്യൂട്ടർ സാക്ഷരതയും ഇന്റർനെറ്റ് വിജ്ഞാനവും വളർത്തുക.

**അക്കാഡമിക് സ്റ്റാഫ് കോളേജിന്റെ ധർമം, ദർശനം**

ഉന്നതവിദ്യാഭ്യാസത്തിലെ ബോധനത്തെസംബന്ധിച്ച പുതിയതും നൂതനവുമായ രീതിശാസ്ത്രത്തെ പരിചയപ്പെടുത്തുന്നതിലൂടെ അധ്യാപകർക്ക് തനതായ കണ്ടെത്തലുകളും ബോധനരീതികളും വികസിപ്പിക്കാൻ അവസരം നൽകുക. വിവരങ്ങൾ വിനിമയം ചെയ്യുന്നതുകൊണ്ടു മാത്രം അധ്യാപിക തൃപ്തയാവരുതെന്നത് എല്ലാവർക്കും സ്വീകാര്യമാണല്ലോ. അവൻ/അവൾ കുട്ടിയെ ജീവിതത്തിലെ വെല്ലുവിളികൾ നേരിടാൻ പ്രാപ്തനാക്കേണ്ടതാണ്. ഒരു തൊഴിൽ വിദഗ്ധനെ സൃഷ്ടിക്കാൻ മാത്രമല്ല നല്ലൊരു പൗരനെ സൃഷ്ടിക്കാൻ കൂടി.

പട്ടിക- 05

**അക്കാഡമിക് സ്റ്റാഫ് കോളേജിന്റെ ലക്ഷ്യങ്ങളും റിഫ്രഷർ കോഴ്സുകളും**

(അക്കാഡമിക് സ്റ്റാഫ് കോളേജിന്റെ പ്രവർത്തനത്തിന് യു. ജി. സി നിർദ്ദേശിച്ചത്)

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | യൂണിവേഴ്സിറ്റി | | |
|---|---|---|---|---|
| | | കേരള | എം. ജി | കാലിക്കറ്റ് |
| 1 | വിദ്യാഭ്യാസത്തിന്റെ ആഗോള സാഹചര്യം | x | x | x |
| 2 | വിദ്യാഭ്യാസത്തിന്റെ ഭാരതീയ സാഹചര്യം | x | x | x |
| 3 | ഉന്നത വിദ്യാഭ്യാസം | x | x | x |
| 4 | കോളേജ് തല അധ്യാപനത്തിനുള്ള നൈപുണി | x | x | x |
| 5 | ജനാധിപത്യ രാഷ്ട്രത്തിലെ വിദ്യാഭ്യാസവും സാമൂഹ്യപുരോഗതിയും | x | x | x |
| 6 | വിഷയ ജ്ഞാന നവീകരണം | √ | √ | √ |
| 7 | കോളേജ്/യൂണിവേഴ്സിറ്റി സംവിധാനം, ഘടന, ഭരണം | x | x | x |
| 8 | അധ്യാപകന്റെ റോൾ | x | x | x |
| 9 | വ്യക്തിത്വ വികാസം | √ | x | √ |
| 10 | സർഗാത്മകതയുടെ വികാസം | x | x | √ |
| 11 | പുതിയ പ്രവർത്തനങ്ങൾക്ക് പ്രചോദനം | x | x | x |
| 12 | കമ്പ്യൂട്ടർ സാക്ഷരത | x | x | √ |
| 13 | ഇന്റർനെറ്റ് സാക്ഷരത | x | x | x |
| | ലക്ഷ്യപ്രാപ്തി ശതമാനത്തിൽ | 15. 3% | 7. 6% | 30. 7% |

യു. ജി. സി നിർദേശിച്ച അക്കാഡമിക് സ്റ്റാഫ് കോളേജുകളുടെ പരിശീലന ലക്ഷ്യങ്ങളിൽ മൂന്നിലൊന്ന് പോലും നേടാൻ സഹായകമായ സെഷനുകൾ കേരളത്തിലെ ഒരു സർവ്വകലാശാലയുടെയും മലയാളത്തിലെ റിഫ്രഷർ കോഴ്സുകൾക്കില്ലെന്ന് പട്ടികയിൽ നിന്ന് വ്യക്തമാണ്. എം. ജി. സർവ്വകലാശാലയാണ് ലക്ഷ്യത്തിൽനിന്ന് ഏറ്റവും അകന്നു നിൽക്കുന്നത്.

## 11. കണ്ടെത്തലുകൾ, നിഗമനങ്ങൾ

❖ മലയാളം റിഫ്രഷർ കോഴ്സിൽ ഏറ്റവും കൂടുതൽ പരിഗണന ലഭിച്ചിരിക്കുന്നത് എം.എ. പാഠ്യപദ്ധതിയിൽ അപ്രധാനമായ ചലച്ചിത്രത്തിനാണ്. ആകെ നടന്ന 410 സെഷനുകളിൽ 39 സെഷനുകൾ ചലച്ചിത്രവുമായി ബന്ധപ്പെട്ടതാണ്. രണ്ടാ


ISSN: 2582 - 2594

മതായി കൂടുതൽ പരിഗണന ലഭിച്ചിരിക്കുന്നത് പാശ്ചാത്യസാഹിത്യ സിദ്ധാന്തങ്ങൾക്കാണ് 37 സെഷനുകൾ നൽകിയിട്ടുണ്ട്. വ്യാകരണം, സംസ്കാരപഠനം, പൊതുസാഹിത്യസമീപനം, എന്നിവയാണ് മൂന്നാമത്തെ പരിഗണനാമേഖല 25 സെഷനുകൾ വീതം നൽകിയിരിക്കുന്നു. ഏറ്റവും കുറവ് പരിഗണന ലഭിച്ചിരിക്കുന്നത്. വിദ്യാഭ്യാസം, ഇതരകലകൾ, പഠനത്തിന്റെ രീതിശാസ്ത്രം എന്നീ വിഷയമേഖലകൾക്കാണ് യഥാക്രമം 3, 4, 5 സെഷനുകൾ.

- ❖ പരിശീലനത്തിന്റെ ഭാഗമായി നടക്കാറുള്ള പ്രദർശനകലകളിൽ കഥകളിയും ക്ലാസിക് നൃത്തങ്ങളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കീഴാളകലകൾക്ക് പ്രവേശനം ലഭിച്ചിട്ടില്ല.
- ❖ ബി.എ., എം.എ. പാഠ്യപദ്ധതിയിൽ ഉൾപ്പെട്ടിട്ടും സമ്പന്നമായ അറബിമലയാള സാഹിത്യത്തിന് ഏതെങ്കിലും യൂണിവേഴ്സിറ്റി ഒരു സെഷൻ പോലും നൽകിയിട്ടില്ലെന്നത് പരിശീലനപരിപാടിയുടെ ഉള്ളടക്കനിർമ്മിതിയിലെ സവർണ്ണ വരേണ്യതയാണ് പ്രതിഫലിപ്പിക്കുന്നത്.
- ❖ കേരള, കാലിക്കറ്റ്, എം.ജി. യൂണിവേഴിസിറ്റികളുടെ പരിശീലനങ്ങൾക്ക് പരിശീലനകാലത്തെ എം.എ. പാഠ്യപദ്ധതിയുമായി ഭാഗികമായ ബന്ധം മാത്രമേയുള്ളൂ.
- ❖ പരിശീലന ആസൂത്രണം, പരിശീലന ലക്ഷ്യം, ഉള്ളടക്ക നിർണ്ണയം, വിനിമയം, മൂല്യനിർണ്ണയം എന്നിവയെ സംബന്ധിച്ചിടത്തോളം പരിശീലനപരിപാടികൾക്ക് സ്ഥിരം ഘടനയും പരമ്പരാഗത രീതിയും സ്വാഭാവവുമാണുള്ളത്. പരിശീലനം അനുഭവാധിഷ്ഠിതമോ പങ്കാളിത്തസ്വഭാവമുള്ളതോ അല്ല.
- ❖ ഉന്നത വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാനപരവും ഘടനാപരവുമായ മാറ്റങ്ങളെ ഉൾക്കൊള്ളാനോ, മാറ്റങ്ങളെ ഉൾക്കൊള്ളാനും, ഫലപ്രദമായി ഇടപെടാനും അധ്യാപകരെ പ്രാപ്തരാക്കുന്നതിനോ റിഫ്രഷർ കോഴ്സുകൾക്ക് സാധിക്കുന്നില്ല. വാർഷിക മൂല്യനിർണ്ണയത്തിൽ നിന്നും സെമസ്റ്റർ സംവിധാനത്തിലേക്കും മാർക്കിൽ നിന്നും ഗ്രേഡിംഗിലേക്കും ഇന്റേണൽ പരീക്ഷയെന്ന നിരന്തര വിലയിരുത്തലിലേക്കും യൂണിറ്റിൽ നിന്ന് മൊഡ്യൂളിലേക്കും സിലബസിൽ നിന്ന് പാഠ്യപദ്ധതിയിലേക്കും ഉന്നതവിദ്യാഭ്യാസം മാറിയത് HRDC കൾ അറിയുന്നില്ല.
- ❖ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉന്നതവിദ്യഭ്യാസ വകുപ്പ് നടപ്പിലാക്കികൊണ്ടിരിക്കുന്ന WWS, SSP, ASAP തുടങ്ങിയ നവസംരംഭങ്ങളെ പരിചയപ്പെടുത്താനോ ഉൾക്കാഴ്ച നൽകാനോ പരിശീലനം ശ്രമിക്കുന്നില്ല.
- ❖ ഭാഷാസാഹിത്യവുമായി ബന്ധപ്പെട്ട അറിവിന്റെ വിനിമയത്തിനപ്പുറം പാഠാസൂത്രണം, അധ്യാപനം, ഭാഷാപഠന ക്ലാസ്സ്മുറി, പഠനനേട്ടം, മൂല്യനിർണയം, മനോഭാവരൂപീകരണം എന്നിവ പരിശീലന പരിപാടിയുടെ ലക്ഷ്യമായി വരുന്നില്ല.
- ❖ മലയാള ഭാഷാസാഹിത്യപഠനത്തിന്റെ പരിശീലനത്തിൽ പരിഗണിക്കേണ്ടതില്ലാത്ത Stress – Management, Time – Management തുടങ്ങിയ Bussiness topic കൾ ഏറ്റവും ഒടുവിൽ (2015) കേരളയൂണിവേഴ്സിറ്റിയിൽ നടന്ന റിഫ്രഷർകോഴ്സിൽ

ഉൾപ്പെട്ടതായി കാണുന്നു. ഇത്തരം പ്രവണതകൾ പരിശീനത്തിന്റെ നിലവാരത്ത കർച്ചയ്ക്ക് കാരണമാകും.

❖ കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെ ശിപാർശയിൽ നിന്നും 1986 ലെ പുതിയ വിദ്യാഭ്യാസനയത്തിന്റെ പ്രവർത്തന പദ്ധതിയിൽ നിന്നും അക്കാഡമിക് സ്റ്റാഫ് കോളേജിന്റെ പ്രവർത്തനത്തിന് UGC നിർദ്ദേശിച്ച ലക്ഷ്യങ്ങളിൽ നിന്നു തന്നെയും വളരെ അകന്ന് കേവലമായ വിവരവിനിമയ അല്ലെങ്കിൽ ജ്ഞാനവിതരണ സ്ഥാപനമായാണ് എച്ച്. ആർ. ഡി. സി. കൾ പ്രവർത്തിക്കുന്നത്.

## 12. ഉപസംഹാരം

ഉന്നതവിദ്യാഭ്യാസമേഖലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി ചിട്ടപ്പെടുത്തിയതോ അധ്യാപകന്റെ തൊഴിൽപരമായ വൈദഗ്ധ്യത്തിന് ഊന്നൽകൊടുക്കുന്നതോ ക്ലാസ്സുറിയിൽ ഫലപ്രദമായ പഠനബോധനപ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതോ അല്ല നിലവിൽ എച്ച്. ആർ. ഡി. സി / എ. എസ്. സി -യിലൂടെ നല്കിവരുന്ന കോഴ്സുകൾ. പരിശീലനാവശ്യങ്ങൾ നിർണയിക്കുന്നതിന് പഠനമോ മറ്റെന്തെങ്കിലും സംവിധാനമോ ഈ സ്ഥാപനങ്ങൾ നിർവഹിക്കുന്നില്ല യു. ജി.സി-യുടെ ദുർബലമായ ചില പൊതുനിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നതും കൃത്യമായ അക്കാദമിക് മോണിറ്ററിംഗിനോ വിലയിരുത്തലിനോ വിധേയമാകാത്തതുമായ സ്ഥാപനങ്ങളാണിവ. ഒരു പരിശീലനസ്ഥാപനം എന്നു വിളിക്കാൻ കഴിയാത്തവിധം ഇവ വിവരവിനിമയ അഥവാ ജ്ഞാനവിതരണ സ്ഥാപനം മാത്രമായി ചുരുങ്ങിയിരിക്കുന്നു. ഓരോ വിഷയത്തിലും പാണ്ഡിത്യമുള്ള അധ്യാപകരുടെ ലക്ചർ ക്ലാസുകളാണ് ഇവിടെ നടക്കുന്നത്. ധാരാളംപേർ ലക്ചറിംഗ് സുഗമമാക്കാൻ PPT യും ഉപയോഗിക്കുന്നുണ്ട്. അധ്യാപകന് ധാരാളം വിവരങ്ങൾ (Information) ലഭിക്കുവാനും വൈജ്ഞാനിക മണ്ഡലത്തെ വികസിപ്പിക്കാനും സഹായകമാവുന്നുണ്ടെന്നല്ലാതെ അഭിലഷണീയമായ മനോഭാവമുണ്ടാക്കാനോ തൊഴിൽപരമായ നൈപുണികൾ വികസിപ്പിക്കാനോ കോഴ്സുകൾ പര്യാപ്തമാകുന്നില്ല. ഉദ്ദേശ്യാധിഷ്ഠിതവും പ്രക്രിയാധിഷ്ഠിതവുമായ പരിശീലന മൊഡ്യൂളുകൾ ഇത്തരം സ്ഥപനങ്ങൾക്കില്ല. ഉള്ളത് വിഷയങ്ങളേയും വിദഗ്ധരേയും കുത്തിനിറച്ച പാക്കേജുകളാണ്. കോഴ്സിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ട അഡൽറ്റ് സൈക്കോളജി, കൗൺസിലിംഗ്, ഗൈഡൻസ്, പഠനത്തെയും ബോധനത്തെയും സംബന്ധിച്ച സിദ്ധാന്തങ്ങളും അവയുടെ പ്രയോഗവും, വിദ്യാഭ്യാസത്തിന്റെ ദാർശനിക, സാമൂഹികശാസ്ത്ര ഭൂമിക, ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ച, സർവീസ് നിയമങ്ങൾ, മൂല്യനിർണ്ണയം - സിദ്ധാന്തവും പ്രയോഗവും തുടങ്ങിയ ഊന്നൽ മേഖലകൾ തീർത്തും അവഗണിക്കപ്പെട്ടിരിക്കുന്നു. ബി.എ./എം.എ. പാഠ്യപദ്ധതിയിലെ വിഷമകരമായ ഘടകങ്ങൾ (Hard spots) അധ്യാപകൻ ക്ലാസ് മുറിയിൽ നേരിടുന്ന പ്രശ്നങ്ങൾ, അവ മറികടക്കുന്നതിനുള്ള തന്ത്രങ്ങൾ, കുട്ടിയുടെ പഠനനിലവാരം ഉയർത്തുന്നതിനും താൽപര്യം വളർത്തുന്നതിനുമുള്ള മാർഗങ്ങൾ എന്നിവയൊന്നും പരിശീലനത്തിന്റെ ഉള്ളടക്കം രൂപപ്പെടുത്തുന്നതിൽ മാനദണ്ഡമേയല്ല. ഉന്നത വിദ്യാഭ്യാസമേഖലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി ഭാഷാസാഹിത്യപഠനത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്താൻ കഴിയുന്ന വിധത്തിൽ വിദഗ്ധരായ അധ്യാപകരെ രൂപപ്പെടുത്താൻ സാധിക്കുന്ന വിധത്തിൽ സേവനകാലപരിശീലനങ്ങളെ ഉടച്ചുവാർക്കേണ്ടതുണ്ട്.


ISSN: 2582 - 2594

## കുറിപ്പുകൾ

1. 'The destination of India is now being shaped in her classrooms' (P. 01). Report of the Education Commission 1964-66, Ministry of Education, Govt. of India.
2. 'അങ്ങനെ വിദ്യാഭ്യാസം ഒരു നിക്ഷേപപ്രക്രിയയായിത്തീരുന്നു. വിദ്യാർത്ഥികൾ കലവറകളും അധ്യാപകർ നിക്ഷേപകരുമാണിതിൽ. ആശയവനിമയം നടത്തുന്നതിനുപകരം അധ്യാപകൻ ചില പ്രസ്താവനകളിറക്കുകയും നിക്ഷേപങ്ങൾ നടത്തുകയും ചെയ്യുന്നു. വിദ്യാർത്ഥികൾ അവയെ ക്ഷമയോടെ സ്വീകരിച്ച് ഓർത്തുവെച്ച് ആവർത്തിക്കുന്നു. ഇതാണ് വിദ്യാഭ്യാസത്തിന്റെ ബാങ്കിംഗ് സങ്കല്പം. "(പുറം 43 ) പൗലോഫ്രെയർ. മർദ്ദിതരുടെ ബോധനശാസ്ത്രം, മൈത്രീബുക്സ്: തിരുവനന്തപുരം. 2006.
3. 'It may be possible, in the bigger universities or a group of universities, to place these activities on a permanent and continuing basis by establishing something like a staff college where teachers from all affiliated and constituent colleges as well as the university will be brought together for organization discussions, seminars, workshops etc (P. 87). Report of the Education Commission 1964-66, Ministry of Education, Govt. of India.
4. 'To facilitate discussion of the issues which teachers have to face objective of education, methods of teaching, enrichment of subject matter etc'. (P. 87). ibid.
5. 'The problem of teaching methods in higher education has been a relating neglected subject in India so far. We recommend that it any be examined by the UGC through a special committee appointed for the purpose......such studies will be of great use in organizing the orientation courses for Junior lectures which we have recommended. (P 290). ibid.
6. 'Every university and, where possible every college should have regular orientation courses organized for a few weeks early in the session in which some new and some older teachers participate. The best teachers of the institution as well as some distinguished teachers from outside should discuss with them the outstanding problems of teaching research and 'There is at present no provision for the professional institution of a university teacher. A lecturer is generally expected to take on his full load of teaching work and sometimes even more-from the first day of is appointment. He generally receives no institution into his duties and no orientation to his profession. He is given no time for adaptation and no chance to watch the good senior teachers taking their classes. He has no prescribed opportunity to study the syllabus, plan lectures, consult the head of his department or other senior colleagues about them, or to study the technique of seminars and tutorial classes. He even lacks at times the knowledge of the mechanics of his profession and does not know how to set question papers or to mark answer books. In this atmosphere of almost total neglect, the new teacher is content to copy mechanically the methods and inflict them on his students. Thus by and large the dull pointless tradition of 'giving lecturers' and dictating notes has passed on from generation to generation. The incalculable loss involved in this unimaginative approach can and should be avoided'. . ibid.
7. ....... Care should be taken to associated with these courses only such persons as enjoy high reputation in the academic community for their scholarship and character and are likely to exercise a beneficial influence on new members. . ibid.
8. 'One of the important reforms needed in higher education is to improve teaching and evaluation. The existing conditions in this regard are extremely unhappy. Most of the teaching, till

comparatively, recently has been dominated by a syllabus which is many years out of date'. (P 286). ibid.

........ a change in the character of teaching to discourage cramming drastically and to stimulate curiosity, problem solving ability and originality. . ibid.

9. Bring about regulations for continuous teacher training and quality upgradation(page, 4). Report on a policy framework for reforms in education, Primeminister's council on trade and industry. Govt. of India. newdelhi april, 2000. Quated from Journal of Indian school of political economy. (oct-Dec, 2003).

10. New Education Policy, 1992.

11. 'Another dimension of the problem is that there is little research on teaching learning in higher education in India. There is a need for establishing special centres, either in existing university departments or as bseparate institutions or academies, in order to promote research in various aspects of teaching-learning process in the higher education sector. These centres should promote research on pedagogical practices, provide professional support to promote the development of teaching skills, encourage the use of modern technology, evolve methods to assess quality of teaching and learning, develop instruments to measure teaching effectiveness and create feedback mechanisms for sharing the results of studies on teaching effectiveness. (page 124, Pera. 7. 1. 18. )

    There is an urgent need to focus on improving the quality of teacher education and training. (page169, pera, 9. 1. 6. ).

    NEP seeks to create conditions to improve the quality of teaching, learning and assessment(page169, pera, 9. 1. 7. ).

    Lack of competent and committed teachers, resulting in poor quality of education. (page170, pera, 9. 4. 2. (v)).

    National Policy on Education 2016, Ministry of Human Resource Development. Government of India, 2016.

12, 13. The National Policy on Education (NPE) 1986 in its programme of action makes a pointed reference to the crucial link between teacher motivation and the quality of education. The NPE recognised the need for improving the status of the teacher and proposed to provide opportunities for professional and career development so that teachers may fulfil their role and responsibility within the system of higher education. It was proposed to enhance their motivation skills and knowledge through systematic orientation in specific subjects, techniques and methodologies, and thereby inculcate in them the right kind of values that would in turn encourage them to take initiatives for innovative and creative work.

Keeping the above objectives in view, the following steps were proposed:

a) to organise specially designed orientation programmes in pedagogy, educational psychology and philosophy, and socio-economic and political concerns for all new entrants at the level of lecturers;

b) to organise such programmes (orientation/refresher courses) for serving teachers, covering every teacher at least once in three to five years;

c) to organise specially designed orientation programmes/refresher courses in IT for new


ISSN: 2582 - 2594

entrants as well as for in-service teachers; and

d) to encourage teachers to participate in seminars, symposia, workshops, etc.

**OBJECTIVES**

Objectives of the Academic Staff College

The objectives of the Academic Staff College are to enable (newly appointed) lecturers to:

a) understand the significance of education in general, and higher education in particular, in the global and Indian contexts;

b) understand the linkages between education and economic and socio-economic and culturaldevelopment, with particular reference to the Indian polity where democracy, secularism and social equity are the basic tenets of society

c) acquire and improve basic skills of teaching at the college/university level to achieve goals of higher education;

d) keep abreast of the latest developments in their specific subjects;

e) understand the organisation and management of a college/university and to perceive the role of teachers in the total system;

f) utilise opportunities for development of personality, initiative and creativity; and

g) promote computer literacy as well as Internet knowledge.

**Philosophy**

The ASC's main philosophy is to keep in mind that the teacher is central to the system. While it is universally accepted that the teacher is the pivot of the educational system, our system does not provide adequate opportunities for their professional development. It is, therefore, necessary to develop inbuilt mechanisms to provide opportunities for teachers within the framework of knowledge society. It is also accepted that a teacher must not be confined only to transmitting information, she/he must also orient students to meet the challenges of life, to not merely become a trained professional, but also a better citizen.

1. (UGC guidelines for Academic Staff Colleges, Page1&2)

## റഫറൻസ്


1. യു. ജി. സി അക്കാദമിക് സ്റ്റാഫ് കോളേജ് കാലിക്കറ്റ് യൂണിവേഴ്സിറ്റി, പരിശീലന ഉള്ളടക്കം റിഫ്രഷർ കോഴ്സ് 9/6/2011 മുതൽ 29/6/2011 വരെ.
2. കാലിക്കറ്റ് യൂണിവേഴ്സിറ്റി, എം. എ മലയാളം പാഠ്യപദ്ധതി 2010.
3. എം. ജി യൂണിവേഴ്സിറ്റി അക്കാഡമിക് സ്റ്റാഫ് കോളേജ് റിഫ്രഷർകോഴ്സ് 2002 പരിശീലന ഉള്ളടക്കം.
4. എം. ജി. യൂണിവേഴ്സിറ്റി, അക്കാഡമിക് സ്റ്റാഫ്കോളേജ്, റിഫ്രഷർ കോഴ്സ് 2003-പരിശീലന ഉള്ളടക്കം.
5. എം. ജി. യൂണിവേഴ്സിറ്റി എം. എ മലയാളം പാഠ്യപദ്ധതി 2010.
6. കേരളയൂണിവേഴ്സിറ്റി, യു. ജി. സി അക്കാഡമിക് സ്റ്റാഫ് കോളേജ്, റിഫ്രഷർ കോഴ്സ് മലയാളം പരിശീലന ഉള്ളടക്കം 2003-2015 വരെയുള്ളത്.

7. ഗോകുൽ ദാസപിള്ള സി: ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ നാഴികക്കല്ലുകൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ; തിരുവനന്തപുരം. 2016.
8. രാജൻ ഗുരുക്കൾ; 'ആദ്യം മികവ് പിന്നെ സ്വയംഭരണം'. രാജൻ വറുഗീസ് (എഡിറ്റർ) അജ്ഞ കെ നാരായണൻ (എഡിറ്റർ) സ്വയംഭരണ കോളേജ് സങ്കല്പം യാഥാർത്ഥ്യം.
9. ഇക്ബാൽ ബ. 1, ഓട്ടോണമസ് കോളേജുകൾ സാധ്യതകളും പരിമിതികളും'. രാജൻ വറുഗീസ് (എഡിറ്റർ) അജ്ഞ കെ നാരായണൻ9 (എഡിറ്റർ) സ്വയംഭരണ കോളേജ് സങ്കല്പം യാഥാർത്ഥ്യം.
10. Report of the Education Commission 1964-66, Ministry of Education, Govt. of India.
11. Report on a policy framework for reforms in education, Primeminister's council on trade and industry. Govt. of India. newdelhi april, 2000. Journal of Indian school of political economy. (oct-Dec, 2003).
12. National policy on Education 1986, as modified in 1992, Govt. of India, Newdelhi. 1998.
13. National Knowledge Commission report to the nation 2006, Govt. of India, Newdelhi.
14. National Knowledge Commission report to the nation 2007, Govt. of India, Newdelhi.
15. Report on a policy framework for reforms in education, Prime minister's council on trade and industry Government of India, Newdelhi. April 2000. Vol. T5 No. 4.



ISSN: 2582 - 2594

## PANEL OF EXTERNAL PEER REVIEWERS

**Dr. Ganga Devi M.**
Asst.Professor,
Department of Malayalam,
Govt. College for Women,
Thiruvananthapuram

**Dr. Nimmy A.P.**
Assistant Professor
Dept. of Malayalam,
Govt. Arts and Science College,
Calicut.

**Dr. Shereena Rani**
Assistant Professor,
Dept. of Malayalam,
Govt College for women,
Thiruvananthapuram.

**Dr. Krishna Aravind**
Assistant Professor,
Dept. of Malayalam,
PM Govt. College,
Chalakudy.

Vol. 3 No. 2 July 2020

ISSN 2582-2594

RNI No. KERMUL/2018/77513

www.akgct.org

Printed by **K.K. DAMODARAN** and published by **K.K. DAMODARAN**
and owned by **Association of Kerala Government College Teachers**
and printed at **Akshara Offset,** Vanchiyoor, Thiruvananthapuram 35 and published
at AKGCT Bhavan, Panavila Jn., Thiruvananthapuram - 695014, Kerala.
Ph: 8848295637, E-mail: akgctresearchjournal@gmail.com
Web: www.akgct.org